2008 ജൂലൈ
വഫാ 1386
1429 ജ. ആഖിർ - റജബ്
പുസ്തകം 80 ലക്കം 6
വരിസംഖ്യ - 150 ക.
ഒറ്റപ്രതി - 15 ക.

സ്ഥാപിതം 1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

4 യുഗശബ്ദം

5 മുഖക്കുറിപ്പ്

**ലേഖനം**

6 ദൈവം: സർവ്വൈകദാതാവ്
ഹദ്റത്ത് അഹ്മദ് (അ)

8 തേനീച്ച : സൃഷ്ടിവൈഭവത്തിന്റെ അത്ഭുതദൃഷ്ടാന്തം
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

14 മതവൈവിധ്യങ്ങൾ എന്തുകൊണ്ട്? മതങ്ങൾക്ക് എങ്ങിനെ ഐക്യപ്പെടാം?
എ. എം .മുഹമ്മദ് സലിം

20 അഹ്മദിയ്യാ ഖിലാഫത്തിന് 100
പി.വി. അഹ്മദ് കോയ

21 സർവ്വമതസമ്മേളനങ്ങൾ : അവലംബിക്കേണ്ട മാർഗരേഖ
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

22 ആകാശവും ഭൂമിയും വേദഗ്രന്ഥ സൂചനകളിലൂടെ
എ. ക്യു. മഹ്ദി

25 പീഢനങ്ങൾക്ക് നടുവിലും സമാധാനം പ്രബോധിക്കുന്ന ഖലീഫ
കാർലോ പവർ

28 തോമസ് ജെഫേർസൻ: ഏകദൈവ വിശ്വാസിയായിരുന്നുവോ?
സിയാ എച്ച്. ഷാ, എം.ഡി., യു.എസ്.എ.

33 ഹദ്റത്ത് അഹ്മദ് (അ)ന്റെ ചില യാത്രാനുഭവങ്ങൾ
എ. ക്യു. മഹ്ദി

36 ആകാശ നിരീക്ഷണവും ഇസ്‌ലാമിക ലോകവും
സക്കറിയ

**കുറിപ്പുകൾ**

38 പാഠപുസ്തകവിവാദം

42 അനുസ്മരണം

ചീഫ് എഡിറ്റർ : മുഹമ്മദ് അയ്യൂബ്, Mob: 9895308227
എഡിറ്റർ : ഏ. എം. മുഹമ്മദ് സലിം, Mob: 9895263384
മാനേജർ : അഹ്മദ് ഹസ്സൻ, Mob: 9446482108

അസി. മാനേജർ
കെ.എം. അഹമ്മദ് കോയ

സർക്കുലേഷൻ മാനേജർ
എസ്. മുഹമ്മദ് സലിം

എഡിറ്റോറിയൽ ബോർഡ്
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

*വിലാസം*
സത്യദൂതൻ, ജി.എച്ച്.റോഡ്, കോഴിക്കോട്.
ഫോൺ : 0495 (Mob.) 95495 (Land) } 6520733
ഫാക്സ് : 0495 - 2721609
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

2008 July

Regd. No: 3337/75, Postal Regn. No: KL/CT/108/2006-08. Estd. 1925.
Licensed to post without pre-payment. Licence No: CT/WPP/25/2006-08
THE SATHYADOOTHAN MONTHLY

Vol. L XXX No . 6
Price Rs. 15/-


# ഖുർആനിൽ നിന്ന്

അവരുടെ കൂടിയാലോചനയിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമ്മം ചെയ്യുന്നതിലോ നല്ല കാര്യങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടേതൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തിയന്വേഷിച്ചുകൊണ്ട് ആരെങ്കിലും അങ്ങനെ ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. (4:115)

# നബിവചനം

അനസ് (റ)ൽ നിന്നും നിവേദനം: തിരുമേനി അരുളി: 'മൂന്നു ഗുണങ്ങൾ ഒരാളിലുണ്ടെങ്കിൽ സത്യവിശ്വാസത്തിന്റെ മാധുര്യം അവനനുഭവപ്പെടും. (1) മറ്റെല്ലാവരോടുമുള്ളതിനേക്കാൾ കൂടുതലായി അല്ലാഹുവിനോടും അവന്റെ ദൂതനോടും പ്രേമമുണ്ടായിരിക്കുക (2) മനുഷ്യനെ സ്നേഹിക്കുക. അത് അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചുകൊണ്ടുമാത്രമായിരിക്കുക. (3) നരകത്തിൽ ഇടപ്പെടുന്നത് വെറുക്കുന്നത്പോലെ അസത്യത്തിലേക്ക് മടങ്ങുന്നതിൽ വെറുപ്പ് തോന്നുക (ബുഖാരി).

**യുഗശബ്ദം**



# അഭിപ്രായഭേദം മൈത്രിക്കെതിരല്ല

## വാഗ്ദത്ത മസീഹ് (അ)

മതപരമായ അഭിപ്രായവൈപരീത്യങ്ങൾ മൂലം വിവിധ സമുദായാംഗങ്ങൾക്കിടയിലുള്ള സൗഹാർദ്ദഭാവത്തിന്നു പ്രതിബന്ധമായിത്തീരുന്ന ഭിന്നതാബീജങ്ങൾ ദിനേന വളർന്നുകൊണ്ടുപോകുമ്പോൾ പരസ്പരം മൈത്രി എങ്ങനെ സാദ്ധ്യമാകും എന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിന്നു ഞാൻ ഇവിടെ സമാധാനം പറഞ്ഞുകൊള്ളട്ടെ. യഥാർത്ഥത്തിൽ, മതപരമായ വൈപരീത്യം യുക്തിയെയും നീതിബോധത്തെയും അനുഭവജ്ഞാനത്തെയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരിക്കേണ്ടതാകുന്നു. മനുഷ്യൻ വിവേകബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത്, അവൻ യുക്തിക്കും നീതിബോധത്തിനും നിരക്കാത്തതും അനുഭവജ്ഞാനത്തിനു എതിരായതുമായ യാതൊന്നും കൈകൊള്ളാതിരിക്കേണ്ടതിന്നു തന്നെയാണ്. ഈ വസ്തുത ഗ്രഹിക്കുന്നതായാൽ, ലഘുതരമായ അഭിപ്രായഭേദങ്ങളൊന്നും മൈത്രിക്ക് തടസ്സമാവുകയില്ലെന്നു ബോധ്യപ്പെടുന്നതാണ്.

***(മൈത്രീ സന്ദേശം)***

## മുഖക്കുറിപ്പ്

# മൈത്രീ സന്ദേശം

ഹിന്ദു മുസ്‌ലിം ഐക്യത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട മതപരവും സാമൂഹികവുമായ മാനങ്ങളുള്ള അസാധാരണമായ ഒരു കൊച്ചുകൃതിയുടെ ശതാബ്ദി വർഷമാണിത്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) മരണശയ്യയിൽ വെച്ച് രചിച്ച 'പൈഗാമെ സുൽഹ്' അഥവാ 'മൈത്രീസന്ദേശം' എന്നാണ് ആ കൊച്ചു പുസ്തകത്തിന്റെ പേര്. 1908 ജൂൺ 21ന് ലാഹോർ യൂണിവേഴ്സിറ്റി ഹാളിൽ ഒരു യോഗം വിളിച്ചുകൂട്ടി. വിളംബരം ചെയ്യാനുദ്ദേശിച്ച ഈ ശാന്തിദൂത് അക്ഷരസാക്ഷാത്കാരം നേടിയെങ്കിലും വാഗ്ദത്ത മസീഹിന്റെ തിരുവദനത്തിൽ നിന്നും അത് വചിക്കപ്പെടുന്നതിന് മുമ്പായി ആ ദിവ്യാത്മാവ് ശരീരപഞ്ജരം വിട്ട് തന്റെ നാഥന്റെ സവിധത്തിലേക്ക് യാത്രയായി. വിധികല്പിതമായ തന്റെ മരണശയ്യയെ വാഗ്ദത്ത മസീഹ് സമാധാന ദൗത്യത്തിന്റെ അനശ്വരമായ ഒരു മിഹ്റാബാക്കുകയായിരുന്നു.

മതവൈവിധ്യങ്ങളുടെ നാനാ നാദങ്ങൾകൊണ്ട് ശ്രുതിസമഞ്ജസമായ മധുരസംഗീതം പൊഴിക്കേണ്ടതിന് പകരം ഈ പുണ്യഭൂമിയിൽ മതങ്ങൾ മുഴക്കിയത് കലാപത്തിന്റെ രണഭേരിയായിരുന്നു. വാഗ്ദത്ത മസീഹിനെ ഇത് മരണശയ്യയിൽ പോലും നൊമ്പരപ്പെടുത്തി. ഒരു ദൈവപ്രേഷിതന്റെ ഹൃദയകാലുഷ്യങ്ങൾ ദൈവസന്നിധിയിൽ ഉരുക്കയിച്ച് വിലാപങ്ങളായുയർന്നപ്പോൾ ആ മഹാത്മവിന്റെ ഹൃദയ സരോവരത്തിൽ നിന്നും ഒരു ചിന്താപ്രവാഹം ഉരുവം കൊള്ളുകയായിരുന്നു. മതങ്ങളുടെ പ്രാമാണിക നിലപാടുകളിൽ നിന്നുകൊണ്ട് മനുഷ്യാത്മാവിനോടു നടത്തിയ ഹൃദയനിർഭരമായ നിവേദനമായിരുന്നു 'മൈത്രീസന്ദേശം'

മതമൈത്രിയെ പറ്റി പറഞ്ഞ രാഷ്ട്രീയ ഗുരുക്കന്മാരുടെ പൊള്ളയായ നയതന്ത്രഭാഷ വാഗ്ദത്ത മസീഹിന് അന്യമായിരുന്നു. ധാർമ്മികയുക്തിയുടെ ആർജ്ജവമുള്ള ആ ദിവ്യാക്ഷരികൾ വജ്രസൂചി പോലെ മനുഷ്യാത്മാവിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ്. ബഹുസ്വരതയുള്ള ഭാരതീയ സമൂഹത്തിലെ കലുഷിതമായ മതാന്തരീക്ഷത്തിൽ മതകീയമായ മാനവൈക്യത്തിന്റെ ദൈവ പ്രചോദിതമായ മാർഗ്ഗരേഖയാണ് വാഗ്ദത്ത് മസീഹിന്റെ മൈത്രീസന്ദേശം. അദ്ദേഹം എഴുതി.

'പ്രിയസുഹൃത്തുക്കളെ പരലോകകാര്യം മിക്ക ജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം, സർവ്വോപരി മഹത്വമേറിയ ആ സത്തക്ക് വേണ്ടി ആത്മാർപ്പണം ചെയ്യുകയും മരണം വരുന്നതിനുമുമ്പായി മരണത്തെ വരിക്കുകയും ചെയ്യുന്നവർക്ക് മാത്രമാണ് വെളിപ്പെടുമാറാകുന്നത്. എന്നാൽ ഐഹിക ജീവിതത്തെ സംബന്ധിച്ച ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മദൃക്കുകൾക്ക് കണ്ടറിയാൻ സാധിക്കുന്നതാണ്.

ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റു യാതൊരു മാർഗ്ഗേണയും ദൂരീകരിക്കാൻ സാധ്യമല്ലാത്ത വിപത്തുകളേയും മറ്റേതുപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളേയും ഐക്യം മുഖേന ജയിക്കാൻ കഴിയുന്നതാണ്... ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യൻ അവരുടെ ദുർവൃത്തികളിൽ നിന്ന് വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു ദൈവത്തോട് ക്ഷമയാചിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിനു ഭയങ്കരമായ വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്തു ഒഴിഞ്ഞുപോവുന്നതിനുമുമ്പ് മറ്റൊരു ഭയങ്കരനാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യൻ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി അഹോ! ഇനി എന്തു സംഭവിക്കാൻ പോകുന്നു എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെപോലെയായ് ഭവിക്കും. ആകയാൽ അല്ലയോ നാട്ടുകാരായ സഹോദരന്മാരെ! ആ നാളുകൾ വരുന്നതിനു മുമ്പായി നിങ്ങൾ ജാഗ്രതരാകുവിൻ. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധി ചെയ്യട്ടെ ഐക്യത്തിനു തടസ്സമായിത്തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർദ്ധക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്. (മൈത്രീസന്ദേശം) ●

ലേഖനം

ഹദ്റത്ത് അഹ്മദ് (അ)

# ദൈവം : സർവൈകദാതാവ്

## എല്ലാ ജനവർഗ്ഗങ്ങൾക്കിടയിലും പ്രവാചകന്മാർ വന്നിട്ടുണ്ട്. എല്ലാ മതങ്ങളുടേയും അനുയായികൾ ഐക്യപ്പെട്ടു വൻവിപത്തുകൾ ഒഴിവാക്കുക

ഏതെങ്കിലും ഒരു പ്രത്യേകവർഗ്ഗക്കാരിലോ രാജ്യക്കാരിലോ മാത്രമെ പ്രവാചകന്മാർ അവതരിക്കയുണ്ടായിട്ടുള്ളൂ എന്ന വിശ്വാസം അബദ്ധമാണെന്നു ദൈവം വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി പറഞ്ഞുതന്നിരിക്കുന്നു. അവൻ ആത്മീയാനുഗ്രഹം നൽകുന്ന വിഷയത്തിൽ യാതൊരു വർഗ്ഗക്കാരെയും വിസ്മരിച്ചുകളഞ്ഞിട്ടില്ല. ഈ പരമാർത്ഥം വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിൽ സന്ദർഭോചിതങ്ങലായ ഉദാഹരണങ്ങളാൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. സർവ്വൈകദാതാവായ ദൈവം എല്ലാ രാജ്യക്കാർക്കും അവരുടെ ഭൗതികാവശ്യങ്ങൾക്കു വേണ്ട സർവ്വവും സംഭരിച്ചുകൊടുത്തിരിക്കുന്ന പ്രകാരം തന്നെ, എല്ലാ രാജ്യക്കാരുടെയും എല്ലാ വർഗ്ഗക്കാരുടെയും ആത്മപരിചരണത്തിനു ആവശ്യകമായ ഏർപ്പാടുകളും അവൻ ചെയ്തു പോന്നിട്ടുണ്. ഈ വിഷയകമായി വിശുദ്ധ ഖുർആൻ ഒരിടത്തു ഇങ്ങനെ പറയുന്നു:

*"ഒരു ഉപദേഷ്ടാവു വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവും ഇല്ല." (35:25)*

ആകയാൽ, നാമെല്ലാവരും അവശ്യം വിശ്വസിക്കേണ്ടുന്ന സകലസമ്പൂർണ്ണനും സത്യസ്വരൂപനുമായ ദൈവം സർവ്വലോകങ്ങളുടെയും സ്രഷ്ടാവും പാലകനുമാണെന്നത് അവിതർക്കിതമാണ്. അവന്റെ കൃപാപരിപാലനം ഏതെങ്കിലും പ്രത്യേക ജാതിക്കോ പ്രത്യേക വർഗ്ഗത്തിനോ പ്രത്യേക രാജ്യത്തേക്കോ പരിമിതമായതല്ല. അവൻ എല്ലാ വർഗ്ഗക്കാരുടെയും എല്ലാ കാലത്തുള്ളവരുടെയും എല്ലാ രാജ്യക്കാരുടെയും രക്ഷിതാവും പാലകനുമാകുന്നു. സകല അനുഗ്രഹങ്ങളുടെയും നിലയനവും, ഭൗതികവും ആത്മികവുമായ സർവ്വശക്തികളുടെയും ഉത്ഭവസ്ഥാനവും അവനത്രെ. അവൻ തന്നെയാണ് അഖില സൃഷ്ടികളെയും നോക്കി രക്ഷിക്കുന്നത്. എല്ലാ വസ്തുക്കളും അവങ്കൽ തന്നെയാണ് ആശ്രയിച്ചു നിൽക്കുന്നതും. അവന്റെ അനുഗ്രഹം അഖിലവർഗ്ഗങ്ങളുടെയും സകലരാജ്യങ്ങളുടെയും സർവ്വയുഗങ്ങളുടെയും മേൽ നിഴലിക്കുന്നതാകുന്നു. ആ സകലേശ്വരന്റെ അനുഗ്രഹം ഇങ്ങനെ സർവ്വവ്യാപകമായിരിക്കുന്നതു അവന്റെ കൃപാപരിപാലനത്തെസംസംബന്ധിച്ചു ഒരു കൂട്ടർക്കും ആ വലാതിപ്പെടാൻ അവസരമില്ലാതിരക്കുന്നതിനുവേണ്ടിത്തന്നെയാകുന്നു. ദൈവം അവന്റെ അനുഗ്രഹം മറ്റുള്ളവർക്കല്ലാതെ തങ്ങൾക്കു നൽകിയില്ലെന്നോ, ദൈവത്തിങ്കൽ നിന്നു മാർഗ്ഗദർശകഗ്രന്ഥങ്ങൾ ഇതരന്മാർക്കല്ലാതെ തങ്ങൾക്ക് ലഭിച്ചില്ലെന്നോ, ദൈവം തന്റെ വചനവും വെളിപാടും ദൃഷ്ടാന്തവും മുഖേന കഴിഞ്ഞ ചില കാലങ്ങളിലല്ലാതെ തങ്ങളുടെ കാലത്ത് പ്രത്യക്ഷനായില്ലെന്നോ ഒരു കൂട്ടർക്കും പറയാൻ ഇടം കൊടുത്തില്ല. അങ്ങനെ, ആ സർവ്വവല്ലഭൻ തന്റെ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങളിൽ നിന്നു ഏതെങ്കിലും ഒരു സമുദായത്തെയോ ഒരു കാലത്തെയോ ഒഴിവാക്കാതെ തന്റെ കൃപാവിതരണം സർവ്വവ്യാപവും നിത്യവുമാക്കിയിരിക്കുന്നു.

ഇങ്ങനെ, ദൈവത്തിന്റെ അനുഗ്രഹം നിസ്സീമവും സർവ്വവ്യാപകവും ആയിരിക്കുമ്പോൾ, അവന്റെ ദിവ്യഗുണങ്ങളെ നാം നമ്മുടെ ജീവിതത്തിൽ പകർക്കുകയും അതുകൾക്കൊത്ത് നമ്മുടെ സ്വഭാവങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാകുന്നു. അല്ലയോ, നാട്ടുകാരായ സഹോദരരേ! ഈ വിശാലനിലയിലുള്ള മനസംസ്കാരത്തിലേക്കു നിങ്ങളെ ക്ഷമിക്കുന്നതിനായിട്ടാണ്, "മൈത്രി സന്ദേശം" എന്നു ഞാൻ നാമാഭിധാനം ചെയ്തിരിക്കുന്ന ഈ അഭ്യർത്ഥനയെ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നത്. സ്നേഹപൂർവ്വകമായ ഈ ക്ഷണത്തിന്റെ പിന്നിൽ എനിക്ക് സ്വാർത്ഥപരമായ വല്ല ഉദ്ദേശ്യവും ഉള്ളതായി നിങ്ങൾ വിചാരിക്കാതിരിക്കുന്നതിനു സർവ്വശക്തനായ ദൈവം തന്നെ നിങ്ങളുടെ ഹൃദയങ്ങളിൽ

സത്യം വെളിപ്പെടുമാറാക്കുകയും നിങ്ങളുടെ ക്ഷേമാഭിവൃദ്ധിക്കായ്ക്കൊണ്ടു എന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന ആ ആഗ്രഹത്തിന്റെ രഹസ്യവും എന്റെ ആത്മാർത്ഥതയും അവൻതന്നെ നിങ്ങൾക്ക് ബോധ്യപ്പെടുത്തിത്തരികയും ചെയ്യട്ടെ എന്ന് ഞാൻ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുകൊള്ളുന്നു.

പ്രിയ സുഹൃത്തുക്കളേ! പരലോകകാര്യം മിക്ക ജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം, സർവ്വോപരി മഹത്വമേറിയ ആ സത്തയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്യുകയും മരണം വരുന്നതിന്നു മുമ്പായി മരണത്തെ വരിക്കുകയും ചെയ്യുന്നവർക്കു മാത്രമാകുന്നു വെളിപ്പെടുമാറാകുന്നതു. എന്നാൽ, ഐഹിക ജീവിതത്തെസ്സംബന്ധിച്ചു ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മദൃക്കുകൾക്കു കണ്ടറിയാൻ സാധിക്കുന്നതാണ്.

## ഹിന്ദുക്കളും മുസ്‌ലിംകളും

ഐക്യം ഏഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റു യാതൊരു മാർഗ്ഗേണയും ദൂരീകരിക്കാൻ സാദ്ധ്യമല്ലാത്ത വിപത്തുകളെയും മറ്റേതുപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളെയും ഐക്യം മുഖേന ജയിക്കുവാൻ സാധിക്കുമെന്നുള്ളതു ആർക്കും ഗോപ്യമായതല്ല. അതുകൊണ്ട്, ഐക്യത്തിന്റെ അനുഗ്രഹീതഫലങ്ങളിൽ നിന്നു നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കയില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്‌ലിംകളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചുകൂടി മറ്റവരെ – ഹിന്ദുക്കൾ ഒന്നിച്ചുചേർന്നു മുസ്‌ലിംകളെയോ മുസ്‌ലിംകൾ ഒന്നു ചേർന്നു ഹിന്ദുക്കളെയോ – രാജ്യത്തിൽ നിന്നു പുറത്താക്കിക്കളയാമെന്നു വിചാരിക്കുന്നതു ഒരു മിഥ്യാവിചാരമാകുന്നു. മറിച്ചു, ഈ രണ്ടുകൂട്ടരെയും തമ്മിൽ ഇണക്കിനിർത്തുന്ന ബന്ധം അപരിഛേദ്യമാംവിധം ശക്തിയേറിയതാണുതാനും. ഇവരിൽ ഒരു കൂട്ടർക്കു പൊതുനിലയിലുള്ള ഒരു ആപത്തു സംഭവിക്കുന്നപക്ഷം മറ്റവർക്കു അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാധിക്കയില്ല. അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ അവരും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേവിധത്തിൽ നിന്ദനത്തിനു ലക്ഷീഭവിക്കും. ഒരു കൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഇരു സമുദായങ്ങളിൽ ഏതെങ്കിലുമൊന്നിലെ ഒരു വ്യക്തി മറ്റെ സമുദായത്തിനു നാശം വരുത്തുവാൻ നോക്കുന്നപക്ഷം, അവൻ താനിരിക്കുന്ന വൃക്ഷശാഖ സ്വന്തം കൈകൊണ്ടു വെട്ടിമുറിക്കുന്ന ഒരുവനെപ്പോലെയാകുന്നു. മിത്രങ്ങളേ! ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നു അകറ്റിക്കളകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതത്യാവശ്യമാകുന്നു. നിങ്ങൾ നിർദ്ദാക്ഷിണ്യമായ നില ഉപേക്ഷിച്ചു പൊതുവായ ഒരു അനുകമ്പാഭാവം കൈകൊള്ളേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഐഹിക ജീവിതയാത്ര കഠിനമായ വെയിലിൽ മരുഭൂമിയിലൂടെ സഞ്ചരിക്കുന്നതിനു തുല്യമാകുന്നു. അതിനാൽ, ദുർഗ്ഗമമായ വഴിയിലൂടെയുള്ള ഈ യാത്രാമദ്ധ്യേ വെയിലിന്റെ കാഠിന്യത്തെ ലഘൂകരിക്കുന്നതിനും ദാഹശമനം വരുത്തുന്നതിനും മൈത്രിയാകുന്ന ആ ശീതളപാനീയം നിങ്ങൾക്കു അത്യന്താപേക്ഷിതമാകുന്നു.

## ഐക്യത്തിലേക്ക് ക്ഷണം

നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിന്നായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്തു പല തരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. ദൈവം എന്നെ അറിയിച്ചിരിക്കുന്നു: മനുഷ്യർ അവരുടെ ദുർവൃത്തികളിൽ നിന്നു വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു ദൈവത്തിനു ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്തു ഒഴിഞ്ഞുപോകുന്നതിന്നുമുമ്പ് മറ്റൊരു ഭയങ്കരനാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യർ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി. 'അഹോ! ഇനി എന്തു സംഭവിക്കാൻ പോകുന്നു? എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെപ്പോലെയായ് ഭവിക്കും. ആകയാൽ, അല്ലയോ നാട്ടുകാരായ സഹോദരരേ! ആ നാളുകൾ വരുന്നതിനു മുമ്പായി നിങ്ങൾ ജാഗരൂകരാകുവിൻ! ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ. ഐക്യത്തിനു തടസ്സമായിത്തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർദ്ധയ്ക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്.

മതപരമായ അഭിപ്രായവൈപരീത്യങ്ങൾ മൂലം വിവിധ സമുദായാംഗങ്ങൾക്കിടയിലുള്ള സൗഹാർദ്ദഭാവത്തിന്നു പ്രതിബന്ധമായിത്തീ

*(ശേഷം 13-ൽ)*

ലേഖനം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**അടുത്ത് തന്നെ പുറത്തിറങ്ങുന്ന Revelation Rationality Knowledge & Truth എന്ന പുസ്തകത്തിൽ നിന്ന്**

# തേനീച്ച : സൃഷ്ടിവൈഭവത്തിന്റെ അത്ഭുതദൃഷ്ടാന്തം

**ഒരു ആസൂത്രകന്റെ മുൻകൂട്ടിയുള്ള രൂപകല്പനയും ആസൂത്രണവുമില്ലാതെ മനുഷ്യബുദ്ധിയെ അമ്പരപ്പിക്കുന്ന തേനീച്ചയെ പോലെയുള്ള ഒരു കൊച്ചു പ്രാണിയെ ബോധശൂന്യമായ പ്രകൃതിക്ക് സ്വയം സൃഷ്ടിക്കാനാവുമോ? ദൈവനിഷേധികളായ പരിണാമവാദികൾക്കുള്ള മറുപടിയാണ് തേനീച്ചയെന്ന കൊച്ചുപ്രാണി.**

ഒരു ആസൂത്രകന്റെ അഭാവത്തിൽ എങ്ങനെയാണ് ഡാർവിന്റെ സിദ്ധാന്തപ്രകാരം തേനീച്ചയുടെ ആഭ്യന്തര സംവിധാനത്തെക്കുറിച്ച് മനസ്സിലാക്കാൻ കഴിയുക? എങ്ങനെയാണ് ജീനുകൾക്ക് തേനീച്ചയെ അതിന്റെ എല്ലാവിധത്തിലുമുള്ള അതിശയകരവും ദുർഗ്രഹവുമായ പെരുമാറ്റ വിസ്മയങ്ങളോടുകൂടി രൂപപ്പെടുത്താനും സൃഷ്ടിക്കാനും സാധ്യമായത്. തേ നീച്ചകളുടെ ആഭ്യന്തരസംവിധാനം അതിന്റെ എല്ലാവിധ പ്രവർത്തനശേഷിയോടൊപ്പം ക്രമേണ ക്രമേണ എങ്ങനെയാണ് രൂപപ്പെട്ടുവന്നതെന്ന് ഏതെങ്കിലും ശാസ്ത്രജ്ഞന് വിശദീകരിക്കാനാവുമോ? തേനീച്ച കാണുന്നരീതിയിലും അതിന്റെ കണ്ണും അതിന്റെ കാഴ്ചയുമെല്ലാം പുറത്തുള്ള പുഷ്പങ്ങളുടേയും ഫലങ്ങളുടേയും ലോകവുമായി വളരെ രമ്യമനോഹരമായി താളപൊരുത്തത്തോടെ പ്രവർത്തിക്കുന്നു. ഇത് സ്വയം തന്നെ തികച്ചും അവികലമായൊരു പരിപൂർണ്ണ മാതൃകയാണ്. മുൻകൂട്ടിയുള്ള ആസൂത്രണത്തെ നിഷേധിക്കുന്ന പ്രകൃതിവാദികളായ ശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചേടത്തോളം ഇത് വമ്പിച്ചൊരു വെല്ലുവിളിയാണ്. ഏത് ശക്തിയാണ് അതിനെ രൂപപ്പെടുത്തിയത്? എങ്ങനെയാണ് അത് അസ്തിത്വത്തിന്റെ ലോകത്ത് സ്വയം തന്നെ പതുക്കെ പതുക്കെ നിലവിൽ വന്നത്? ഇത് മാത്രമല്ല തേനീച്ച അതിന്റെ കൂട് നിർമ്മിക്കുന്ന രീതി, ഈ നിർമ്മാണപ്രവർത്തനങ്ങൾക്ക് വേണ്ടി വസ്തുക്കൾ ശേഖരിക്കുന്നവിധം എന്നിവയെല്ലാം പ്രകൃതിവാദികളായ ശാസ്ത്രജ്ഞന്മാരുടെ ഭാഗത്ത് നിന്നും ഒരുപാട് വിശദീകരണം അർഹിക്കുന്നു. പാർ പ്പിടനിർമ്മാണത്തിന് വസ്തുക്കൾ കണ്ടെത്തുക എന്നത് എല്ലാ ജീവികളെ സംബന്ധിച്ചും പൊതുവായുള്ളതാണ്. പക്ഷേ ആ വസ്തുക്കൾ സൂക്ഷ്മമായി ഒരു പ്രത്യേക കാര്യത്തിനു മാത്രം ഉപയോഗിക്കുക എന്നത് അപൂർവ്വമാണ്. തേനീച്ചകൾ യഥാർത്ഥത്തിൽ ചെയ്യുന്ന കാര്യങ്ങൾ ഇതാണ്.

*"തേനീച്ചയുടെ ഉദരത്തിന്റെ അടിഭാഗത്തെ നാല് ജോഡി ഗ്രന്ഥികളിൽ നിന്നും മെഴുക് പാളികൾ പിൻകാലുകളിലെ വലിയ ടാർസലുകളിലെ * ആദ്യത്തെ വലിയ ഖണ്ഡങ്ങളാണ് നീക്കം ചെയ്യുന്നത്. ആ മെഴുക് പാളികൾ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മുൻകാലുകളും കീഴ്ത്താടിയും (Manibles) കൂടി മുന്നോട്ടേക്ക് കൈമാറുന്നു... ആ മെഴുക് തേനീച്ചയുടെ ഉമിനീരുമായി മിശ്രണം ചെയ്ത് ശരിയായ അനുപാതത്തിൽ കുഴക്കുന്നു. അതിന്ന് കൂടു നിർമ്മിച്ചെടുക്കാൻ പാകത്തിൽ വഴക്കവും ഈടും ഉണ്ടാവുന്നതുവരെ തേനീച്ച കുഴതുടരുന്നു. (1)*

* Tarsal - തേനീച്ചയുടെ കാൽപാദത്തിനും കണങ്കാലിനു മിടയിലുള്ള ലോലമായ അസ്ഥിഖണ്ഡങ്ങൾ

ഭൗതിക വസ്തുക്കളുടെ ലോകത്തെ ശാസ്ത്രീയ സങ്കീർണ്ണതകൾ യാതൊന്നുമറിയാത്ത ഒരു പ്രാണി എന്തുകൊണ്ടാണ് പെട്ടെന്ന് അതിന്റെ നന്മക്കായി ഇങ്ങനെ പ്രവർത്തിക്കാനാരംഭിച്ചത്? അപ്രകാരം വളരെ മന്ദഗതിയിൽ രൂപപ്പെട്ടുവന്ന തേനീച്ചയുടെ മനസ്സ് ആരാണ് രൂപപ്പെടുത്തിയത്? അതുപോലെ തന്റെ വസതി ഏത് പ്രകാരത്തിലാണ് നിർമ്മിക്കേണ്ടതെന്ന വിവരം അതിന് നൽകിയത് ആരാണ്? അപ്രകാരം ഏത് വിധത്തിലുള്ള വസ്തുക്കളാണ് നിർമ്മാണത്തിന് വേണ്ടതെന്നുമുള്ള തേനീച്ചയുടെ അന്തർജ്ഞാനവും, അതിനെപറ്റി അറിയുന്ന മറ്റാരെങ്കിലും നിഗൂഢമായ രീതിയിൽ തേനീച്ചയിൽ എത്തിച്ചിട്ടുണ്ടാവേണ്ടതല്ലേ? പക്ഷേ നമ്മുടെ കണ്ണുകൾക്ക് കാണുന്നതിനേക്കാൾ അപ്പുറമാണ് കാര്യങ്ങൾ കിടക്കുന്നത്. തേനീച്ചക്കൂടിന്റെ ഓരോ അറയും നിർമ്മിച്ചിരിക്കുന്നത് ഷഡ്ഭുജാകൃതി(Hexagon) യിലാണ്. അറയുടെ ഓരോ ഭിത്തിയുടെ ഓരോ സന്ധിയും കൃത്യം 120 ഡിഗ്രി വ്യത്യാസത്തിലാണ് നിർമ്മിച്ചിരിക്കുന്നത്.

*'തേനീച്ചക്കൂട് സ്വയം തന്നെ ജീവികളുടെ വാസ്തുശില്പകലയുടെ ഒരു വിസ്മയമാണ്.അഷ്ടഭുജാകൃതിയിൽ തൊട്ടുതൊട്ടുകിടക്കുന്ന അറകൾ സമാന്തരമായി ഒരേ നിരയിൽ ക്രമീകരിച്ചുകൊണ്ട് അത് നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഓരോ തേനറയും തൊട്ടടുത്ത മറ്റൊന്നിൽ നിന്നും ഒരു നിശ്ചിത അകലത്തിലായിരിക്കും സ്ഥിതിചെയ്യുന്നത്' (2)*

തേനീച്ചകൾ അതിശയകരമായ എഞ്ചിനീയറിങ്ങ് വൈദഗ്ദ്യമാണ് പ്രദർശിപ്പിക്കുന്നത്. അവ അത്യന്താധുനികമായ അളവ് ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് തന്റെ കൂടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയത് എന്ന പ്രതീതിയാണ് ജനിപ്പിക്കുന്നത്.

*'പുതുതായി നിർമ്മിക്കപ്പെട്ട ഒരു തേനീച്ചക്കൂടിന്റെ കൃത്യതയും ബലവും ശ്രദ്ധേയമാണ്. ഉദാഹരണത്തിന് അറയുടെ ഭിത്തിയുടെ കനം 0.073 ± 0.002 മി.മീ. തൊട്ടടുത്ത അറയുടെ ഭിത്തിയുമായുള്ള കോൺ വ്യതിയാനം കൃത്യമായും 120 ഡിഗ്രിയുമാണ്. ഓരോ തേനറയും മറ്റൊന്നിൽ നിന്നും 0.95 സെ.മീ ദൂരത്തിലുമാണുള്ളത്.' (3)*

ഒരേതരം മുട്ടയിൽ നിന്നും വിരിയുന്ന തേനീച്ച കുഞ്ഞുങ്ങൾ മൂന്ന് വിധത്തിലുള്ള തൊഴിൽ ഗ്രൂപ്പുകളായിട്ടാണ് വിഭജിക്കപ്പെട്ടിരിക്കുന്നത്. റാണിമാർ, തൊഴിലാളികൾ, മടിയന്മാർ എന്നിവരാണവർ. റാണിക്ക് ഒരു ദിവസത്തിൽ ആയിരക്കണക്കിന് മുട്ടകൾ ഇടാനുള്ള ശേഷിയുണ്ട്.

*“സമുചിതമായി നാമകരണം ചെയ്യപ്പെട്ട റാണി തന്നെയാണ് തേനീച്ചക്കൂടിലെ മൊത്തം അധീശാധികാരി. ചുറ്റും സേവകന്മാരാൽ വലയം ചെയ്തുനിൽക്കുന്ന റാണിക്ക് ഏറ്റവും പോഷകഗുണമേറിയ ഭക്ഷണമാണ് നൽകപ്പെടുന്നത്. കൂടിന്നുള്ളിൽ വളരെ കുറച്ചാണെങ്കിലും നിർണ്ണായകമായ ജോലിയാണ് റാണി നിർവ്വഹിക്കുന്നത്. റാണിയെ മുട്ട ഉൽപാദിപ്പിക്കുന്ന അസാധരണമായ ഒരു യന്ത്രമാക്കി മാറ്റുന്ന അതിന്റെ വലിയ അണ്ഡകോശം നേർത്ത വരകളാൽ മറച്ചിരിക്കുന്നു. ഈ അണ്ഡകോശത്തിന് ഒരു ദിവസം ആയിരക്കണക്കിന് മുട്ടകളിടാനുള്ള ശേഷിയുണ്ട്. റാണിയുടെ ശക്തിമത്തായ ഫിറോമോണു(Pheromones)കൾക്ക്* അതിന്റെ സൗമ്യസ്വഭാവം മൂടുപടമിടുകയാണ് ചെയ്യുന്നത്. റാണികൾ ഫിറോമോണിലൂടെ നൽകുന്ന രാസപരമായ അടയാളങ്ങളാണ് (Chemical signals)ണ് അവയുടെ പെരുമാറ്റങ്ങളെ നിയന്ത്രിക്കുകയും സാമൂഹികമായ ഒരു പശിമ നൽകി തേനീച്ചകളെ ഒന്നിച്ചു ചേർത്തുനിർത്തുകയും ചെയ്യുന്നത്. (4)*

തൊഴിലാളി തേനീച്ചകൾ തീറ്റിപോറ്റുന്ന മടിയന്മാരായ തേനീച്ചകൾക്ക് ശക്തമായ പൗരുഷമുള്ള ശരീരമാണുള്ളത്. അവർ നിർവഹിക്കുന്ന ഒരേയൊരു പണി റാണിയുമായി ഇണചേരുക എന്നതാണ്. അതിന് ശേഷം അവ മരിക്കുന്നു.

തേനീച്ചക്കൂട്ടിലെ മുഖ്യസംഘടനാവിഭാഗം തൊഴിലാളികളാണ്. അവരാണ് പൂമ്പൊടി ശേഖരിച്ചുകൊണ്ടു വന്ന് തേനുൽപാദിപ്പിക്കുന്നത്. കൂടിനു ചുറ്റുമായി അവർ സദാസമയവും അണിനിരന്നുനിൽക്കുന്നു. എപ്പോഴും തേനീച്ച കൂടിനെ ആക്രമണത്തിൽ നിന്നും പ്രതിരോധിക്കാനായി അവർ ജാഗരൂഗരായി നിലയുറപ്പിക്കുന്നു. അവയുടെ പെട്ടെന്ന് പറക്കാനുള്ള പ്രവർത്തനശേഷി ശരീരോഷ്മാവ് 35 ഡിഗ്രി സെന്റിഗ്രേഡ് നിലനിർത്തുന്നതിനെ ആശ്രയിച്ചിരിക്കും. തേനീച്ചക്കൂടിന്റെ മദ്ധ്യഭാഗത്ത് ചൂട് യാതൊരുവിധ പ്രശ്നവും സൃഷ്ടിക്കാറില്ല. അത് നാലുഭാഗത്ത് നിന്നും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ കൂടിന്റെ പുറംഭാഗത്ത് തുറസ്സായ അന്തരീക്ഷത്തിന്റെ സ്വാധീനത്താൽ ഊഷ്മാവ് കുറയുന്നു. ഈ പ്രശ്നത്തെ അവ മറികടക്കുന്നത് തങ്ങളുടെ ചിറകുകളെ സമയാസമയങ്ങളിൽ ഒരു ഫാൻ പോലെ പ്രവർത്തിപ്പിച്ചുകൊണ്ടാണ്. ചിറക് ചലപ്പിക്കുമ്പോഴുണ്ടാകുന്ന ഘർഷണഊർജ്ജംകൊണ്ടാണ് അവ താപം ക്രമീകരിക്കുന്നത്.

മരത്തിന്റെ പൊത്തുകൾക്കിടയിലും ഇടുങ്ങിയ ഗുഹകൾക്കകത്തും തേനീച്ചകൾ കൂട് വെക്കുമ്പോൾ ആ കൂടിന് ഒരൊറ്റ പ്രവേ

* **ഫിറോമോൺ** ഒരു ജീവി പുറപ്പെടുവിക്കുന്നതും അതേ ജീവിവർഗ്ഗത്തിൽപ്പെട്ട മറ്റു ജീവികളിൽ പ്രതികരണങ്ങൾ സൃഷ്ടിക്കുന്നതുമായ ഹോർമോണുകളെയാണ് ഫെറോമോൺ എന്ന് പറയുന്നത് (വിവ:)

ശനകവാടം മാത്രമേ ഉണ്ടാവൂ. വായുവിന് കൂടിന്നുള്ളിലേക്ക് നിർബാധം പ്രവേശിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് തേനീച്ചകൂടിന്നുള്ളിലെ കാർബൺഡയോക്സൈഡിന്റെയും മറ്റു വാതകങ്ങളുടേയും അളവ് കൂടിന് പുറത്തുള്ളത് പോലെ സ്വയം തന്നെ ക്രമീകരിക്കപ്പെടുന്നില്ല. കൂട്ടിനകത്തെ കാർബൺ ഡയോക്സൈഡ് അളവിന്റെ വർദ്ധന തേനീച്ചകളുടെ നിലനില്പ് തന്നെ ഭീഷണിയാണ്. ഈ വിപത്തിനെ മറികടക്കാൻ തൊഴിലാളി തേനീച്ചകൾ കൂട്ടംക്കൂട്ടമായി കൂടിന്റെ പ്രവേശനകവാടത്തിലെത്തുന്നു. അവിടെ അവർ തങ്ങളുടെ പിൻചിറക് കൂടിന്റെ പുറംഭാഗത്തേക്ക് വെച്ചുകൊണ്ട് നിലയുറപ്പിക്കുന്നു. പിന്നീട് തങ്ങളുടെ ചിറകുകൾ ഒരു ഫാൻ പോലെ അതിവേഗം ചലിപ്പിക്കുകയും കൂടിനുള്ളിലെ കെട്ടികിടക്കുന്ന വായു പുറത്തേക്ക് നീക്കുകയും പുതിയ വായു അകത്തേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുന്നു. അവ 10 സെക്കന്റുകളാണ് ഇങ്ങനെ പ്രവർത്തിക്കുന്നത്. പിന്നീട് ആവശ്യമെങ്കിൽ മറ്റൊരു സംഘം തൊഴിലാളികൾ പകരം ഈ പ്രവൃത്തി ഏറ്റെടുക്കുന്നു. കൂട്ടിലെ ഊഷ്മാവ് 35 ഡിഗ്രി സെന്റിഗ്രേഡ് ഉയരും വരെ ഇത് ആവർത്തിച്ചു കൊണ്ടിരിക്കും. ഊഷ്മാവ് വ്യത്യാസമുണ്ടാവുന്ന അത്തരം സന്ദർഭങ്ങളിൽ ചിറകടിച്ച് വായുപ്രവാഹത്തിലൂടെ അത്ക്രമീകരിക്കുന്ന സമ്പ്രദായം തേനീച്ചകൾ വളരെ വിജയപ്രദമായി നടത്തിവരുന്നു. അവയുടെ ചിറകടിക്കുന്ന പരിപാടി ഒരേസമയം ആരംഭിക്കുകയും ഒരേസമയം നിർത്തുകയും ചെയ്യുന്നു. ഈ ഫാൻ പോലെയുള്ള ചിറകടി സമ്പ്രദായത്തിനുപുറമെ തേനീച്ചകൾ തേനിന് പകരം വെള്ളം കൂടുകളിലേക്ക് വലിച്ച് കൊണ്ടു വരാറുണ്ട്. എന്നിട്ട് അത് മുട്ട വിരിഞ്ഞ തേനീച്ച കുഞ്ഞുങ്ങളുള്ള അറകൾക്ക് ചുറ്റും ശേഖരിച്ചുവെക്കുന്നു. തേനീച്ചകൾ ഇപ്രകാരം ചെയ്യുന്നത് കൂട്ടിന്നുള്ളിലെ താപത്തിന്റെ ഏറ്റക്കുറച്ചിലുകൾ തേനീച്ച കുഞ്ഞുങ്ങളെ ബാധിക്കാതിരിക്കാനാണ്.

തേനീച്ചയുടെ ഭക്ഷണത്തിന്റെ അഭിരുചി, പൂക്കളുടെ മധുരമുള്ള കുഴമ്പിൽ (Nectar) നിന്നും അവ ഓരോ തുള്ളി തേനും ഉണ്ടാക്കുന്നവിധം, തേനായി തീരുവാൻ വേണ്ടിയുള്ള ശ്യാനത(Viscosity) ക്കനുസൃതമായിക്കൊണ്ട് എങ്ങനെ അതിന്റെ ഉമിനീർ പൂക്കളുടെ മധുരക്കുഴമ്പുമായി കൂട്ടിക്കുഴക്കണം എന്നീ കാര്യങ്ങളെല്ലാം സ്വയം തന്നെ അത്ഭുതകരമാണ്. അതിന്റെ നാവിലെ ഓരോ ബിന്ദുവിൽ വെച്ചും തേൻ പാകപ്പെടുന്നതുവരെ. ഉമിനീരും തേൻകുഴമ്പുമായി അത് മിശ്രണം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഓരോ തുള്ളി തേനും ഉല്പാദിപ്പിക്കാൻ വേണ്ടിയും പൂക്കളുടെ തേൻ കുഴമ്പ് അന്വേഷിച്ചുകൊണ്ട് പുറമേക്ക് നിരവധി പറക്കലുകൾ നടത്തേണ്ടതുണ്ട്. ഇത് ഒരു ദിവസത്തിന്നുള്ളിലോ അല്ലെങ്കിൽ അതിൽ കവിഞ്ഞ് സമയമെടുത്തോയാണ് തേനീച്ച നിർവ്വഹിക്കുന്നത്. അവക്ക് പ്രത്യേകമായി നിശ്ചയിക്കപ്പെട്ട കൂട്ടിലെ അറകൾ നിറക്കുന്നത് വരെ തേനീച്ചയുടെ ഈ യാത്രകൾ തുടരുന്നു. സാധാരണ തേനും റോയൽ ജെല്ലി (Royal Jelly)യും തമ്മിൽ എങ്ങനെ വ്യത്യാസപ്പെടത്തണം എന്ന് ഏതോ വിധത്തിൽ തേനീച്ചക്കറിയാം. റോയൽ ജെല്ലി രാജ്ഞിക്ക് വേണ്ടി മാത്രം തയ്യാർ ചെയ്യപ്പെടുന്ന ഭക്ഷണമാണ്. റോയൽ ജെല്ലിക്ക് സവിശേഷമായ ചില ഗുണങ്ങളുണ്ട്. അത് രാജ്ഞിക്ക് അതിവേഗത്തിൽ മുട്ടയിടാൻ വേണ്ടി പ്രത്യുൽപാദനത്തിനുള്ള ഊർജ്ജം പ്രദാനം ചെയ്യുന്നു. ഓരോ ദിവസവും റാണി തന്റെ ശരീരഭാരത്തിന് തുല്യമായ അളവ് മുട്ട ഇടുന്നു. റാണിയുടെ ശരീരഭാരമാകട്ടെ സാധാരണ തേനീച്ചയേക്കാൾ വളരെ വലുതാണ്. മറ്റൊന്ന് റോയൽ ജെല്ലിക്ക് നിഗൂഢമായ ചില ഗുണവിശേഷങ്ങളുണ്ട്. അത് സാധാരണ തേനീച്ചയേക്കാൾ നൂറിരട്ടി ആയുസ്സ് റാണിക്ക് പ്രധാനം ചെയ്യുന്നു. ഒരു തേനീച്ചക്കോളനിയിൽ ചിലപ്പോൾ എണ്ണായിരത്തോളം തേനീച്ചകളുണ്ടാവും. അവയെല്ലാം റാണിയുടെ പ്രജകളാണ്. മനുഷ്യന്റെ രാജഭരണത്തിൽപോലും ഇതിനേക്കാൾ മികച്ച അച്ചടക്കം കാണുവാൻ സാധ്യമല്ല.

മുകളിൽ പ്രതിപാദിച്ച ജോലികൾക്ക് പുറമെ മികച്ച തൊഴിലാളികളായ തേനീച്ചകൾക്ക് മറ്റൊരു പര്യവേക്ഷണ ദൗത്യം കൂടിയുണ്ട്. അതായത് പഴയ കോളനി ഉപേക്ഷിക്കുമ്പോൾ പുതിയവ നിർമ്മിക്കാനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താനുള്ള ദൗത്യമാണ് അവ. ഈ ദൗത്യം നിർവ്വഹിക്കുന്ന പര്യവേഷകരായ തേനീച്ചയും അവ അത് നിർഹിക്കുന്ന രീതിയും ജീവികളുടെ പെരുമാറ്റവിജ്ഞാനീയ ത്തിന്റെ അതിമഹത്തായ അത്ഭുതങ്ങളിലൊന്നാണ്. നിയോഗിക്കപ്പെട്ട തേനീച്ചകൾ പൂന്തേൻ സമൃദ്ധമായി ലഭ്യമാകുന്നതും അനുയോജ്യവും സുരക്ഷിതവുമായ ഒരു സ്ഥലം അന്വേഷിച്ച് നിർണ്ണയിക്കുന്നു. അത്തരം സ്ഥലങ്ങൾ പൂക്കളുള്ള മേഖലയിൽ നിന്നും പലവിധ ദൂരവത്യാസങ്ങളിലും നിലകൊള്ളുന്നവയായിരിക്കും. അവ താരതമ്യേന പുതിയ കൂട് നിർമ്മിക്കാൻ അനുയോജ്യമായതോ അല്ലാത്തതോ ആയ സ്ഥലമാവാം. പര്യവേഷകരായ വിവിധ തേനീച്ചകൾ കൊണ്ടുവരുന്ന വിവരങ്ങൾ റാണിയുടെ സവിധത്തിൽ വിധി പറയാൻ വേണ്ടി സമർപ്പിക്കുന്നു. പല പര്യവേഷകരുടേയും പുതിയ കൂടിനെപറ്റിയുള്ള വിവരങ്ങൾ ഏതോ തരത്തിൽ നിർവ്വഹിക്കുന്ന അപ്രഗ്രഥനത്തിനും താരതമ്യപഠനത്തിനുവേണ്ടി റാണിക്ക് മുമ്പിൽ സമർപ്പിക്കുന്നു. സർവേയർ മാരായ തേനീച്ചകൾ ഈ വിവരങ്ങൾ എങ്ങനെയാണ് റാണിയെ ധരിപ്പിക്കു

ന്നതെന്ന കാര്യം യാതൊരു തരത്തിലും മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. വാസ്തവത്തിൽ മുഴുവൻ ജീവിലോകവുമായി താരതമ്യം ചെയ്യുമ്പോൾ തേനീച്ചയുടെ ഈ പ്രവർത്തനങ്ങൾ അതുല്യമാണ്. ഒരു ആസൂത്രകനും നിർവ്വാഹകനുമില്ലാതെ എങ്ങനെയാണ് വിചിത്രമായ ഈ ആശയവിനിമയ രീതി നിലവിൽ വന്നതെന്ന് വസ്തുത ഏറ്റവും പുരോഗമനകാരിയായ പ്ര കൃതിവാദി ശാസ്ത്രജ്ഞന്റെ മനസ്സിനെ പോലും അസ്ഥാളിപ്പിക്കുന്നതായിരിക്കും. പക്ഷേ അവർ എപ്പോഴെങ്കിലും ഇതിനെക്കുറിച്ച് അഗാധമായി ചിന്തിക്കുകയോ അത്ഭുതം കൂറുകയോ ചെയ്തിട്ടുണ്ടോ? പുതിയ കൂടിന്നുള്ള സ്ഥലം അന്വേഷിച്ചുപോകുന്ന എല്ലാ പര്യവേഷകരായ തേനീച്ചകളും റാണിയുടെ മുമ്പിൽ വച്ച് വിസ്മയകരമായ ഒരു നൃത്തം കാഴ്ചവെക്കും. അത് സ്വയം തന്നെ സൂക്ഷ്മമായ ഒരു ദിശയിൽ വന്നുനിന്ന് നൃത്തം ആരംഭിക്കുന്നു. അങ്ങനെ ആ നൃത്തത്തിലൂടെ താൻ ശേഖരിച്ച എല്ലാ സന്ദേശവും അതായത് പുതിയ സ്ഥലത്തിന്റെ ദിശ, കിടപ്പ്, സ്ഥലം മുതലായവ റാണിക്ക് കൈമാറുകയും ചെയ്യുന്നു. നൃത്തത്തിലൂടെ വിനിമയം ചെയ്യപ്പെടുന്ന വിവരങ്ങൾ അതിനേക്കാൾ നന്നായും സൂക്ഷ്മമായും മനുഷ്യഭാഷയിൽ വിനിമയം ചെയ്യപ്പെടുവാൻ സാധ്യമല്ല. അത് നൃത്തത്തിലൂടെ താൻ പുതിയ കൂടിന് കണ്ട സ്ഥലത്തെ പറ്റിയും എവിടെയാണ് അത് കണ്ടെന്നും ഇപ്പോഴത്തെ കൂടിൽ നിന്നും എത്ര ദൂരെയാണ് അത് സ്ഥിതിചെയ്യുന്നതെന്നും അനുയോജ്യമായ ഒര പുഷ്പമേഖല ആ സ്ഥലത്തുനിന്നും എത്ര അകലെയാണെന്നുമുള്ള വിവരങ്ങളെല്ലാം റാണിയെ ധരിപ്പിക്കുന്നു. അത് സ്ഥലത്തെ പറ്റി പരിപൂർണ്ണമായ വിവരണം റാണിക്ക് നൽകുന്നു. അതായത് എപ്രകാരമാണ് പ്രകൃതിയുടെ കടന്നുകയറ്റത്തിൽ നിന്നു അവ സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. ആ സ്ഥലം ഒരു മരത്തിന്റെ പൊത്താണെന്നോ അല്ലെങ്കിൽ ഒരു പാറയുടെ ഗുഹാമുഖമാണെന്നോ ഒരു മരത്തിന്റെ ശാഖകളാൽ ചുറ്റപ്പെട്ട കൊമ്പിലാണെന്നോ ഉള്ള വിശദമായ വിവരങ്ങളാണ് നൃത്തത്തിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നത്. കൂടിന്റെ സ്ഥലത്തിന് വേണ്ടി പര്യവേഷണം നടത്തിയ ഓരോ തേനീച്ചയും ഊഴമനുസരിച്ച് വിശദീകരണം നൽകുകയും അവ അവസാനിക്കുന്നത് വരെ റാണി കാത്തു നില്ക്കുകയും ചെയ്യുന്നു. അതിന് ശേഷം മാത്രമാണ് റാണി താൻ എന്താണ് ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നത്. അതിന്ശേഷം താൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തേ കൃത്യമായ ദിശയിലേക്ക് അത് പറന്നുപോകുകയും ചെയ്യുന്നു. എങ്ങനെയാണ് ഈ കൂടുമാറ്റം പൂർത്തിയാക്കുന്നതെന്നും അവസാനം പുതിയ ഒരു കൂട് എങ്ങനെ നിർമ്മിക്കപ്പെടുന്നു എന്നതും മറ്റൊരു അത്ഭുതകരമായ കഥയാണ്.

ആധുനികകാലത്തെ ആശുപത്രികളും ക്ലിനിക്കുകളും ശുചീകരണം പാലിക്കപ്പെടുന്ന രീതിയെ നാണിപ്പിക്കും വിധം തേനീച്ചകൾ തേനീച്ചക്കൂട് എങ്ങിനെയാണ് ശുചിയാക്കിവെക്കുന്നതെന്ന കാര്യം നാം അവസാനം പ്രതിപാദിക്കുന്നതാണ്. വൈറസുകളേയും രോഗാണുക്കളേയും വഹിക്കുന്ന കുപ്രസിദ്ധനായ കൊതുകിൽ നിന്നും കടകവിരുദ്ധമായി തേനീച്ചകൾ അതിന്റെ ശരീരത്തിൽ യാതൊരു വൈറസിനേയോ രോഗാണുവിനേയോ വഹിക്കുന്നില്ല എന്ന് ഗവേഷകന്മാർ കണ്ടെത്തിയിട്ടുണ്ട്. എന്തുകൊണ്ടാണ് തേനീച്ച രോഗാണുരഹിതമായി കാണപ്പെടുന്നത് എന്ന കാര്യം ഗവേഷകന്മാരെ തികച്ചും അമ്പരപ്പിച്ചിരിക്കയാണ്. അവർ ഇത് സംബന്ധിച്ച് പുതിയ ഒരു ഗവേഷണപരിപാടി ആരംഭിച്ചിരിക്കുകയാണ്. ഇത് തേനീച്ചകൾ എങ്ങനെയാണ് അവയുടെ രോഗാണുക്കൾക്കെതിരായുള്ള പ്രതിരോധ വസ്തുക്കൾ നിർമ്മിക്കുന്നത് എന്ന വിസ്മയകരമായ മറ്റൊരു കഥയാണ് അനാവരണം ചെയ്യുന്നത്. ഈ രോഗാണു പ്രതിരോധവസ്തുക്കൾ ചില സസ്യങ്ങളുടെ കറകളിൽ നിന്നാണ് അവ ശേഖരിക്കുന്നത്. അവ ഇപ്പോൾ പ്രൊപോലിസ് (propolis) എന്ന പേരിൽ അറിയപ്പെടുന്നു. ഈ വസ്തുവിന് എല്ലാവിധ ബാക്ടീരിയകളേയും വൈറസുകളേയും നശിപ്പിക്കാനുള്ള അത്ഭുതകരമായ കഴിവുണ്ട്. തേനീച്ചകൾ അവയുടെ കൂടിന്റെ നിർമ്മാണവേളയിൽ അതിന്റെ ബാഹ്യാവരണത്തിൽ മുഴുവൻ ഈ കറ പുരട്ടുന്നു. ഓരോ തേനീച്ചയും കൂട്ടിലേക്ക് മടങ്ങിയെത്തുമ്പോൾ ആദ്യമായി ആ കൂടിന്റെ ബാഹ്യാവരണത്തിൽ വന്നുനില്ക്കുന്നു. അങ്ങനെ വന്നുനിൽക്കുമ്പോൾ തേനീച്ചയുടെ കൊച്ചു പാദങ്ങളിൽ പറ്റിപ്പിടിച്ചിരിക്കുന്ന രോഗാണുക്കളെ കൂട്ടിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് തന്നെ പ്രോപാലിസ് നശിപ്പിച്ചിരിക്കും.

നാം തേനീച്ചയേക്കുറിച്ച് അല്പം വിശദമായി ഇവിടെ ചർച്ച ചെയ്തു. കൗതുകമുണർത്തുന്ന എട്ടു ജീവികളെക്കുറിച്ചും നാം ഇതിനു മുമ്പ് പ്രതിപാദിച്ചുവെങ്കിലും അതിനെക്കുറിച്ചൊന്നും വിശദമായ വിവരണത്തിലേക്ക് പ്രവേശിച്ചിട്ടില്ല. നാം തേനീച്ചയെക്കുറിച്ച് വിശദമായി പ്രതിപാദിക്കാൻ കാരണം വിശുദ്ധ ഖുർആൻ അതിനെക്കുറിച്ച് ആ രീതിയിൽ പറഞ്ഞത് കൊണ്ടാണ്. പ്രകൃതിവാദികളായ ശാസ്ത്രജ്ഞന്മാർ ജീവനെക്കുറിച്ചുയർത്തുന്ന പ്രഹേളികക്ക് തേനീച്ചയുടെ വിവരണം പരിഹാരമാകുന്നതാണ്. തേനീച്ചയെ നാം അവരുടെ ആഴത്തിലും പരപ്പിലുമുള്ള ചിന്തക്ക് മുമ്പിൽ സമർപ്പിക്കാൻ തിരഞ്ഞെടുത്തത് അതിനെ ഒരു മാതൃകയായി മുന്നോട്ടുവെച്ച അതിന്റെ സ്രഷ്ടാ

വിനെ തിരിച്ചറിയാൻ വേണ്ടിയാണ്. തീർച്ചയായും തേനീച്ചയെക്കുറിച്ചും അതിന്റെ സങ്കീർണ്ണമായ ലോക ത്തെക്കുറിച്ചുമുള്ള വിഷയത്തിൽ നമ്മെക്കാൾ വൈദഗ്ദ്യം നേടിയവ രാണ് പ്രകൃതിവാദികളായ ശാസ് ത്രജ്ഞന്മാർ. ഇതിൽ അവർ ബുദ്ധി പരമായ സത്യസന്ധത കാണിക്കേണ്ടതുണ്ട്. അവർ തേനീച്ചയെ ക്കുറിച്ചും അതുമായി ബന്ധപ്പെട്ട മറ്റു വിസ്മയകരമായ കാര്യങ്ങളും ആകസ്മികമായി ഉണ്ടായതാണെന്ന് പറഞ്ഞ് വളരെ ലളിതമായി നിരാ കരിക്കുകയാണ്.

അവരുടെ ആയുധങ്ങൾ താഴെ വെക്കുകയും ഒരു സ്രഷ്ടാവ് ഉണ്ടാ യിരിക്കണമെന്ന കാര്യം അവർ അം ഗീരിക്കുകയും ചെയ്യട്ടെ. ആ സ്രഷ് ടാവാണ് വിശുദ്ധ ഖുർആനിൽ സം സാരിക്കുന്നതും ജീവനെ സംബ ന്ധിച്ച പ്രഹേളിക കാലകാലത്തേ ക്കുമായി പരിഹരിക്കുകയും ചെ യ്തിരിക്കുന്നത്. തേനീച്ചയെ സംബ ന്ധിച്ച ഖുർആൻ വചനങ്ങൾ ഇപ്ര കാരമാണ്.

*'നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി' മലകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും മനു ഷ്യർ കെട്ടിയുണ്ടാക്കുന്ന പന്തലിൽ നിന്നും ചിലേടങ്ങളിൽ നീ കൂടുക ളുണ്ടാക്കുക. പിന്നെ എല്ലാ ഫല വർഗ്ഗങ്ങളിൽ നിന്നും നീ ഭക്ഷി ക്കുക എന്നിട്ട് നിന്റെ നാഥന്റെ സര ണികളിൽ സുഗമമായി പ്രവേശിക്കു കയും ചെയ്യുക. അവയുടെ വയ റുകളിൽ നിന്ന് വിവിധ വർണ്ണങ്ങ ളോടുകൂടിയ ഒരു പാനീയം പുറ ത്തു വരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതി ലൊരു ദൃഷ്ടാന്തമുണ്ട്. (16:69-70) (5)*

ലോകത്തിലാകമാനം നിറഞ്ഞു നില്ക്കുന്ന ചെറുപ്രാണികളിൽ നി ന്നും ദൈവം തേനീച്ചയെ മാത്രം തിരഞ്ഞെടുത്തുകൊണ്ട് സാധാരണ ജീവിവർഗ്ഗത്തിൽപ്പെട്ട പ്രാണിക ളോടും അവൻ വിനിമയബന്ധം മുഖേന ബന്ധപ്പെടുമെന്ന് തെളിയി ച്ചിരിക്കുകയാണ്. ദൈവത്തിന്റെ തേനീച്ചയെ സംബന്ധിച്ച ഈ ഉദാ ഹരിക്കലിലൂടെ അതേ ഇനത്തിൽ പ്പെട്ട മറ്റു പ്രാണിവർഗ്ഗങ്ങളുമായി താരതമ്യമില്ലാത്ത വിധം തേനീച്ച എത്രമാത്രം ഉയർന്നുനില്ക്കുന്നു എന്ന് മനസ്സിലാവുന്നു. എല്ലാറ്റിനും ശേഷം തേനീച്ച വെറുമൊരു കൊ ച്ചു പ്രാണി മാത്രമാണ്. എന്നാൽ എന്ത് മാത്രം അതിശയകരമായ ഒരു പ്രാണിയാണിത്! തേനീച്ചയുടെ സൃഷ്ടിപ്പിന്റെ പ്രഥമഘട്ടത്തിൽ തന്നെ അതിനുള്ള സന്ദേശം നൽക പ്പെട്ടിട്ടുണ്ട്. അതാണ് ഇപ്രകാരം തേനീച്ചയെ പ്രവൃത്തിപ്പിക്കുന്നത്. തേനീച്ച അതിന്റെ പ്രവർ ത്തന ങ്ങൾ മനസ്സിന്റെ ബോധപൂർവ്വമുള്ള നിയന്ത്രണത്തോടുകൂടിയല്ല നിർവ്വ ഹിക്കുന്നത്. സ്വന്തമായി മനസ്സി ല്ലാത്ത ജീനുകളാണ് തേനീച്ചക്ക് എന്താണ് ചെയ്യേണ്ടതെന്ന് പഠിപ്പി ക്കുന്നത്. പക്ഷേ ജീനുകളെ സൃ ഷ്ടിച്ചവനാരോ അവന് ബോധമന സ്സുണ്ട്. ജീനുകൾ ഒരു സേവകനെ പോലെ അവന്റെ ആജ്ഞാനു വർത്തിയായി പ്രവർത്തിക്കുന്നു. അവൻ അക്കാര്യം ലോകത്തിന് കാണിച്ചുകെടുക്കാനായി നിസ്സാര മായ ഒരു പ്രാണിയെ പ്രത്യേകമായി തിരഞ്ഞെടുത്തപ്പോൾ പ്രാണിക ളുടെ ലോകത്ത് അതിന് പരമോന്ന തമായ ഒരു സ്ഥാനം ലഭിക്കുകയു ണ്ടായി. അത് രോഗം പരത്തുന്ന മറ്റു ഷഡ്പദങ്ങളെ പോലെയാകുന്ന തിന് പകരം രോഗശമനത്തിന്റേയും ആശ്വാസത്തിന്റേയും സ്റോതസ്സാ യി മാറി. അവ രണ്ടും തമ്മിൽ ധ്രുവ ങ്ങളുടെ അന്തരമാണുള്ളത്.

തേനിന്റെ രോഗശമനഗുണ ത്തെ സംബന്ധിച്ച് പറയുമ്പോൾ അ തിനെ പറ്റിയുള്ള ഗവേഷണങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഗവേഷകന്മാർ തേനിനെ പറ്റി അത്ഭു തകരമായ ചില കാര്യങ്ങൾ കണ്ടെ ത്തിയിട്ടുണ്ട്. ഇനി എത്രയോ കാര്യ

## റസൂൽ തിരുമേനിയും തേനും

**അബൂ സഈദ് (റ)യിൽ നിന്നും നിവേദനം: ഒരാൾ തിരുമേനി(സ)യുടെ അടുക്കൽ വന്നുപറഞ്ഞു: 'എന്റെ സഹോദരന്റെ വയറിനു സുഖമില്ല' തിരുമേനി(സ) അരുളി: 'അദ്ദേഹത്തിനു തേൻ കുടിക്കാൻ കൊടു ക്കുക' ആ മനുഷ്യൻ രണ്ടാമതും തിരുമേനി(സ)യുടെ അടുക്കൽ വന്നു. 'അദ്ദേഹത്തിനു തേൻ കൊടുക്കുക' എന്ന് തിരുമേനി(സ) അപ്പോഴും അരുളി. മൂന്നാമതും അയാൾ വന്നു. അപ്പോഴും തിരുമേനി(സ) 'അദ്ദേഹ ത്തിനു തേൻ കൊടുക്കുക' എന്ന് തന്നെ അരുളി. വീണ്ടും അയാൾ വന്നു പറഞ്ഞു. "ഞാന ങ്ങനെയൊക്കെ ചെയ്തു, എന്നിട്ടും സുഖം കാണുന്നി ല്ല. തിരുമേനി (സ) അരുളി: 'അല്ലാഹു (തേനിനെക്കുറിച്ച് ഖുർആൻ) പറഞ്ഞത് സത്യം തന്നെ. പക്ഷേ നിന്റെ സഹോദരന്റെ വയറിന് എന്തോ കേടുണ്ട്. അദ്ദേഹ ത്തിന് തേൻ തന്നെ കൊടുക്കൂ' അദ്ദേഹത്തിന് വീണ്ടും തേൻ കൊടുത്തപ്പോൾ രോഗം സുഖപ്പെട്ടു. (ബുഖാരി)**

ങ്ങൾ വെളിപ്പെടുത്താനുണ്ടെന്നും പ്രതീക്ഷിക്കുന്നു. വൈദ്യശാസ്ത്രം അത് സംബന്ധി ച്ച് തിരിച്ചറിഞ്ഞ സംഗതികളെല്ലാം താഴെ പറയുന്ന വചനങ്ങളിൽ ഇപ്രകാരം സംഗ്രഹി ച്ചിരിക്കുന്നു.

*ഇപ്പോൾ തേൻ ചികിത്സ ഗാസ്ട്രോ ഇന്റസ്റ്റിനൽ, രക്തചംക്രമണ സംബന്ധമായ രോഗങ്ങൾ, ശ്വാസകോശസംബന്ധമായ രോഗങ്ങൾ, വൃക്കസംബന്ധമായ രോഗങ്ങൾ, ത്വക്ക്, നാഡി, സ്വനപേടകം, ചെവി, തൊണ്ട, മൂക്ക്, സ്ത്രീകളുടെ ലൈംഗികാവയവം, ഗർഭാശയം മുതലായവരെ ബാധിക്കുന്ന രോഗങ്ങൾ എന്നിവ ചികിത്സിക്കാൻ ഉപയോഗിക്കുന്നു.(6)*

തേനിന്റെ അത്ഭുതകരമായ ഒരു ശമനഗുണത്തെ ബ്രിട്ടീഷ് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുണ്ട്. മാറാവ്യാധിയെന്നു കരുതപ്പെട്ട ചില കണ്ണുചീയൽ രോഗത്തിൽ നിന്നും രോഗം ഭേദമാക്കുവാൻ തേനിന്നുള്ള കഴിവാണ് അവർ കണ്ടെത്തിയത്. തേൻ ഉപയോഗിച്ചുകൊണ്ട് പല രോഗികളും പൂർണ്ണമായ അന്ധതയിൽ നന്നും രക്ഷപ്പെട്ടിട്ടുണ്ട്.

'ചെങ്കണ്ണും അൾസറുമുള്ള രോഗികൾ തേൻ ചികിത്സ കൊണ്ട് കടച്ചിൽ, കണ്ണിൽ മൺതരി പോയത് പോലെയുള്ള അനുഭവം, മുതലായ വയെല്ലാം അപ്രത്യക്ഷമായി. കണ്ണിന്റെ ചുവപ്പ് കുറയുകയോ അപ്രത്യമാവുകയോ ചെയ്തു. കണ്ണിന്റെ പോളയുടെ കോണുകൾക്കുള്ളിലെ വ്രണങ്ങൾ തേൻകൊണ്ടുള്ള ചികിത്സയുടെ കാലയളവിൽ കുറയുകയുണ്ടായി. കൃഷ്ണമണിയെ ബാധിക്കുന്ന രോഗം ഭേദപ്പെടുകയും പ്രകാശം കാണമ്പോഴുണ്ടാകുന്ന അസ്വസ്ഥത മാറികിട്ടുകയും കാഴ്ച മെച്ചപ്പെടുകയും ചെയ്തു. (7)

ഇതിൽ പ്രകൃതിവാദികളായ ശാസ്ത്രജ്ഞന്മാർക്ക് ചിന്തിക്കാനുള്ള സന്ദേശമില്ലേ? നാം അത്ഭുതപ്പെടുന്നു. ആശക്ക് വകയില്ലെങ്കിലും ആശ കൈവെടിയുന്നില്ല!

Reference

1. Winston M.L. The Biology of Honey P.8
2. " " P. 8
3. " " P. 8
4. " " P. 8
5. വി.ഖു. 16. 69-70
6. Mozherenkov V.P. Shubina Use of honey treating eye disease P.
7. " " P.
8. " " P.

---

*(7-ൽ നിന്ന് തുടർച്ച)*

രുന്ന ഭിന്നതാബീജങ്ങൾ ദിനേന വളർന്നുകൊണ്ടുപോകുമ്പോൾ പരസ്പരം മൈത്രി എങ്ങനെ സാദ്ധ്യമാകും എന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിന്നു ഞാൻ ഇവിടെ സമാധാനം പറഞ്ഞുകൊള്ളട്ടെ. യഥാർത്ഥത്തിൽ, മതപരമായ വൈപരീത്യം യുക്തിയെയും നീതിബോധത്തെയും അനുഭവജ്ഞാനത്തെയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരിക്കേണ്ടതാകുന്നു. മനുഷ്യൻ വിവേകബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത്, അവൻ യുക്തിക്കും നീതിബോധത്തിനും നിരക്കാത്തതും അനുഭവജ്ഞാനത്തിനു എതിരായതുമായ യാതൊന്നും കൈകൊള്ളാതിരിക്കേണ്ടതിന്നു തന്നെയാണ്. ഈ വസ്തുത ഗ്രഹിക്കുന്നതായാൽ, ലഘുതരമായ അഭിപ്രായഭേദങ്ങളൊന്നും മൈത്രിക്ക് തടസ്സമാവുകയില്ലെന്നു ബോധ്യപ്പെടുന്നതാണ്. പരസ്പര സൗഹാർദ്ദത്തന്നും മൈത്രിക്കും പ്രതിബന്ധമായിത്തീരുന്നത്, ഒരു കൂട്ടർ മറ്റൊരു കൂട്ടരുടെ ഭക്ത്യാദരങ്ങൾക്ക് പാത്രമായ പ്രവാചകനെയോ മഹാത്മാവിനെയോ അവരുടെ പവിത്ര ഗ്രന്ഥത്തെയോ അവഹേളിക്കുന്നതിനും അപലപിക്കുന്നതിനും പ്രേരിതരായിത്തീരുന്ന തരത്തിലുള്ള വിശ്വാസാഭിപ്രായവൈപരീത്യം മാത്രമാകുന്നു. എന്നാൽ, ഇതുവിഷയകമായി ഇസ്ലാം നൽകുന്ന ഉപദേശങ്ങൾ സമാധാനകാംക്ഷികൾക്ക് പ്രോത്സാഹകങ്ങളായിരിക്കുന്നവയാണെന്നു സാമോദം പ്രസ്താവിച്ചുകൊള്ളട്ടെ. ഇസ്ലാം പഠിപ്പിക്കുന്ന മിക്കവാറും സിദ്ധാന്തങ്ങൾ ദൈവിക മതശാഖകളിൽ ഒന്നിലല്ലെങ്കിൽ മറ്റൊന്നിൽ കാണാവുന്നതാണ്. ദൃഷ്ടാന്തമായി, വേദസംഹിതയുടെ വെളിപാടിനുശേഷം ദൈവബോധനത്തിന്റെ മാർഗ്ഗം അടഞ്ഞുപോയിരിക്കുന്നതായി ഹിന്ദുമതത്തിലെ ഒരു നവീനപ്രസ്ഥാനമായ ആര്യസമാജം സിദ്ധാന്തിക്കുന്നുവെങ്കിലും വേദങ്ങളുടെ ആവിർഭാവത്തിന്നു ശേഷവും ഹിന്ദുമതത്തിൽ വിവിധകാലങ്ങളിലായി വന്ന ഈ രാജ്യത്തിലെ കോടാനുകോടി ജനങ്ങളുടെ ഭക്ത്യാദരങ്ങളെ ആർജ്ജിച്ചുപോന്ന അവതാരപുരുഷന്മാർ തങ്ങൾക്കു ദൈവബോധനവും വെളിപാടും നിലച്ചുപോയിരിക്കുന്നുവെന്ന സിദ്ധാന്തത്തെ നിരാകരിക്കുകയുണ്ടായിട്ടുണ്ട്. അങ്ങനെയുള്ള അവതാരപുരുഷന്മാരിൽവെച്ചു, ഈ രാജ്യത്തിൽ പൊതുവെയും വംഗദേശത്ത് പ്രത്യേകിച്ചും അത്യാദരപൂർവ്വം സ്മരിക്കപ്പെടുന്ന ഒരു മഹാത്മാവ് ശ്രീകൃഷ്ണനാകുന്നു. അദേഹം തനിക്കു ദൈവഭാഷണം സിദ്ധിച്ചതായി അവകാശപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ മനുഷ്യനായി അവതരിച്ച ദൈവം തന്നെയെന്നു വിശ്വസിച്ചിരുന്നുവെങ്കിലും, അദ്ദേഹം തന്റെ കാലത്തു ഒരു പ്രവാചകനും ദൈവത്തിന്റെ വചനാമൃതം കൊണ്ടു അനുഗൃഹീതനായ ഒരു അവതാരപുരുഷനും ആയിരുന്നുവെന്നത് അവിതർക്കിതമാണ്.

ലേഖനം

എ.എം. മുഹമ്മദ് സലിം

# മതവൈവിധ്യങ്ങൾ എന്ത് കൊണ്ട്? മതങ്ങൾക്ക് എങ്ങിനെ ഐക്യപ്പെടാം?

**മതവൈവിധ്യങ്ങൾ മതങ്ങളുടെ പരിണാമ ചരിത്രത്തിലെ വർണ്ണശബളിമയാർന്ന രൂപങ്ങളെ പ്രതിനിധാനം ചെയ്യുന്നു. അവ നൽകുന്ന യഥാർത്ഥ സന്ദേശം സംഘർഷമല്ല സമന്വയമാണ്.**

ഭാരതം മതവൈവിധ്യങ്ങളുടെ ഒരു പ്രദർശനശാലയാണ്. ഇത്രയധികം മതങ്ങളും വിശ്വാസ വൈജാത്യങ്ങളുമുള്ള മറ്റൊരു ദേശം ഭൂമിയിലില്ല. പക്ഷേ ഖേദകരമായ ഒരു വസ്തുത ഇന്ത്യയിലെ പ്രബലമതങ്ങളായ ഹിന്ദുക്കളും, മുസ്‌ലിംകളും, ക്രിസ്ത്യാനികളും ഒരു ഭരണത്തിനു കീഴിൽ സാമൂഹ്യജീവിതം നയിക്കുമ്പോൾ തന്നെ ഒരു വിഭാഗത്തിന്റെ മതം മറ്റൊരു വിഭാഗത്തെ സംബന്ധിച്ചിടത്തോളം പരലോകം പോലെ അന്യവും അജ്ഞാതവുമാണ്. മതങ്ങൾ തമ്മിൽ സംവാദങ്ങളോ ചർച്ചകളോ നാം നടത്താറില്ല. മതമെന്നാൽ തീപ്പിടിക്കുന്ന വികാരമാണെന്നും മതാന്തരസംവാദമെന്നാൽ തീക്കളിയാണെന്നും മതവിശ്വാസികളിൽപ്പെട്ട പലരും ധരിച്ചുവശായിരിക്കുന്നു. മതത്തെ ഒരു അഗ്നികുണ്ഡം പോലെ വഹിച്ചു കൊണ്ടു നടക്കുന്ന അല്പന്മാർ അധികരിച്ചുവരുന്ന ഇക്കാലത്ത് വിഭജനത്തിന്റെ അദൃശ്യമായ വൻമതിലുകൾക്കുള്ളിൽ മതങ്ങൾ വിനിമയരഹിതരമായി കഴിയുന്നു. പാലങ്ങളില്ലാത്ത മതവിശ്വാസത്തിന്റെ ഈ ദ്വീപുകളാണ് മതസ്പർദ്ദയുടെ വളർത്തുകേന്ദ്രങ്ങൾ. മതങ്ങൾ തമ്മിൽ സംശയങ്ങളും ദുരൂഹതകളും ഇവിടെ നിന്നും ഉടലെടുക്കുന്നു. ഇവിടെ നിന്നാണ് സംഘർഷങ്ങളിലേക്കും കലാപങ്ങളിലേക്കും രക്തചൊരിച്ചിലിലേക്കും നയിക്കുന്ന തിന്മയുടെ വിഷബീജങ്ങൾ ഉരുവംകൊള്ളുന്നത്.

ഇന്ത്യാഉപഭൂഖണ്ഡങ്ങളിൽ മതവർഗ്ഗീയകലാപം മൂലം മരിച്ചവരുടെ എണ്ണത്തെ മുൻകടക്കാൻ ലോകമഹായുദ്ധങ്ങൾക്ക് മാത്രമേ സാധ്യമാവൂ. ആത്മശാന്തിക്കും ലോകശാന്തിക്കും വേണ്ടി നിലകൊള്ളുന്ന മതം. ഇത്ര ഭയാനകമായ ഒരു വിപത്തായി മാറുന്നതിന്റെ കേന്ദ്രബിന്ദു എവിടെയാണ്. മതവിശ്വാസികൾ കൂട്ടായി ആലോചിച്ച് അഭിപ്രായ സമന്വയമുണ്ടാക്കേണ്ട പ്രശ്നമാണിത്. വർഗ്ഗീയതക്ക്, ഭരണഘടനാപരമായും സാമൂഹ്യശാസ്ത്രപരമായും രാഷ്ട്രീയപരമായും നിരവധി പരിഹാരങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. വർഗ്ഗീയ ചിന്തകളും വർഗ്ഗീയ ലഹളകളും പരിഹരിക്കാൻ മതത്തിനകത്തുനിന്നും പരിഹാരങ്ങളില്ലേ? എന്നതാണ് നമ്മുടെ ചോദ്യം? വർഗ്ഗീയത പരിഹരിക്കാൻ പ്രാമാണ സഹിതം മതങ്ങൾ മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങളാണ് മറ്റെന്തിനേക്കാളും ഏറ്റവും ഫലപ്രദം. മതത്തിന്റെ അകകാമ്പിൽ നന്നും വരുന്ന അത്തരം പരിഹാരനിർദ്ദേശങ്ങൾക്കാണ് ആത്മീയ ദാർഢ്യവും വൈകാരിക സംസക്തിയുമുണ്ടാവുക. അവസാനകാലത്തെ വാഗ്ദത്ത മതപരിഷ്ക്കർത്താവും ദൈവിക വെളിപാടുകൾ കൊണ്ട് അനുഗ്രഹീതനുമായ ഹദ്റത്ത് അഹ്മദ് (അ)ന്റെയും അദ്ദേഹത്തിന്റെ ഖലീഫമാരുടേയും ഈ വിഷയസംബന്ധമായ ചിന്തകൾ മതലോകം ഗൗരവപൂർവ്വം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അത് കേവലം യുക്തിശൂന്യങ്ങളായ സാന്ത്വനവചനങ്ങളോ വ്യാജസുഖം നൽകുന്ന വീൺവാക്കുകളോ അല്ല. മതവൈവിധ്യങ്ങളെയും അതിന്റെ പൊരുളിനെയും സംബന്ധിച്ച് അവ യുക്തിപൂർണ്ണമായ ഒരു കാഴ്ചപ്പാടു നൽകുന്നു.

ഒരു ബഹുസ്വരസമൂഹത്തിൽ ജീവിക്കാനാവശ്യമായ പ്രായോഗിക അദ്ധ്യാപനങ്ങൾ മുസ്‌ലിം ചിന്താലോകത്തുനിന്നും ഉണ്ടായിട്ടില്ല. അതിന്ന് ഒരു കാരണം മുസ്‌ലിം ലോകത്തെ ചിന്തകൾ ഏറെക്കുറെ മുസ്‌ലിം ഭൂരിപക്ഷത്തിന്റെ പശ്ചാത്തലത്തിലും മുസ്‌ലിം അധികാരത്തിന്റെ സാന്നിധ്യത്തിലും മുസ്‌ലിം

ഉമ്മത്തിന്റെ മാത്രം ലക്ഷ്യം വെച്ചു കൊണ്ടുള്ളതാണ്. ആധുനികലോകത്ത് ഇസ്‌ലാമിനെ നയിക്കാൻ ഈ മദ്ധ്യകാല ചിന്തകൾ അപര്യാപ്തങ്ങളും അപ്രായോഗികവുമാണ്. ഒരു ബഹുമത സമൂഹത്തിൽ നാനാനാദങ്ങളേയും താളപ്പൊരുത്തത്തോടെ ശ്രുതിമധുരമായി എങ്ങിനെ സമന്വയിപ്പിക്കാം എന്ന വിഷയത്തിൽ ഇസ്‌ലാം പ്രാമാണികമായി നൽകുന്ന സംഭാവനയെയാണ് മുസ്‌ലിംകൾ ഉദ്ഗാനം ചെയ്യേണ്ടത്.

## മതവൈവിധ്യങ്ങൾ എന്തു കൊണ്ട്?

ദൈവം അയക്കുന്ന പ്രവാചകന്മാരാണ് മതങ്ങളുടെ സ്ഥാപകന്മാർ. മനുഷ്യവർഗ്ഗത്തിന്ന് പ്രകൃതി നൽകിയ ഗോത്രീയവും ഭാഷാപരവും ദേശീയവുമായ വൈവിധ്യങ്ങൾ തന്നെയാണ്. മതവൈവിധ്യങ്ങളുടേയും അടിസ്ഥാനം. മനുഷ്യസമൂഹം, ഗോത്രങ്ങളും ജനവർഗ്ഗങ്ങളുമായാണ് സൃഷ്ടിക്കപ്പെട്ടത് എന്നത് അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്. സമൂഹരൂപീകരണത്തിൽ അവ വഹിക്കുന്ന പങ്ക് സാമൂഹ്യശാസ്ത്രവും നരവംശശാസ്ത്രം അംഗീകരിച്ചിട്ടുള്ളതാണ്. ഗോത്രങ്ങളുടേയും ദേശീയതകളുടേയും അടിസ്ഥാനത്തിൽ തന്നെയാണ് മതങ്ങളും മതവവൈവിധ്യങ്ങളും രൂപപ്പെടുന്നത്. അതായത് മതങ്ങളുടേയും വൈവിധ്യങ്ങൾക്ക് കാരണം ദൈവത്തിന്റെ ബോധപൂർവ്വമായ പ്രവർത്തനം കൊണ്ടാണ്. അതുകൊണ്ട് തന്നെ അവ പൂർണ്ണമായും പ്രകൃതിപരവുമാണ്. ഖുർആൻ പറയുന്നു:

*മനുഷ്യരെ, തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജനവർഗ്ഗങ്ങളും (ശുഊബ്) ഗോത്രങ്ങളും (കബായിൽ)മാക്കി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം തിരിച്ചറിയുന്നതിന് വേണ്ടി* (49:13)

ഇങ്ങിനെ വ്യത്യസ്തങ്ങളായ ഭാഷാഗോത്രജനവിഭാഗങ്ങളിലെല്ലാം പ്രവാചകന്മാർ വന്നിട്ടുണ്ട്. ഓരോ ജനവർഗ്ഗങ്ങളുടേയും ഭാഷാപരവും സാംസ്കാരികവുമായ പശ്ചാത്തലത്തിലാണ് പ്രവാചകന്മാർ ആഗതരായിട്ടുള്ളത് എന്നാണ് ഖുർആൻ പറയുന്നത്. *'നാം ഓരോ സമുദായത്തിലും ഓരോ ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. ദുശ്ശക്തികളെ വർജ്ജിക്കുക (എന്നതായിരുന്നു അവരുടെ പ്രബോധനം)* (16:37)

പുരാതനസമൂഹങ്ങളിൽ ഭാഷയാണ് ഏറ്റവും ശക്തമായ ഗോത്രചിഹ്നം. ഓരോ ഗോത്രത്തിന്റേയും ഭാഷയിലാണ് പ്രവാചകന്മാർ സംസാരിച്ചതെന്ന് ഖുർആൻ വ്യക്തമാക്കുന്നു *'നാം ഒരു ദൂതനെയും അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയോടെയല്ലാതെ അയച്ചിട്ടില്ല. അദ്ദേഹം അവർക്ക് സന്ദേശം വിവരിച്ചുകൊടുക്കുന്നതിനുവേണ്ടി* (14:5) ഇങ്ങിനെ പ്രകൃതി സൃഷ്ടിച്ച ഗോത്രീയമായ ശക്തമായ അടിസ്ഥാനങ്ങളിലാണ് മതങ്ങളും സ്ഥാപിതമായത്. മതവൈവിധ്യങ്ങളുടെ അടിസ്ഥാനമിതാണ്. മനുഷ്യസമൂഹത്തിന്റെ വളർച്ചക്ക് ഗോത്രങ്ങളും, ഭാഷയും, ദേശീയതയും എപ്രകാരം പ്രയോജനകരമായിരുന്നുവോ അപ്രകാരം തന്നെ മതങ്ങളുടെ വളർച്ചക്കും അവ അനുപേക്ഷണീയമാണ്. പ്രകൃതിയുടെ ഈ വൈവിധ്യം വിനാശകരമായ വൈരുദ്ധ്യമല്ല എന്ന തിരിച്ചറിവാണ് മതവിശ്വാസികൾക്ക് വേണ്ടത്.

മനുഷ്യസമൂഹം ആദിയിൽ ഒറ്റ സമുദായമായിരുന്നു എന്നാണ് ഖുർആൻ പറയുന്നത്. പിന്നീട് വൈവിധ്യങ്ങളുമായി വീണ്ടും അവൻ ഐക്യത്തിലേക്ക് മനുഷ്യസമൂഹത്തെ നയിക്കും എന്നും ഖുർആൻ പറയുന്നു (2:214).

ജനവർഗ്ഗ വൈവിധ്യങ്ങൾ ഭാവിയിൽ സാമൂഹ്യവത്ക്കരണത്തിന് വിധേയമായി മനുഷ്യർ ഒരു സമൂഹമായിത്തീരും എന്നതും ഒരു യാഥാർത്ഥ്യമാണ്. ഈ സാമൂഹ്യസങ്കലനം പൂർത്തിയായി ഏകലോകം സംജാതമാവുന്ന ആധുനികകാലത്തെ പറ്റിഖുർആനിൽ പ്രവചനമുണ്ട്. ജനവർഗ്ഗങ്ങളുടെ ഈ സങ്കലന പ്രക്രിയ ആരംഭിച്ച ഘട്ടത്തിൽ തന്നെ ഗോത്രദേശീയതകൾക്കതീതമായ ഒരു സർവ്വജനീന പ്രവാചകനായി മുഹമ്മദ് നബി(സ)യെ ദൈവം അയക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിസംബോധനയും ദൗത്യവും വിശ്വമാനവ സമൂഹത്തോടായിരുന്നു. 'ദൈവം മുഹമ്മദ് നബി (സ)യോട് കല്പിക്കുന്നു. *'പറയുക: 'ഓ മനുഷ്യരേ സത്യമായും നിങ്ങളെല്ലാവരിലേക്കും (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാണ് ഞാൻ* (9:159)

ഇങ്ങിനെ വിശ്വമാനവസമൂഹത്തിന്റെ രൂപീകരണം ആരംഭിക്കുന്ന വേളയിൽ ആഗതനാവുന്ന സർവ്വജനീന പ്രവാചകൻ മനുഷ്യന്റെ മതവികാസ പരിണാമത്തിലെ നവീനദശയെ പ്രതിനിധീകരിക്കുന്നു. ആ സന്ദർഭത്തിൽ മനുഷ്യസമൂഹത്തിന്റെ ആത്മീയമായ ഏകീകരണത്തിൽ ഭാഗഭാക്കാവാൻ പൂർവ്വമതങ്ങളുടേയും അനുയായികൾ അദ്ദേഹത്തെ തിരിച്ചറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. എങ്കിൽ മാത്രമോ മനുഷ്യന്റെ സാമൂഹിക വികാസത്തോടൊപ്പം സംഭവിക്കേണ്ട ആത്മീയ വികാസവും ഐക്യവും പൂർണ്ണമാവുകയുള്ളൂ. ഭാവിയിൽ സമാഗതനാവുന്ന ഈ വിശ്വമാനവ പ്രവാചകനെ സ്വീകരിക്കാൻ പൂർവ്വീകരായ എല്ലാ പ്രവാചകന്മാരോടും ദൈവം കരാർ വാങ്ങിയതായി ഖുർആൻ പറയുന്നു. ആ കരാറിന്റെ മുദ്രകൾ അതാത് മതങ്ങളിൽ സത്യാന്വേഷികൾക്ക് തിരിച്ചറിയുന്ന രൂപത്തിൽ ഇപ്പോഴും കാണാവുന്നതാണ്. ഇങ്ങനെ എല്ലാ പ്രവാചകന്മാരോടും വാങ്ങി യ ഈ കരാറിനെ സംബന്ധിച്ച് ഖുർആൻ പറയുന്നു.

*'അല്ലാഹു പ്രവാചകന്മാരോട് കരാർ വാങ്ങിയ അവസരം ഓർക്കുക? ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നൽകിയിട്ട് പിന്നെ നിങ്ങളുടെ കൂടെയുള്ളതിനെ സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൻ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേണ്ടതാണ്. (എന്നു പറഞ്ഞുകൊണ്ട്) അവൻ ചോദിച്ചു : നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ (ഈ ബാധ്യതയെ ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു: (അതെ) 'ഞങ്ങൾ സമ്മതിച്ചു' അല്ലാഹു പറഞ്ഞു: നിങ്ങൾ സാക്ഷ്യം വഹിക്കുവീൻ; നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽ പെട്ടവനാണ് (3:82)*

ഇസ്‌ലാം മതം അതിന്റെ പൂർവ്വ മതങ്ങളെയെല്ലാം സ്വന്തം പൈതൃകമായി കാണുകയും അതിനെ അംഗീകരിക്കുകയും സ്വാംശീകരിക്കുകയും അത് തങ്ങളുടെ അനുപേക്ഷണീയ മതബാദ്ധ്യതയായി കണക്കാക്കുകയും ചെയ്യുന്നു. ആ പൂർവ്വ മതങ്ങളുടെ സ്വാഭാവിക പരിണാമ പൂർത്തിയെയാണ് ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്നത്. ആദം നബി (അ) മുതൽ വന്ന നിരവധി പ്രവാചകന്മാരാൽ കെട്ടിപ്പടുത്ത മതസൗദത്തിന്റെ സമഗ്രപൂർ ണതയാണ് ഇസ്‌ലാം.

## ശ്രീകൃഷ്ണൻ ഒരു പ്രവാചകൻ

എല്ലാ ജനങ്ങളിൽ പ്രവാചകന്മാർ അവതരിച്ചിട്ടുണ്ട് എന്നതും അവരിൽ വിശ്വസിക്കാൻ മുസ്‌ലിംകളുടെ ബാദ്ധ്യതയാണ് എന്നതും ഇസ്‌ലാമിലെ പ്രഖ്യാപിത തത്വമാണ്. ഇന്ത്യയിൽ ജനിച്ച അല്ലാഹുവിന്റെ മഹാനായ ദിവ്യ പ്രവാചകനാണ് ഹദ്റത്ത് ശ്രീകൃഷ്ണൻ (അ) ശ്രീരാമനും (അ) ശ്രീബുദ്ധനും (അ) ശ്രീ വർദ്ധമാനമഹാവീരനും (അ) കോടിക്കണക്കിന് സത്യാത്മാക്കൾ ഈ മഹാന്മാരായ ദിവ്യാത്മാക്കളുടെ സ്മരണയിലും അ ദ്ധ്യാപനത്തിലും വിശുദ്ധ ജീവിതം നയിക്കുകയും ലോകത്ത് ശാന്തി പരത്തുകയും ചെയ്യുന്നവരാണ്. ഹദ്റത്ത് ശ്രീകൃഷ്ണൻ (അ)നെ പറ്റി റസൂൽ തിരുമേനി(സ) പ്രസിദ്ധമായ ഒരു വചനം ഇങ്ങിനെയാണ്. *'കാനഫിൽ ഹിന്ദി നബിയ്യും അസ്‌വദു ലൗനഹു ഇസ്മുഹു കാഹിന'* കാർവർണനിറത്തോടുകൂടിയ ഒരു പ്രവാചകൻ ഇന്ത്യയിൽ ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ നാമം കാഹിന (കണ്ണൻ) എന്നായിരുന്നു. (ദയ്‌ലമി) ഹദ്റത്ത് ശ്രീകൃഷ്ണനെ (അ) പറ്റി ഇസ്‌ലാമിൽ അവതരിച്ച വാഗ്ദത്ത മസീഹും അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുമായ ഹദ്റത്ത് അഹ്മദ് (അ) പറയുന്നു.

*'രാജാ കൃഷ്ണൻ യഥാർത്ഥത്തിൽ ഒരു പരിപൂർണ്ണ മനുഷ്യൻ ആയിരുന്നുവെന്ന് എനിക്ക് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിനു തുല്യനായി ഹിന്ദുക്കളുടെ ഋഷിമാരിലും അവതാരങ്ങളിലും മറ്റൊരാളെ കാണാനാവില്ല. അദ്ദേഹം തന്റെ കാലഘട്ടത്തിലെ അവതാരം അഥവാ നബിയായിരുന്നു. ദൈവത്തിൽ നിന്നുള്ള 'റുഹുൽ ഖുദ്സ്' അഥവാ പരിശുദ്ധാത്മാവ് അദ്ദേഹത്തിൽ ഇറങ്ങാറുണ്ടായിരുന്നു.അദ്ദേഹം ദൈവത്തിൻ നിന്നുള്ള ജേതാവും ഐശ്വര്യവാനും ആയിരുന്നു. ആര്യാവർത്തത്തെ പാപത്തിൽ നിന്നും ശുദ്ധീകരിച്ച അദ്ദേഹം തന്റെ കാലഘട്ടത്തിലെ നബി തന്നെയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പാഠങ്ങൾ പിൽക്കാലത്ത് മാറ്റിമറിക്കപ്പെട്ടു. ദൈവപ്രേമം നിറഞ്ഞു തുളുമ്പിയ ആളായിരുന്നു അദ്ദേഹം. നന്മയോടുള്ള സ്നേഹവും തിന്മയോടുള്ള വെറുപ്പും പുലർത്തിയിരുന്നു. അവസാനകാലത്ത് അദ്ദേഹത്തിന്റെ ഒരു പ്രതിരൂപം അഥവാ അവതാരം വെളിപ്പെടുമെന്നത് ദൈവത്തിന്റെ വാഗ്ദാനം ആയിരുന്നു. ആ വാഗ്ദാനം എന്റെ പ്രാദുർഭാവത്തോടെ പൂർത്തിയായിരിക്കുന്നു.* (ലക്ചർ സിയാൻകോട്ട്).

## ഇസ്‌ലാം സാർവ്വദേശീയ മതം

മറ്റു മതങ്ങളിൽ നിന്നും വിഭിന്നമായി ഇസ്‌ലാം എല്ലാ മതങ്ങളേയും മതപുരുഷന്മാരേയും അംഗീകരിക്കുന്നു. ഇത് ഒഴുക്കൻ മട്ടിൽ പറഞ്ഞ ഒരു പ്രസ്താവനയോ അഭിപ്രായമോ അല്ല. എല്ലാ പ്രവചകന്മാരിലും വശ്വസിക്കുക എന്നത് ഇസ്‌ലാമന്റെ ആറു അടിസ്ഥാന വിശ്വാസപ്രമാണങ്ങളിൽ 5-ാമത്തേതാണ്. പ്രവാചകന്മാർക്കിടയിൽ യാതൊരു വ്യത്യാസവും കല്പിക്കാതെ എല്ലാവരേയും വിശ്വസിക്കാനാണ് ഖുർആന്റെ കല്പന. മുസ്‌ലിംകൾക്ക് പൂർവ്വിക പ്രവാചകന്മാരെ വിശ്വസിച്ചാൽ മാത്രം പോര അവർ കൊണ്ടുവന്ന വേദഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ ബാധ്യസ്ഥരാണ്. ഖുർആൻ പറയുന്നു. *'അവർ എല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കല്പിക്കുന്നില്ല (എന്നവർ പറയും) (2:228)*

ലോകത്തിലെ എല്ലാ ജനവർഗ്ഗങ്ങളിലും ദൈവം ദൂതന്മാരെ അയച്ചിട്ടുണ്ടെന്നും ആ ദൂതന്മാരിലെല്ലാം വിശ്വസിക്കാൻ തങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണെന്നും ഇസ്‌ലാം പ്രഖ്യാപിക്കുന്നു. മാത്രമല്ല ഇസ്‌ലാം ഗോത്രീയമായ യാതൊരു പരിഗണനയുമില്ലാതെ വിശ്വാസ സമൂഹത്തെയാണ് അഭിസംബോധനം ചെയ്യുന്നത്. ഈ പ്രത്യേകതകളാണ് ഇസ്‌ലാം മതത്തെ സാർവ്വജനീന മതമാക്കി മാറ്റുന്നത്.

മാത്രമല്ല മതങ്ങളെ ദൈവം അവതരിപ്പിച്ച കാലാനുക്രമ പട്ടിക നോക്കിയാൽ ഇസ്‌ലാം മതം മതപരിണാമത്തിന്റെ പരിപൂർത്തി വന്ന കാലഘട്ടത്തിൽ ഒടുവിലായി അവതരിച്ച മതമാണ്. അതിനുശേഷം

മതകുടുംബത്തിൽ പുതിയ മതങ്ങൾ ഉത്ഭവിച്ചായി കാണുവാനും സാധ്യമല്ല.

## മോക്ഷവും മതങ്ങളും

ഇസ്‌ലാം മതവും ഇസ്‌ലാം മതത്തിന് മുമ്പ് ആവിർഭവിച്ച മതങ്ങളുടേയും മോക്ഷത്തെ സംബന്ധിച്ച അവകാശവാദത്തിൽ വ്യത്യാസങ്ങളുണ്ട്. വാസ്തവത്തിൽ അന്യമത വിശ്വാസികളെ പേരെടുത്ത് പറഞ്ഞ് അഭിസംബോധന ചെയ്തുകൊണ്ട് അവർക്ക് ആത്മീയ സാന്ത്വനം നൽകുന്ന വിശുദ്ധ ഖുർആന്റെ വിശാലമായ സാർവ്വജനീന മതദർശനം മറ്റൊരുമതത്തിലും കാണാത്തതാണ്. മധ്യകാല മനസ്ഥിതിക്കാരായ സങ്കുചിത മുസ്‌ലിം പൗരോഹിത്യം തിരിച്ചറിയാത്തതോ തുറന്നുകാട്ടാത്തതോ ആയ അന്യാദൃശമായ ഇസ്‌ലാമിന്റെ ഈ വശത്തെ സംബന്ധിച്ച് അഹ്മദിയ്യാ ഖലീഫയുടെ വിവരണം ശ്രദ്ധിക്കുക. *'മോക്ഷം ഒരു മതത്തിന്റേയും കുത്തകയാക്കാൻ സാധ്യമല്ല'* (Salvation Cannot be monopolised by any single religion)' എന്ന ഉപശീർഷകത്തിൽ 'Islam's response to contemporary issues' എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു.

*'നിർഭാഗ്യകരമെന്ന് പറയട്ടെ തങ്ങളുടെ വിശ്വാസവുമായി യോജിച്ചു പോകാത്തവർക്കെതിരെ നില്ക്കുക എന്നത് ലോകത്തിലെ മിക്ക മതപുരോഹിതന്മാരുടെയും സമീപനമായി കാണപ്പെടുന്നു. മധ്യകാല ഘട്ടത്തിലെ മിക്ക മുസ്‌ലിം പണ്ഡിതന്മാരും ഇസ്‌ലാമിനെ പോലും അവതരിപ്പിച്ചത് ഇസ്‌ലാം മതത്തിന്റെ ആവിർഭാവത്തിനുശേഷം ഇസ്‌ലാം മതത്തിന് പുറത്തു ജീവിച്ചു മരിച്ച ആദം സന്തതികൾക്കെല്ലാം മോക്ഷം നിഷേധിക്കപ്പെടും എന്ന അർത്ഥത്തിൽ ഇസ്‌ലാം മാത്രമാണ് മോക്ഷത്തിന്റെ ഒരേയൊരു കവാടം എന്ന നിലക്കാണ്. ക്രിസ്തുമതവും ഇതിൽ നിന്നും വിഭിന്നമായ ഒരു വീക്ഷണമല്ല അവതരിപ്പിക്കുന്നത്. എന്റെ അറിവിൽ പെട്ടിടത്തോളം മറ്റു മതങ്ങളും ഇതേ വീക്ഷണം തന്നെയാണ് അവതരിപ്പിക്കുന്നത്.*

*എന്റെ ശ്രോതാക്കൾ ഞാൻ പറയുന്നത് വിശ്വസിച്ചാലും. അന്യമതവിദ്വേഷപരവും സങ്കുചിതവുമായ ഈ വീക്ഷണം ഇസ്‌ലാമിനു നേരെ ആരോപിക്കുന്നതിന് യാതൊരു നീതീകരണവുമില്ല. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആന് പറയാനുള്ളത് തികച്ചും വ്യത്യസ്തമായ മറ്റൊരു കഥയാണ്.*

*വിശുദ്ധ ഖുർആൻ പ്രകാരം മോക്ഷം എന്നത് ലോകത്തിലെ യാതൊരു മതത്തിനും കുത്തകയാക്കാൻ സാധ്യമല്ല. പുതിയ സത്യങ്ങൾ വെളിപ്പെടുകയും പ്രകാശത്തിന്റെ പുതിയ കാലഘട്ടങ്ങൾ ഉദയം ചെയ്യുകയും ചെയ്താൽ പോലും ആദ്യവസാനം വരെ തങ്ങളുടെ സ്വന്തം തെറ്റിനാലല്ലാതെ, അറിവില്ലായ്മയുടെ ഒരു ജീവിതം നയിക്കുന്ന ഒരു കൂട്ടർ, അവരാകട്ടെ തെറ്റായ ആശയങ്ങളുടെ പിൻമുറക്കാരായിരുന്നാൽ പോലും സത്യസന്ധമായ ഒരു ജീവിതം അവർ പൊതുവേ നയിക്കാൻ ശ്രമിക്കുന്നുവെങ്കിൽ അവർക്ക് ദൈവത്തിൽ നിന്നുള്ള മോക്ഷം നിഷേധിക്കപ്പെടുകയില്ല.*

*ഈ വസ്തുത താഴെ കൊടുത്തിരിക്കുന്ന ഖുർആൻ വചനം കൂടുതൽ വിശദീകരിക്കുന്നതാണ്.*

*ഓരോ സമുദായത്തിനും ഓരോ ആരാധനാസമ്പ്രദായം നാം നിശ്ചയിച്ചുണ്ട്. അവരത് ആചരിക്കുന്നു. അതിനാൽ ഈ കാര്യത്തിൽ (ഇസ്‌ലാമിക ആരാധനാസമ്പ്രദായത്തിൽ) അവർ നിന്നോടു തർക്കിക്കാതിരിക്കട്ടെ. നിന്റെ നാഥനിലേക്ക് നീ ക്ഷണിക്കുക. നീ നേർമാർഗ്ഗത്തിൽ തന്നെയണ് (22:68)*

*ഇതേ പശ്ചാത്തലത്തിൽ തന്നെ ഖുർആൻ മറ്റൊരു വചനത്തിന് പ്രഖ്യാപിക്കുന്നു.*

*വിശ്വസിച്ചവരും (മുഹമ്മദിൽ) യഹൂദികളും, സാബിഉകളും ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാവുകയില്ല. അവർ വ്യസനിക്കുന്നവരുമല്ല (5:20)*

*ഇവിടെ ഗ്രന്ഥാനുസാരികൾ എന്ന പ്രയോഗത്തിൽ അതിൽ യഹൂദികളും ക്രിസ്ത്യാനികളും അടങ്ങിയിരിക്കുന്നുവെങ്കിലും അതിനേക്കാൾ വിശാലമായ അർത്ഥം കൂടി അതിൽ ഉള്ളടങ്ങിയിട്ടുണ്ടെന്ന് ഞാനുണർത്തട്ടെ. 'നാമൊരു താക്കീത്കാരനേയും അയക്കാത്ത ഒരു സമൂഹവും ലോകത്തില്ല' എന്ന ഖുർആനിക വചനവും അതുപോലെ മറ്റ് വചനങ്ങളുടേയും അവകാശവാദമനുസരിച്ച്, ബൈബിൾ പഴയനിയമത്തിന്റേയും പുതിയനിയമത്തിന്റേയും (തൗറാത്തും ഇൻഞ്ചീലും) ആളുകൾ മാത്രമല്ല ഗ്രന്ഥം നൽകപ്പെട്ട ജനങ്ങൾ. മറ്റു ജനതകൾക്കും അവരുടെ ക്ഷേമത്തിനു വേണ്ടി ഗ്രന്ഥങ്ങൾ നൽകപ്പെട്ടിട്ടുണ്ട് എന്ന കാര്യം വളരെ സുനിശ്ചിതമാണെന്നതിൽ യാതൊരു സംശയവുമില്ല. ദൈവികവെളിപാടിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ചതെന്ന് അവകാശപ്പെടുന്ന എല്ലാ മതങ്ങളും ഗ്രന്ഥാനുസാരികളായ ജനങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്നതാണ്.*

*മാത്രമല്ല, വിശുദ്ധ ഖുർആൻ ഇവിടെ ഉപയോഗിച്ച 'സാബി' എന്ന പദം ഈ വിഷയം കൂടുതൽ വ്യക്തമാക്കുകയും സംശയം ദൂരീകരിക്കുകയും ചെയ്യുന്ന 'സാബി' എന്ന പദം സ്വന്തമായി വെളിപാടുഗ്രന്ഥങ്ങളുള്ള സെമിറ്റിക്കല്ലാത്ത എല്ലാ അറബിയേതര മതങ്ങളേയും വിശേഷിപ്പിക്കാൻ അറബികൾ ഉപയോഗിക്കുന്ന പദമാണ്. അപ്രകാരം വെളിപാടുകളുടെ അടിസ്ഥാനത്തിലുള്ള എല്ലാ മതാനുയായികൾക്കും ദൈവ*

*ത്തിൽ നിന്ന് യാതൊന്നും ഭയപ്പെ ടേണ്ടതില്ലെന്നും അവർക്ക് മോക്ഷം നിഷേധിക്കപ്പെടുന്നതല്ലെന്നും ഉറപ്പ് നൽകപ്പെട്ടിരിക്കുന്നു, അവരാകട്ടെ പുതിയ മതത്തിന്റെ വെളിച്ചം തിരിച്ചറിയുന്നതിൽ യഥാർത്ഥത്തിൽ പരാജയപ്പെടുന്നില്ല. അവർ തങ്ങളുടെ പൂർവ്വികമതത്തിന്റെ മൂല്യങ്ങളെ സത്യസന്ധമായും നിർവ്യാജമായും മുറുകെപിടിക്കുകയും ചെയ്യുന്നു.*

*വിശ്വാസികളിൽ നിന്നുള്ള ആളുകളെ പറ്റി വിശുദ്ധ ഖുർആൻ പരാമർശിക്കുമ്പോൾ ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും സാബികൾക്കും ഇപ്രകാരം വാഗ്ദാനം നൽകുന്നു.: 'നിശ്ചയമായും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവുമുണ്ടാകുന്നതല്ല. അവർ ദുഃഖിക്കുന്നതുമല്ല. (2:63)*

*'തൗറാത്തും ഇഞ്ചീലും അവരുടെ നാഥനിൽ നിന്ന് ഇറക്കപ്പെട്ടതിലും അവർ മുറപ്രകാരം പ്രയോഗത്തിൽ വരുന്നില്ലായിരുന്നുവെങ്കിൽ അവർ തങ്ങളുടെ മേൽഭാഗത്തുനിന്നും അവരുടെ കാലുകളുടെ കീഴെ നിന്നും ഭക്ഷിക്കുമായിരുന്നു. മിതത്വം സ്വീകരിക്കുന്ന ഒരു കൂട്ടർ അവരിലുണ്ട്. എന്നാൽ അവരിൽപ്പെട്ട അധികം പേരും എത്രയും ചീത്തയായിട്ടുള്ളതാണ്.' (5:67)*

*ഇസ്‌ലാം മതത്തിലല്ലാത്തവരെ അടച്ചാക്ഷേപിക്കുന്നതിൽ നിന്നും മുസ്‌ലിംകളെ ഖുർആൻ തടയുന്നു. ഖുർആൻ അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു.*

*'അവരെല്ലാവരും ഒരുപോലെയല്ല (തങ്ങളുടെ കറാറിൽ) ഉറച്ചുനിൽക്കുന്ന ഒരു വിഭാഗം ആളുകൾ ഗ്രന്ഥാനുസാരികളിൽ ഉണ്ട്. അവർ രാത്രിസമയങ്ങളിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതുകയും (അവന്റെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കാര്യങ്ങൾ ഉപദേശിക്കുകയും നിഷിദ്ധകാര്യങ്ങൾ വിലക്കുകയും സൽകർമങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സദ്വൃത്തരിൽപെട്ടവരുമാകുന്നു. അവർ ഏതു നല്ല കാര്യം പ്രവർത്തിച്ചാലും അവരോടു അതിനെ സംബന്ധിച്ച അവഗണന കാണിക്കപ്പെടുകയില്ല. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെക്കുറിച്ച് നല്ലവണ്ണം അറിവുള്ളവനാണ്. (3:114-116)*

*ഈയടുത്തകാലത്തെ രാഷ്ട്രീയശാത്രവം നിമിത്തം ജൂതന്മാർക്കും മുസ്‌ലിംകൾക്കുമിടയിൽ വമ്പിച്ച തോതിൽ തെറ്റിദ്ധാരണകൾ രൂപംകൊണ്ടിരിക്കുന്നു. അതായത് ഇസ്‌ലാം മതവിശ്വാസപ്രകാരം എല്ലാ ജൂതന്മാരും നരകാവകാശികളാണെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു എന്നതാണ് ആ തെറ്റിദ്ധാരണ. ഞാൻ ഇപ്പോൾ നിങ്ങളുടെ മുമ്പിൽ ഓതിയ ഖുർആനിലെ വചനങ്ങളിൽ നിന്നും താഴെ കൊടുത്ത ഖുർആനിക വചനങ്ങളിൽ നിന്നും ഇത് പൂർണമായും തെറ്റാണെന്ന് തെളിയുന്നു.*

*'സത്യമനുസരിച്ച് വഴികാട്ടുകയും അതുമുഖേന നീതിപാലിക്കുകയും ചെയ്യുന്ന ഒരു സമുദായം മൂസായുടെ ജനങ്ങളിലുണ്ട്. (7:160)*

(Islam's Response to contemporary issues - By Hadrath Mirza Thahir Ahmed - P 24-27)

## സർവ്വവ്യാപകമായ ദൈവകൃപ

'മൈത്രി സന്ദേശം' എന്ന പുസ്തകത്തിൽ വിവിധ മതസമൂഹങ്ങളെ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ് ഐക്യത്തിലേക്ക് ക്ഷണിക്കുന്നുണ്ട്. വിശുദ്ധ ഖുർആനിലെ പ്രഥമാദ്ധ്യായമായ സൂറ: ഫാത്തിഹായിലെ **'അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ'** എന്ന വചനത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ടാണ്. *'സർവ്വ സ്തോത്രവും അഖിലലോകങ്ങളുടേയും സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിന്നത്രേ'* എന്നതാണ് ആ വചനം.

ഇവിടെ ലോകങ്ങൾ എന്നാൽ വിവിധ കാലങ്ങളിലെ വ്യത്യസ്ത ജനവിഭാഗങ്ങളിൽപെട്ടവർ എന്ന അർത്ഥവും ഉൾപ്പെട്ടിരിക്കുന്നു. ദൈവം ഒരു ജനവർഗ്ഗത്തോടു മാത്രം സംസാരിക്കുകയും മറ്റുള്ളവരെ ഒഴിവാക്കുകയും ചെയ്യുക എന്നത് ദൈവമഹത്വത്തിന് ചേർന്നതാണോ എന്ന യുക്തിപൂർണ്ണമായ ചോദ്യമാണ് വാഗ്ദത്ത മസീഹ് ഉയർത്തുന്നത്: അപ്രകാരം ബൈബിൾ സുവിശേഷം പറയുന്നതുപോലെ യേശു ദൈവം തന്നെയാണെങ്കിൽ *'താൻ ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് മാത്രമാണ് വന്നത്'* എന്ന സങ്കുചിതമായ വാക്ക് പറയുക എന്നതും യുക്തിവിരുദ്ധവും ദൈവമഹത്വത്തിന്നെതിരുമാണ്.

സൂര്യനും, ചന്ദ്രനും, വായുവും വെള്ളവും, ഫലമൂലാധികളും എല്ലാ ജനതകൾക്കും നൽകുന്ന ദൈവം ആത്മീയ പോഷണത്തിനും എല്ലാ ജനതകൾക്കും സംവിധാന മേർപ്പെടുത്തിയിട്ടുണ്ട്. ആര്യാവർണത്തിൻ മാത്രമേ വിശുദ്ധ ഭൂമിയെന്നും അവിടെ മാത്രമേ ദൈവിക വെളിപാടുകൾ സംജാതമാവുമെന്നുമുള്ള ആര്യസമാജികളുടെ സങ്കുചിതവാദത്തെയും ഈ വിധത്തിലാണ് മനുഷ്യന്റെ ധാർമ്മികയുക്തിയെ തട്ടിയുണർത്തിക്കൊണ്ട് അദ്ദേഹം നേരിടുന്നത്.

## പരസ്പരാദരം

മതങ്ങൾ തമ്മിൽ ചിലപ്പോൾ അടിസ്ഥാന നിലപാടുകളിൽ തന്നെ വ്യത്യാസമുണ്ട്. ഇസ്‌ലാം മതം അദൃശ്യനായ ഏകദൈവത്തെ ആരാധിക്കുമ്പോൾ മറ്റു മതസ്ഥർ ദൈവത്തിന്റെ അവതാരങ്ങളോ മൂർത്തികളോ ആയിസങ്കല്പിച്ചുക്കൊണ്ട് ബിംബങ്ങളേ ആരാധിക്കാറുണ്ട്. മുസ്‌ലിംകൾക്ക് ആശയപരമായി ഇ

തിൽ വിയോജിപ്പുണ്ടെങ്കിൽ കൂടി അവയെ ശകാരിക്കുകയോ വിശ്വാസികളെ വേദനിപ്പിക്കുന്ന വാക്കുകളുപയോഗിച്ച് അവയെ ആക്ഷേപിക്കുകയോ ചെ യ്യരുതെന്നത് ഖുർആന്റെ വ്യക്തമായ ശാസനയാണ്.

*അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത് (6:109)*

## സംവാദം നടത്തുക

മതം എന്നാൽ തീപ്പിടിക്കുന്ന വികാരമോ, കേവലവിശ്വാസമോ അല്ല. ധൈഷണിക ബന്ധമായ ഒരു സംവാദ ഭൂമിക എല്ലാ മതങ്ങൾക്കുമുണ്ട്. ഈ ഭൂമികയിൽ നിന്ന് കൊണ്ട് ഏറ്റവും മാന്യമായ രീതിയിൽ തത്വജ്ഞാനപരമായ മതസംവാദങ്ങളും ചർച്ചകളും നടത്തി സത്യങ്ങൾ ഗ്രഹിക്കുന്നുമെന്നാണ് ഖുർആന്റെ ഉപദേശം.

*തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ (ജനങ്ങളെ) ക്ഷണിക്കുക ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുകയും ചെയ്യുക. (16:126)*

## സമാധാന ഉടമ്പടി

പരസ്പരം മതഗുരുക്കന്മാരെ നിന്ദിക്കുന്നതിന്റെ പേരിൽ പൊട്ടിപ്പുറപ്പെടുന്ന വർഗ്ഗീയ കലാപങ്ങളും രക്തച്ചൊരിച്ചിലും ഭാരതീയ സമൂഹത്തിന് സർവ്വസാധാരണമാണ് ഈ സാഹചര്യത്തിൽ യഥാർത്ഥ മതമൂല്യങ്ങളിലൂന്നിനിന്നുകൊണ്ട് ഹദ്റത്ത് അഹ്മദ് (അ) ഹിന്ദു മുസ്ലിം നേതൃത്വത്തോട് 'മൈത്രീസന്ദേശം' എന്ന പുസ്തകത്തിലൂടെ ഒരു ഐക്യകരാറിന് ആഹ്വാനം ചെയ്യുകയുണ്ടായി. മതസൗഹാർദ്ദം വളർത്തുന്ന ഏറ്റവും യുക്തിപൂർണ്ണമായ ഒരു പ്രായോഗിക പദ്ധതിയാണിത്. ഒരു സിവിൽ ഉഭയകക്ഷിക്കാർ പോലെ - നടപ്പാക്കാൻ ബാദ്ധ്യസ്ഥമായതും വീഴ്ച വരുത്തിയാൽ പിഴയിടാവുന്നതുമായ ഒരു കരാർ വ്യവസ്ഥയായിരുന്നു അത്.

അതായത് മുസ്ലിംകൾ വേദത്തിന്റെ സത്യത്തിൽ വിശ്വസിക്കുകയും വേദത്തേയും അതിന്റെ ഋഷിമാരേയും സ്നേഹാദരപൂർവ്വം വീക്ഷിക്കുകയും ചെയ്യുമെന്നുമുള്ള നിബന്ധനയിൽ ഒന്നാമതായി ഒപ്പുവെക്കണം പകരം ഹിന്ദു നേതൃത്വം ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ഒരു സത്യപ്രവാചകനായി കരുതുകയും ചെയ്യേണ്ടതാണ്. ഒരു വിശ്വാസിക്ക് ചേർന്ന വിധം അദ്ദേഹത്തെ എപ്പോഴും ബഹുമാനാദരവോടെ സ്മരിക്കേണ്ടതുമാണെന്ന് ഒപ്പുവെക്കുകയും വേണം. ഇത് ലംഘിച്ചാൽ 3 ലക്ഷം (1908ത്തെ നാണയമൂല്യം) രൂപ പിഴ വീഴ്ച വരുത്തുന്ന കക്ഷി മറ്റേകക്ഷിക്ക് കൊടുക്കേണ്ടതുമാണ്. ഇന്ത്യയിൽ ഇനിയും പരീക്ഷിച്ചു നോക്കാത്ത ഈ കരാർ ഒരു സിവിൽ സൊസൈറ്റിയിൽ ഇരു മതനേതൃത്വത്തിനും മാന്യമായി നടപ്പാക്കാവുന്നതാണ്. മതപരമായ കലാപങ്ങൾക്കെതിരെ മതങ്ങളുടെ ധാർമ്മികശക്തിയെ തന്നെ ചുമതലപ്പെടുത്തുന്ന സിവിൽ കരാർ രൂപത്തിലുള്ള ഈ ഉടമ്പടി ഇനിയെങ്കിലും ഭാരതീയസമൂഹം പരീക്ഷിച്ചുനോക്കേണ്ടതാണ്.

## ഉപസംഹാരം

മനുഷ്യജീവിതമെന്ന മഹാപ്രഹേളികക്ക് മുമ്പിൽ നിസ്സാരനായ മനുഷ്യൻ പകച്ചു നില്ക്കുകയാണ്. അജ്ഞാതമായ അദൃശ്യലോകത്തേക്ക് നിർബന്ധപൂർവ്വം ആനയിക്കപ്പെടുന്ന മനുഷ്യന് ദൈവം കാരുണ്യപൂർവ്വം നൽകിയ മതങ്ങളാണ് ഈ പ്രഹേളികക്ക് ഉത്തരം നൽകുന്നത്. മനുഷ്യന് ആത്മശാന്തിയും, ലോകശാന്തിയും ആത്മീയ മോക്ഷവും മതങ്ങൾ വാഗ്ദാനം ചെയ്യുന്നു. ആ മതങ്ങളുടെ പൊരുൾ മനസ്സിലാക്കാതെ ലൗകിക താല്പര്യങ്ങളുടെ പേരിൽ മതങ്ങൾ തമ്മിൽ തല്ലുന്നത് ദൈവത്തോടുള്ള നന്ദികേടാണ്. മതങ്ങളുടെ പരിഷ്കർത്താവും സമന്വയകരുമായി ദൈവം ഇക്കാലത്തയച്ച വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദി (അ)ന്റെ വചനം ഉദ്ധരിച്ചുകൊണ്ട് ഈ ലേഖനമവസാനിപ്പിക്കാം.

*അല്ലയോ മുസ്ലിംകളേ... നിങ്ങളുടെ മതഭേദം കാരണമായി ഹിന്ദുക്കൾ നിങ്ങളെ അന്യവർഗ്ഗയായി കരുതിപ്പോരുന്നു. ഇതേകാരണത്താൽതന്നെ നിങ്ങൾ അവരെയും ഒരു വ്യത്യസ്തവർഗ്ഗമായി വിചാരിച്ചുവരുന്നു. ഈ വിപരീത ഭാവത്തിനു ശരിയായ ഒരു നിവാരണം കാണാതെ നിങ്ങൾക്കും അവർക്കും മധ്യേ യഥാർത്ഥവും സുസ്ഥിരവുമായ ഒരു സൗഹാർദ്ദഭാവം ഉണ്ടാകുന്നതെങ്ങനെ? ഇരുകൂട്ടരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താൽക്കാലികമൈത്രി ഉണ്ടാക്കിയെന്നുവരാം. എന്നാൽ യഥാർത്ഥമൈത്രി എന്നു പറയാവുന്ന മാനസൈക്യം ഉണ്ടായിത്തീരുന്നതു നിങ്ങൾ 'വേദ'ത്തെയും ഋഷിമാരെയും ആത്മാർത്ഥമായി കൈകൊൾകയും അപ്രകാരം തന്നെ ഹിന്ദുക്കൾ തങ്ങളുടെ ഹൃസ്വമനസ്ഥിതി ഉപേക്ഷിച്ചു നമ്മുടെ നബിനായകർ മുഹമ്മദു മുസ്തഫാ തിരുമേനിയുടെ സത്യത്തെ സമ്മതിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്. ഇതാകുന്നു നിങ്ങൾക്കും ഹിന്ദുക്കൾക്കും ഇടയിൽ യഥാർത്ഥമായ ഐക്യവും സൗഹാർദ്ദവും ഉണ്ടായിത്തീരുന്നതിനുള്ള ഏകപദ്ധതിയെന്നും ഇതുതന്നെയാണ് ഹൃദയരോഗങ്ങളെ സുഖപ്പെടുത്തുന്നതിനുള്ള ഒരേ ഒരു ദ്രാവകമെന്നും ധരിക്കുവിൻ! വേർപിരിഞ്ഞുകിടക്കുന്ന ഈ രണ്ടു സമുദായങ്ങളും തമ്മിൽ സന്ധിക്കുവാനുള്ള സമയം വന്നുവെങ്കിൽ, ഏതൊന്നിനായിട്ടു ദൈവം ഞങ്ങളുടെ ഹൃദയങ്ങളെ തുറന്നുതന്നിരിക്കുന്നുവോ അതിനായിട്ടു അവൻ ഇവരുടെ ഹൃദയങ്ങളെയും തുറന്നുകൊടുക്കുന്നതാണ്. (മൈത്രീ സന്ദേശം പേ: 32:33)* ●

പി.വി. അഹ്മദ് കോയ

ലേഖനം

# അഹ്മദിയ്യാ ഖിലാഫത്തിന് 100

**അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതവാർഷികത്തോടനുബന്ധിച്ച് 25-5-2008ന് മാതൃഭൂമി വരാന്തപതിപ്പിൽ വന്ന ലേഖനം ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു.**

ഇസ്ലാം മത പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് നബി (സ)യുടെ പ്രവചനപ്രകാരം ആഗതരായ അഹ്മിയ്യാ മുസ്ലിം ജമാഅത്തിന്റെ ദിവ്യ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) മുഖേന ലോകത്ത് പുനഃസ്ഥാപിതമായ ഇസ്ലാമിക ഖിലാഫത്തിന്നു നൂറു വർഷം തികയുന്നു. ഇതു സംബന്ധിച്ച ആഘോഷങ്ങൾ അഹ്മദിയ്യാ പ്രസ്ഥാനത്തിനു വേരുകളുള്ള 189 രാജ്യങ്ങളിൽ നടക്കുകയാണിപ്പോൾ.

അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതവാർഷിക ആഘോഷ സമാരംഭിച്ചത് ഇരുണ്ട ഭൂഖണ്ഡമായി അറിയപ്പെടുന്ന ആഫ്രിക്കയിൽ നിന്നാണെന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നു. ഏപ്രിൽ പതിനേഴാം തിയ്യതി ഘാനയിലായിരുന്നു ഉദ്ഘാടനം. ഘാന റിപ്പബ്ലിക്കിന്റെ പ്രസിഡന്റും മന്ത്രിമാരും സുപ്രീംകോടതി ജഡ്ജിമാരും ക്രൈസ്തവ ഇസ്ലാം മതമേലധ്യക്ഷന്മാരും ഗോത്ര രാജാക്കന്മാരും ആശംസകൾ നേർന്ന ലക്ഷങ്ങൾ പങ്കെടുത്ത പ്രൗഢഗംഭീരമായ ചടങ്ങിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള അധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആണ് ഉദ്ഘാടനം നിർവ്വഹിച്ചത്.

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലം അഹ്മദിന്റെ വിയോഗത്തെത്തുടർന്നാണ് പ്രവാചകത്വത്തിന്റെ മാതൃകയിലുള്ള ഖിലാഫത്ത് പുനഃസ്ഥാപിതമായത്. 1908-ൽ ഹദ്റത്ത് അല്ലാമാ ഹാജി ഹക്കിം നൂറുദ്ദീൻ സാഹിബ് ഒന്നാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്, ഹദ്റത്ത് മിർസാ നാസിർ അഹ്മദ്, ഹദ്റത്ത് മിർസ ത്വാഹിർ അഹ്മദ് എന്നിവർ ഖലീഫമാരായി, ഇപ്പോൾ ഖലീഫ അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ നേതൃത്വത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഇത്രയേറെ രാജ്യങ്ങളിൽ പ്രബോധന-ജീവകാരുണ്യ-വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

### ഉസ്മാനിയ്യാ ഖിലാഫത്ത് അസ്തമിച്ചപ്പോൾ

നൂറ്റാണ്ടുകളായി മുസ്ലിങ്ങൾക്ക് മതനേതൃത്വം നല്കി വന്ന ഖിലാഫത്ത് ഒന്നാം ലോക മഹായുദ്ധത്തിനുശേഷം ഇല്ലാതായതോടെ, മുസ്ലിം ലോകത്ത് അതു സൃഷ്ടിച്ച നടുക്കവും വേദനയും അവർണനീയമാണ്. ലണ്ടനിൽ ബ്രിട്ടീഷ് സിംഹാസനത്തിന്റെ മുന്നിൽ വെച്ച് ഇന്ത്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി ഗർജിച്ച ധീരരിൽ ധീരനായ മൗലാനാ മുഹമ്മദലി ഖിലാഫത്തിന്റെ പ്രാതിനിധ്യമുള്ള തുർക്കി ഒന്നാം ലോകമഹായുദ്ധത്തിൽ പരാജയപ്പെടുമെന്നറിഞ്ഞപ്പോൾ ആത്മഹത്യയ്ക്കൊരുങ്ങിയ സംഭവം ഒന്നു മാത്രം മതി ഖിലാഫത്തിന്റെ തിരോധാനം മുസ്ലിം ലോകത്ത് സൃഷ്ടിച്ച ആഘാതത്തിന്റെ ആഴമറിയാൻ.

### ഖിലാഫത്ത് ഒരു ദൈവാനുഗ്രഹം

ഇസ്ലാമിക വ്യവസ്ഥിതിയിലെ അനുപേക്ഷണനീയമായ ഒരു കേന്ദ്രസ്ഥാപനമാണ് ഖിലാഫത്ത്. പ്രവാചകവര്യനായ മുഹമ്മദ് നബി ദിവംഗതനായപ്പോൾ തങ്ങളുടെ സമുന്നത നായകനായി ഒരു ഖലീഫയെ തിരഞ്ഞെടുത്തശേഷം മാത്രമേ തിരുനബിയുടെ ഖബറടക്കം നടത്താൻ പോലും സത്യവിശ്വാസികൾ ഉണ്ടായിരുന്നുള്ളൂ. വിശ്വാസികൾക്ക് വിശുദ്ധ ഖുർആനിൽ അല്ലാഹു ലോകാവസാനം വരെ വാഗ്ദാനം ചെയ്ത ഒരു മഹൽ സ്ഥാപനമാണ് ഖിലാഫത്ത്. ഖിലാഫത്ത് റാശിദയ്ക്കുശേഷം ഖിലാഫത്തിന്റെ പാവനതയ്ക്ക് മുസ്ലിം

*(ശേഷം 27-ൽ)*

ലേഖനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

# സർവ്വമതസമ്മേളനങ്ങൾ: അവലംബിക്കേണ്ട മാർഗരേഖ

**മതസംവാദങ്ങളോ ചർച്ചകളോ സംഘടിപ്പിക്കുമ്പോൾ അതാത് മതങ്ങൾ തങ്ങളുടെ പ്രാമാണിക ഗ്രന്ഥങ്ങളെ അവലംബമാക്കിയായിരിക്കണം സംസാരിക്കേണ്ടത്. 1924ൽ ലണ്ടനിലെ കോമൺവെൽത്ത് മതമഹാസമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ ആദ്യഭാഗത്ത് നിന്നെടുത്തതാണ് ഈ ലേഖനം.**

മറ്റു മതപ്രസ്ഥാനങ്ങളിൽ നിന്നു അഹ്മദിയ്യാപ്രസ്ഥാനത്തെ വേർതിരിച്ചു നിറുത്തുന്ന പാഠങ്ങളും സിദ്ധാന്തങ്ങളും എന്തെന്നു വിവരിക്കുന്നതിനു മുമ്പ്, ഈ കോൺഫ്രൻസിന്റെ സംഘാടകർ ഉദ്ദേശിച്ചിട്ടുള്ളതെന്തായാലും, ഒരു സത്യമതത്തെ കണ്ടെത്തുകയെന്ന ലക്ഷ്യം നേടുവാൻ ഏതു മതമാണ് സഹായകമായിരിക്കുന്നതെന്നു തീരുമാനിക്കാൻ സാദ്ധ്യമായിത്തീരുന്നതിനു വിവിധ മതങ്ങളുടെ ഗുണവശങ്ങൾ താരതമ്യപ്പെടുത്തി പഠിക്കാൻ ജനങ്ങൾക്ക് അവസരമുണ്ടാകണമെന്നതായിരിക്കണം ഇത്തരം സമ്മേളനങ്ങളുടെ പ്രധാനലക്ഷ്യമെന്നുള്ള എന്റെ അഭിപ്രായം ഇവിടെ അവതരിപ്പിച്ചുകൊള്ളട്ടെ. ഒരു പ്രബന്ധം ഏതൊരു മതത്തെക്കുറിച്ചുള്ളതാണോ ആ മതം പ്രബോധനം ചെയ്യുന്ന എല്ലാ തത്വങ്ങളും നിയമങ്ങളും ഇവിടെ അവതരപ്പിച്ചുകൊള്ളട്ടെ. ഒരു പ്രബന്ധം ഏതൊരു മതത്തെക്കുറിച്ചുള്ളതാണോ ആ മതം പ്രബോധനം ചെയ്യുന്ന എല്ലാ തത്വങ്ങളും നിയമങ്ങളും ഇവിടെ അവതരിപ്പിച്ച പ്രബന്ധങ്ങളിൽ പ്രസ്താവിക്കുകയും വിശദീകരിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ടായിരുന്നില്ലെങ്കിലും ഓരോ മതത്തിന്റെയും അടിസ്ഥാനപാഠങ്ങളുടെ സംക്ഷിപ്തമെങ്കിലും സമഗ്രമായ സാരം അവതരിപ്പിക്കുകതന്നെ വേണമെന്നു എനിക്കു തോന്നുന്നു. ഒരു പ്രത്യേകമതം ഒരു മനുഷ്യന്റെ ജീ വിതത്തിലെ എല്ലാ ഓരോ വശത്തെയും കുറിച്ചു പ്രതിപാദിക്കുന്നുണ്ടോ, അതോ പ്രാധാന്യമുള്ളതോ അത്രയും പ്രധാനമല്ലാത്തതോ ആയ ഏതാനും ചില കാര്യങ്ങളെ മാത്രം വിവരിക്കുകയാണോ എന്നു തീരുമാനിക്കാൻ ശ്രോതാക്കൾക്ക് സാധ്യമായിത്തീരുന്നതിനു ഇതാവശ്യമാണെന്നാണെന്റെ പക്ഷം.

ഓരോ മതത്തിന്റെയും പ്രതിനിധികൾ തങ്ങളുടെ മതത്തിന്റെ സിദ്ധാന്തങ്ങളാണ്, അല്ലാതെ തങ്ങളുടെ സന്തം അഭിപ്രായങ്ങളല്ല വിവരിക്കേണ്ടതെന്നതു ഇവിടെ ഊന്നിപ്പറയേണ്ടിയിരിക്കുന്ന മറ്റൊരു തത്വമാണ്. ഈ തത്വം പാലിക്കപ്പെടാത്ത പക്ഷം സത്യത്തിൽനിന്നും അസത്യത്തെ വേർതിരിച്ചറിയുക വളരെ വിഷമം പിടിച്ചതായി അനുഭവപ്പെടും. ആശയങ്ങളും ചിന്തകളും വിവിധ മതങ്ങളുടെ അനുയായികൾക്ക് പെട്ടിയിൽ പൂട്ടിവെക്കാവുന്ന ഭൗതികവസ്തുക്കളല്ലല്ലോ. ഒരു ആശയം കണ്ടെത്തിയാൽ അഥവാ ഒരു തത്വം പുറത്തുപറഞ്ഞാൽ അതു പൊതുസ്വത്തായിത്തീരുന്നു. അത് സ്വന്തമാക്കാൻ ആർക്കും സാധ്യമായിത്തീരും. അതിനാൽ, ഒരു പ്രത്യേക ആശയം ഒരു പ്രത്യേകമതത്തിന്റെതായി ആരോപിക്കപ്പെടുന്നതുപ്രകാരം അതിന്റെതുതന്നെയാണോ അതോ മറ്റു ചിലതിൽനിന്നു കടമെടുത്തതാണോ എന്നു പരീക്ഷിച്ചറിയുന്നതിനു എന്തെ ങ്കിലും ഒരു മാർഗം അവലംബിച്ചില്ലെങ്കിൽ, ഒരു മതത്തിന്റെ സത്യത്തെ സംബന്ധിച്ച വ്യക്തമായ തീരുമാത്തിലെത്തിച്ചേരുന്നതിനു വിവിധമതങ്ങളുടെ അദ്ധ്യാപനങ്ങളെപ്പറ്റി ഒരു താരത്മ്യ പഠനം നടത്താൻ സാധിക്കാതെ വരും. എല്ലാ മതങ്ങളും ഒരുപോലെയാണെന്ന ധാരണയുമായി ആളുകൾ പിരിഞ്ഞുപോകുകയായിരിക്കും ഫലം. ഇതു അഭിലഷണീയ

*(ശേഷം 41-ൽ)*

ലേഖനം

അൽ-ഖുർആൻ എക്സിബിഷൻ അവലോകനം - 1

എ.ക്യു. മഹ്ദി

# 'ആകാശവും ഭൂമിയും വേദഗ്രന്ഥ സൂചനകളിലൂടെ'

**ആയിരക്കണക്കിന് പ്രേക്ഷകരെ ആകർഷിക്കുകയും ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്ത അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രദർശനസംരംഭമാണ് അൽ ഖുർആൻ എക്സിബിഷൻ. ദൃശ്യസാധ്യതകൾ പ്രയോജനപ്പെടുത്തി ആവിഷ്ക്കരിച്ച ഖുർആന്റെ ചില വിജ്ഞാന പ്രമേയങ്ങളാണ് എക്സിബിഷനിലെ പ്രതിപാദ്യവിഷയം. പ്രപഞ്ചത്തിന്റെ ആരംഭം മുതൽ അഹ്മദിയ്യാ ഖിലാഫത്തിന്റെ ആവിർഭാവം വരെ മനുഷ്യകേന്ദ്രിതമായ പ്രപഞ്ചപരിണാമത്തിന്റെ കഥ പറയുന്ന അൽഖുർആൻ എക്സിബിഷൻ അവലോകനം ചെയ്തുകൊണ്ട്. എ.ക്യു മഹ്ദി സാഹിബ് എഴുതുന്ന ലേഖനപരമ്പര ആരംഭിക്കുന്നു.**

ഖിലാഫത്ത് ജൂബിലി സമ്മേളനത്തിൽ പങ്കെടുക്കാൻ കൊല്ലത്തു നിന്ന് പുറപ്പെട്ടത്, മേയ് 29-ാനു വെള്ളിയാഴ്ച രാത്രിയിലായിരുന്നു. കടന്നുവന്ന വഴിയിലിങ്ങോളം കന ത്ത കാറ്റും മഴയും. തീവണ്ടിയുടെ കടകട ശബ്ദത്തെ പോലും വെ ല്ലുംവിധം പെരുമഴയുടെ തുടികൊട്ട് പുറത്തുനിന്നും കേട്ടുകൊണ്ടിരുന്നത്, മനസ്സിൽ ആശങ്ക വളർത്തി, തലേനാൾ ടി.വി. യിൽ കണ്ട കാലാവസ്ഥാ റിപ്പോർട്ടും അതിശക്തമായ മഴയെ വരവേൽക്കാൻ കേരളീയരെ തയ്യാറാക്കി നിർത്തും മട്ടിലുള്ളതായിരുന്നു.

തീവണ്ടി കോഴിക്കോട്ടെത്തിയത് പുലർച്ച അഞ്ചു മണിക്ക്.

എന്തത്ഭുതം, നഗരത്തിൽ മഴയുടെ ലാഞ്ചന പോലുമില്ല. തെളിഞ്ഞ ആകാശം. റബ്ബിനു നന്ദി പറഞ്ഞുകൊണ്ടാണ് സമ്മേളന ഭാരവാഹികൾ ഏർപ്പാടു ചെയ്തു തന്ന ഹോട്ടൽ മുറിയിലെത്തിയത്.

പ്രഭാതകൃത്യങ്ങൾ പെട്ടെന്ന് പൂർത്തിയാക്കി പള്ളിയിലെത്തി. രാവിലെ ഏഴു മണിയേ ആയിട്ടുള്ളു. എക്സിബിഷൻ ഹാളിന്റെ മുൻഗേറ്റുകൾ തുറന്നിട്ടില്ല; അല്ലെങ്കിലും ഇത്ര പുലർച്ചയ്ക്ക് അത് തുറക്കേണ്ടതില്ലല്ലൊ.

വിഷണ്ണഭാവത്തിൽ നിൽക്കവേ, പെട്ടെന്ന് ഒരാൾ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു; നമ്മുടെ ജമാഅത്തിലെ മാത്ര സ്വദേശി. പൊലീസ് സർക്കിൾ ഇൻസ്പക്ടർ ജ. ഹുസൈൻ സാഹിബ്. ഇതിനകം അദ്ദേഹം എക്സിബിഷൻ കണ്ടുകഴിഞ്ഞിരുന്നു. എന്റെ ആഗ്രഹവും അമിതമായ താല്പര്യവും മനസ്സിലാക്കിയ അദ്ദേഹം ഒരെളുപ്പ മാർഗ്ഗത്തിലൂടെ- എക്സിബിഷൻ ഹാളിന്റെ വശത്തെ ഒരു തുണിമറയുടെ ചെറിയൊരു ഭാഗം മെല്ലെ ഉയർത്തി ഒരു വിടവു സൃഷ്ടിച്ച് അതിലൂടെ തന്നെ ഉള്ളിലേയ്ക്ക് കടത്തിവിട്ടു.

രണ്ടുമൂന്നു മണിക്കൂർ കഴിഞ്ഞ ഹാൾ ഔദ്യോഗികമായി തുറക്കപ്പെടുകയുള്ളു. വളരെ യാദൃഛികമായെങ്കിൽപോലും കുറച്ചു സമയത്തേയ്ക്കെങ്കിലും എനിക്ക് മാത്രമായി സൗകര്യപൂർവം ഒരുക്കപ്പെട്ടു കിട്ടിയ ആ അൽ-ഖുർആൻ എക്സിബിഷൻ, ഇപ്പോഴിവിടെയിതാ ചെറിയ ഒരു ലേഖന പരമ്പരയ്ക്ക് നിദാനമായിത്തീർന്നിരിക്കുന്നു.

മലയാളക്കരയിൽ കേരള അഹ്മദികൾക്കായി അൽ- ഖുർആൻ പ്രദർശനത്തിന് ആദ്യമായി ബീജാവാപം നൽകിയത് കോഴിക്കോട്ടെ നമ്മുടെ പ്രിയപ്പെട്ട ജ. എം. ആലി




ക്കോയ സാഹിബ് ആണ്. ആ ആദ്യസംരംഭം ഇന്നേയ്ക്ക് നാലു പതിറ്റാണ്ടുകൾക്കപ്പുറം 1965–ലായിരുന്നു. പിന്നീടു അതിന് ചില മാറ്റങ്ങളോടെ വീണ്ടും പലതവണ പ്രദർശിപ്പിച്ചു. എന്നാൽ ആധുനികാലത്തിനനുസൃതമായി പുതിയ രീതിയിൽ അത് കാലോചിതമായി പരിഷ്കരിച്ച് പുതിയ ആശയങ്ങളുടെയും പ്രമേയങ്ങളുടേയും അടിസ്ഥാനത്തിൽ ഡിജിറ്റൽ സാങ്കേതികവിദ്യയും ഇന്റർനെറ്റുമുപയോഗിച്ച് 150 ബോർഡുകളിൽ പ്രദർശിപ്പിച്ചത് സത്യദൂതൻ പത്രാധിപർ ജ. എ.എം. മുഹമ്മദ് സലീം സാഹിബാണ്. അദ്ദേഹത്തിന്റെ ഈ സംരംഭം സ്പോൺസർ ചെയ്തത് കേരളാ മജ്‌ലിസ് അൻസാറുല്ലയുമാണ്.

അൽ–ഖുർആൻ പ്രദർശനശാലയിലെ ബോർഡുകളിൽ രേഖപ്പെടുത്തിയിരുന്ന അപൂർവ്വസന്ദേശങ്ങളിലൂടെ ഞാനീ ലേഖനത്തിലേയ്ക്കു മെല്ലെ കടക്കുന്നു. എക്സിബിഷൻ കണ്ടവർക്കും, കാണാൻ അവസരമുണ്ടാകാത്തവർക്കും ഇത് പ്രയോജനകരമാവുമെന്നു പ്രതീക്ഷിക്കയും ചെയ്യുന്നു.

നബി തിരുമേനി (സ)ന് ലഭിച്ച ശാബ്ദിക വെളിപാടുകളുടെ സംഗ്രഹമാണ് വിശുദ്ധ ഖുർആൻ. ഖുർആൻ എന്ന പദത്തിന് വായിക്കപ്പെടുന്നത്, ആവർത്തിച്ചു പാരായണം ചെയ്യപ്പെടുന്നത് എന്നീ അർത്ഥങ്ങളാണുള്ളത്. നമ്മുടെ മഹത്തായ ഈ ഗ്രന്ഥത്തിന് അപൂർവ്വമായ മറ്റൊരു പ്രത്യേകത കൂടിയുണ്ട്. ഇതു വെളിപെട്ടനാൾ മുതൽ ഇത്രയധികം പാരായണം ചെയ്യപ്പെട്ട മറ്റൊരു ഗ്രന്ഥം ഭൂമുഖത്തില്ല. അതുപോലെ, വായനയ്ക്കൊപ്പം അർത്ഥതലങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഹൃദിസ്ഥമാക്കപ്പെടുകയും ചെയ്യപ്പെട്ട മറ്റൊരു ഗ്രന്ഥം ലോകത്തിന്നോളം ഉണ്ടായിട്ടുമില്ല.

ഈ മഹൽഗ്രന്ഥത്തിന്റെ സ്വീകർത്താവ് പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് നബി(സ) ആണ്. 'നിശ്ചയമായും ഇത് ആദരണീയനായ ഒരു ദൂതർ കൊണ്ടുവന്ന വചനമാണ്' എന്നു ഖുർആൻ തന്നെ അടിവരയിട്ടു പറയുന്നുമുണ്ട്.

'സ്പഷ്ടമായ അർത്ഥമൂല്യവും ആശയപ്രകാശനശേഷിയുമുള്ള അറബിഭാഷയിലാണ് നാം ഇതു അവതരിപ്പിച്ചിരിക്കുന്നത്' എന്ന് അല്ലാഹു തന്നെ പരിശുദ്ധ ഗ്രന്ഥത്തിലൂടെ വെളിപ്പെടുത്തിത്തരുന്നു.

മറ്റൊരു വിശുദ്ധമായ ആഹ്വാനം കൂടി ഖുർആൻ നൽകുന്നുണ്ട്. ഇതിന്റെ അവതാരം സംബന്ധിച്ച് 'ഏതെങ്കിലും തരത്തിലുള്ള നേരിയ ഒരു സംശയമെങ്കിലും ഉണ്ടാകപ്പെടുകയാണെങ്കിൽ – ഒരിക്കലും അങ്ങനെ ആർക്കും ഒരു സംശയത്തിനും വഴിയില്ല – ഇതിനു തത്തുല്യമായ മറ്റേതെങ്കിലും ഗ്രന്ഥത്തിൽ നിന്ന് ഇതിനു സമാനമായ ഏതെങ്കിലും ഒരു ഉദ്ധരണി കാട്ടിത്തരാൻ പരിശുദ്ധ ഖുർആൻ വെല്ലുവിളിക്കുന്നു. അതിനായി അല്ലാഹു ഒഴികെ മറ്റെല്ലാ സഹായികളെയും കൂട്ടിനു വിളിച്ചുകൊള്ളാനും ആഹ്വാനത്തിൽ സൂചന നൽകുന്നുണ്ട്.

ഇന്നോളം ഭൂമിയിൽ അതിനാർക്കും കഴിഞ്ഞിട്ടില്ല; ഇനിയൊട്ടു കഴിയുകയുമില്ല.

ദൈവമാണു സൃഷ്ടിയുടെ ആദികാരണമെന്ന് പരിശുദ്ധ ഖുർആൻ വിളംബരപ്പെടുത്തുന്നു. പ്രകൃതി പ്രതിഭാസങ്ങളുടെ എല്ലാ ക്രമീകരണങ്ങളും ഒരു കാര്യകാരണബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നും ഖുർആൻ പ്രസ്താവിക്കുന്നു.

*'കാര്യകാരണ പരമ്പരമുഴുവൻ നിന്റെ നാഥനിൽ അവസാനിക്കുന്നു' എന്നും 'അവൻ ആദിയിലും അവസാനത്തിലുമുള്ളവനാണ്' എന്നും ഖുർആൻ ഘോഷിക്കുന്നു.*

ഈ പ്രപഞ്ചവ്യവസ്ഥയുടെ സാർവ്വത്രികമായ പ്രവർത്തനമാണ്, സ്വയം കണ്ടുപിടിച്ചുവെന്നു പറഞ്ഞ് നാം അഹങ്കരിക്കുന്ന എല്ലാ ശാസ്ത്രങ്ങളുടെയും തത്വശാസ്ത്രങ്ങളുടെയും നിദാനം. എന്നാലോ, ഈ കാര്യകാരണ പരമ്പരയാകട്ടെ അനന്തമായി തുടരാൻ പാടില്ല എന്നും വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്.

ഏതെങ്കിലും ഒരു കേന്ദ്രബിന്ദുവിൽ ഇത് അവസാനിക്കേണ്ടിയിരിക്കുന്നു. ആ കേന്ദ്രശക്തി പ്രപഞ്ചനാഥനായ അല്ലാഹുവാണെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. അല്ലാഹുവിനു മാത്രം അവകാശപ്പെട്ട സൃഷ്ടികർമ്മത്തിന്റെ കാര്യം എപ്രകാരമെന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നുമുണ്ട്. അതിങ്ങനെ.

*'അവൻ ആകാശവും ഭൂമിയും ഉത്ഭവിപ്പിക്കുന്നവനത്രെ, അവൻ ഒരു കാര്യം തീരുമാനിച്ചാൽ അതിനോട് 'ഉണ്ടാവുക' എന്നു മാത്രം പറയുന്നു; അപ്പോൾ അത് ഉണ്ടാവുന്നു.'*

എന്നാൽ ആധുനിക സമൂഹം കൊട്ടിഘോഷിക്കുന്ന ശാസ്ത്രത്തിന് ഒരിക്കലും സാധ്യമല്ലാത്ത ഒന്നാണ്, ഇല്ലായ്മയിൽ നിന്നുള്ള സൃഷ്ടി. അതുകൊണ്ടുതന്നെ മതവും ശാസ്ത്രവും പ്രപഞ്ചോൽപ്പത്തിയെ ഒരു മുഖ്യ പ്രമേയമായിത്തന്നെ കരുതുന്നു. ശാസ്ത്രം ഈ പ്രശ്നത്തിൽ ഉത്തരം തേ ടുമ്പോൾ തീർച്ചയായും ഒരു പ്രഹേളികയിലാണതെത്തിനിൽക്കുക.

ദൈവം രണ്ടു വിധത്തിൽ വസ്തുവിനെ അസ്തിത്വത്തിൽ കൊണ്ടുവരുന്നുവെന്ന് ഖുർആൻ സമർത്ഥിക്കുന്നു. ഒന്ന് - 'കൽപ്പനയിലൂടെ' ഇല്ലായ്മയിൽ നിന്ന് മൂലകവസ്തു സൃഷ്ടിച്ച് - രണ്ടാമത്തേത് നിലവിലുള്ള മൂലകപദാർത്ഥങ്ങൾ കൊണ്ടുള്ള സംയുക്തങ്ങളുടെയും സംയുക്തങ്ങൾ കൊണ്ടുള്ള പദാർത്ഥങ്ങൾ കൊണ്ടുമാണ്.




പ്രപഞ്ചത്തിന്റെ ഉത്ഭവത്തെപ്പറ്റി സത്യാത്ഭുതകരമായ വിവരണങ്ങളാണ് ഖുർആൻ നമുക്കു നൽകുന്നത്.

*'അവിശ്വാസികൾ കാണുന്നില്ലേ, ആകാശവും ഭൂമിയും സംയോജിപ്പിക്കപ്പെട്ട ഒരു പിണ്ഡമായിരുന്നു. പിന്നെ വിസ്ഫോടനത്തിലൂടെ നാമതിനെ വിഖണ്ഡനത്തിനു വിധേയമാക്കുകയും ചെയ്തു.'*

ആദിയിൽ സൂക്ഷ്മകണമായി സാന്ദ്രീകരിച്ചു നിന്ന ബ്രഹ്മാണ്ഡം ഒരു മഹാവിസ്ഫോടനത്തോടെ ഇന്നു നാം കാണുന്ന ഒരു പ്രപഞ്ചമായി രൂപാന്തരം പ്രാപിച്ചു എന്നാണ് ശാസ്ത്രത്തിന്റെ കണ്ടെത്തൽ. ആ കണ്ടെത്തൽ ആധികാരികമായി അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്. നോക്കൂ, അതുതന്നെയാണ് പ്രപഞ്ചത്തിന്റെ ഉത്ഭവത്തെപ്പറ്റി പരിശുദ്ധ ഖുർആനും പറഞ്ഞത്.

നക്ഷത്രങ്ങൾ തമോഗർത്തങ്ങളായി മാറുന്നു എന്ന് ശാസ്ത്രത്തിന് ഇന്നറിയാം.

*'നക്ഷത്രങ്ങൾ പ്രകാശരഹിതമാക്കപ്പെടുമ്പോൾ....'* എന്ന് വിശുദ്ധ ഖുർആൻ പ്രസ്താവിക്കുമ്പോൾ അതിനുള്ള വ്യക്തമായ വിശദീകരണവും ഖുർആൻ തന്നെ നൽകിയിട്ടുമുണ്ട്. ശാസ്ത്രം പറയുന്നതു ശ്രദ്ധിക്കാം.

'നക്ഷത്രം അണുസംയോജന പ്രക്രിയ നിലച്ച് ഇന്ധനം തീർന്നുപോയാൽ ഗുരുത്വബലത്താൽ ചുരുങ്ങാൻ ആരംഭിക്കുന്നു. ശക്തമായ ആ ഗുരുത്വബലത്താൽ നക്ഷത്രത്തിലെ ദ്രവ്യം ഞെരിഞ്ഞമർന്ന് പ്രകാശംപോലും പുറത്തേയ്ക്ക് വരാത്ത നിലയിൽ, അദൃശ്യഭാവത്തിലുള്ള ഒരു തമോഗർത്തം അഥവാ BLACK HOLE ആയി മാറുന്നു.'

സൂര്യന്റെ ഭാവിയെപ്പറ്റിയും ഖുർആൻ പ്രവചിക്കുന്നുണ്ട്. *'സൂര്യൻ ചുരുട്ടിമടക്കപ്പെടുമ്പോൾ... നക്ഷത്രങ്ങൾ നിഷ്പ്രഭമാവുമ്പോൾ.... എന്ന്* ശാസ്ത്രം കണ്ടെത്തിയതെന്താണെന്നു നോക്കുക.

'നമ്മുടെ സൂര്യനിൽ ഹൈഡ്രജൻ ഹീലിയമായി മാറ്റപ്പെടുന്ന അണുസംയോജന പ്രവർത്തനമാണ് നടക്കുന്നത്. 500 കോടി കൊല്ലം കൂടി എരിഞ്ഞു തീരാനുള്ള ഹൈഡ്രജൻ ഇന്ധനമേ ഇനി സൂര്യനിലുള്ളൂ. അതു കഴിഞ്ഞാൽ സൂര്യൻ സങ്കോചിച്ച് ചുരുങ്ങുവാനാരംഭിക്കും.'

ഈ യാഥാർത്ഥ്യം തന്നെയാണ്

**(ശേഷം 32-ൽ)**

ലേഖനം

കാർലോ പവർ

# പീഢനങ്ങൾക്ക് നടുവിലും സമാധാനം പ്രബോധിക്കുന്ന ഖലീഫ

## 2008 ജൂൺ 14ന് ടൈംസ് (ലണ്ടൻ) പത്രത്തിൽ വന്ന ലേഖനം

അഹ്മദിയ്യാ മുസ്‌ലിംകളുടെ ഖലീഫയായ ആ ദിവസം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഭയചകിതനായിരുന്നു. 'ആ ദിനം എന്നെ വല്ലാതെ അമ്പരപ്പിച്ചു കളഞ്ഞു' അഞ്ച് വർഷം മുമ്പ് അഹ്മദികളുടെ ആഗോള സമൂഹം തന്നെ ഖലീഫയായി തിരഞ്ഞെടുത്ത ആ സന്ദർഭം ഖലീഫ ഓർമ്മിച്ചെടുക്കുകയായിരുന്നു. പാകിസ്താനിൽ കാർഷിക സമ്പദ്ശാസ്ത്രത്തിൽ വിദഗ്ദ പരിശീലനം ലഭിച്ച ആളായിരുന്നു. അദ്ദേഹം തുടർന്നു: 'ഞാൻ വല്ലാതെ വ്യാകുലനായിപ്പോയി. ആ സന്ദർഭത്തിലെ വീഡിയോ നിങ്ങൾ കാണുകയാണെങ്കിൽ ഞാൻ കരയുന്നതായി നിങ്ങൾക്ക് കാണാം... നിങ്ങൾ ഈ ജോലിയുടെ പ്രാധാന്യം തിരിച്ചറിയുകയാണെങ്കിൽ ദൈവത്തിന്റെ മുന്നിൽ ഉത്തരം പറയേണ്ടവനാണ് എന്ന ഭാരിച്ച ഉത്തരവാദിത്വത്തെക്കുറിച്ച് നിങ്ങൾ ബോധവാനായിരിക്കും. അത് നിങ്ങളെ സംഭീതനാകും. ..... നിങ്ങൾക്കത് വിശ്വസിക്കാൻ സാധ്യമല്ല'

അല്ലാഹു ഖലീഫക്ക് ശക്തി നൽകി എന്ന് അദ്ദേഹം പറയുന്നു. അടുത്ത ദിവസം ഖലീഫയുടെ ഭയമെല്ലാം കുറഞ്ഞു. ലണ്ടനിലെ തന്റെ ഓഫീസിൽ വെച്ച് അദ്ദേഹം കർത്തവ്യനിരതനായി. 180 രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. 70 ദശലക്ഷം അഹ്മദി മുസ്‌ലിംകളെ നയിക്കാൻ അദ്ദേഹം തയ്യാറായി. വെല്ലുവിളികൾ വലുതായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ ദിവംഗതനായ ഈ വർഷമാണ് അഹ്മദികൾ ഖിലാഫത്ത് എന്ന സ്ഥാപനത്തിന്റെ ശതാബ്ദി ആഘോഷിക്കുന്നത്. വിവാദ കൊടുങ്കാറ്റുകളാണ് അത് ഉയർത്തിവിടുന്നത്.

**'ഞാൻ പാകിസ്താനിലേക്ക് പോകുകയാണെങ്കിൽ പിന്നെ നിങ്ങൾ എന്നെ കാണില്ല' ശോകാർദ്രമായ ഒരു ചെറുപുഞ്ചിരിയോടെ ഖലീഫ പറഞ്ഞു.**

ഒരു ഇന്ത്യൻ മുസൽമാനായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ആണ് 1889ൽ അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിച്ചത്. മുസ്‌ലിംകൾ കാത്തിരുന്ന മസീഹാണ് തങ്ങളുടെ സ്ഥാപകനെന്ന് അഹ്മദികൾ വിശ്വസിക്കുന്നു. മുസ്‌ലിംകൾ മാത്രമല്ല, ക്രിസ്ത്യാനികളും ജൂതന്മാരും മറ്റ് മതവിശ്വാസികളും കാത്തിരുന്ന വാഗ്ദത്ത പരിഷ്കർത്താവാണ് ഹദ്റത്ത് അഹ്മദ് എന്നാണ് അഹ്മദികളുടെ വിശ്വാസം. കുരിശ് പീഢനത്തെ അതിജീവിച്ച യേശു അവസാനം കശ്മീരിൽ വെച്ച് ദിവംഗതനായെന്നാണ് അഹ്മദികൾ വിശ്വസിക്കുന്നത്. പ്രവാചകനായ മുഹമ്മദ് അവസാനത്തെ പ്രവാചകനാണ് എന്നതിനെ സംബന്ധിച്ച് മുഖ്യധാരയിലെ നിരവധി മുസ്‌ലിംകളുമായി അഹ്മദികൾ വിയോജിക്കുന്നു. ചില അഹ്മദികളെ അമുസ്‌ലിംകൾ എന്ന് വരെ പറയുന്നു.

ഈ വിവാദം പീഢനങ്ങളിലേക്ക് വഴിമാറുകയുണ്ടായി. പാകിസ്താനിൽ അഹ്മദികൾ നിയമപരമായി അമുസ്‌ലിം ന്യൂനപക്ഷമാണ്. അതിനർത്ഥം മതനിന്ദാനിയമങ്ങൾ അവരെ മുസ്‌ലിം ആചാരങ്ങൾ പാലിക്കുന്നതിൽ നിന്നും പള്ളികൾ ഉപയോഗിക്കുന്നതിൽ നിന്നും ഹജ്ജ് നിർവ്വഹിക്കുന്നതിൽ നിന്നും മുസ്‌ലിംകളുടെ അഭിവാദ്യ വചനമായ സലാം ചൊല്ലുന്നതിൽ നിന്നും തടയുന്നു.

വിവേചനത്തേക്കാൾ ഭയാനക

മാണ് കായികമായ ആക്രമണം. അഹ്മദികളുടെ പാകിസ്ഥാനിലെ ഭരണകേന്ദ്രമായ റബ്‌വക്കടുത്തുള്ള ഒരു പള്ളിയിലെ ലൗഡ് സ്പീക്കറിൽ നിന്നും അഹ്മദികളെ കൊന്നൊടുക്കുവാനുള്ള ആഹ്വാനമുണ്ടായി. ഇന്തോനേഷ്യയിൻ ഗവൺമെന്റു നിശ്ചയിച്ച ഒരു പാനൽകമ്മിറ്റി അഹ്മദിയ്യത്തിനെ നിരോധിക്കാൻ ശുപാർശ ചെയ്തിരിക്കുകയാണ്. നൂറുകണക്കിനു മുസ്‌ലിംകൾ അഹ്മദികളുടെ പടിഞ്ഞാറൻ ജാവയിലുള്ള പള്ളി അഗ്നിക്കിരയാക്കുകയുമുണ്ടായി.

'എല്ലാവരോടും സ്നേഹം. ആരോടുമില്ല വെറുപ്പ്' എന്ന മുദ്രാവാക്യം മുഴക്കുന്ന ഒരു പ്രസ്ഥാനത്തിന് ഇത്തരത്തിലുള്ള തിക്താനുഭവങ്ങൾ പിടിച്ചുകുലുക്കേണ്ടതാണ്. എന്നാൽ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ശാന്തചിത്തനായിക്കൊണ്ട് തന്റെ വിദേശത്തുള്ള ആസ്ഥാന കേന്ദ്രത്തിലിരുന്ന് അക്ഷോഭ്യനായി ഈ സംഭവവികാസങ്ങളെയെല്ലാം അഭിമുഖീകരിക്കുകയാണ്.

'എല്ലാ പ്രവാചകന്മാരും പീഡിപ്പിക്കപ്പെട്ടിരുന്നു.' നീല തവിട്ട് നിറത്തിലുള്ള ഷെർവാണിയും ആചാരപരമായ വെള്ളതലപ്പാവുമണിഞ്ഞ് ലണ്ടൻ മോസ്കിലെ ഒരു കൊച്ചു മുറിയിലിരുന്ന് അദ്ദേഹം പറഞ്ഞു: 'മറ്റു മുസ്‌ലിംകൾ അദ്ദേഹത്തി(മിർസാഗുലാം അഹ്മദ്) ന്റെ പ്രവാചകവാദത്തോടാണ് അസഹിഷ്ണുത പ്രകടിപ്പിച്ചത്. അവർ അദ്ദേഹത്തെ ഒരു പരിഷ്കർത്താവായികണ്ടിരുന്നു. പക്ഷേ താൻ ഒരു പ്രവാചകനാണെന്ന് വാദിച്ചപ്പോൾ മുല്ലമാർ അദ്ദേഹത്തിനെതിരെ തിരിയുകയാണ് ചെയ്തത്, അത് കൊണ്ടാണ് ഞങ്ങളും പീഡിപ്പിക്കപ്പെടുന്നത്.

'പീഡനങ്ങൾക്കൊന്നും തന്നെ അഹ്മദികളുടെ വളർച്ചയെ തടയാനായിട്ടില്ല. ആയിരക്കണക്കിന് ആളുകളാണ് ഈ പ്രസ്ഥാനത്തിലേക്ക് ഇപ്പോൾ കടന്നുവന്നുകൊണ്ടിരിക്കുന്നത്. ഇത് മുഖ്യാധാര മുസ്‌ലിംകളിൽ വമ്പിച്ച നിരാശയുളവാക്കിയിട്ടുണ്ട്. 'ഇപ്പോൾ ഇവർക്ക് (ജനങ്ങൾക്ക്) ഈ മതനേതാക്കന്മാരുടെ സ്വഭാവം ശരിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. അവർക്ക് ഒരിക്കലും ഇനി മുസ്‌ലിം സമൂഹത്തെ വഞ്ചിക്കാനാവില്ല." - ഖലീഫ പറഞ്ഞു.

ഇന്ന് വാർത്തകളിൽ തലക്കെട്ട് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന തീപൊരി തീവ്രവാദികളിൽ നിന്നും വിഭിന്നമായി ശാന്തിയിലും സഹിഷ്ണുതയിലും ഊന്നിക്കൊണ്ടുള്ള സമീപനമാണ് ഖലീഫയുടേത്. മാർബിളും പരവതാനികളും വിതാനിച്ച ബൈത്തുൽ ഫുത്തൂഹ് മൊസ്കിൽ വെച്ച് നടത്തിയ വെള്ളിയാഴ്ച ഖുത്ബയിൽ ഖലീഫ കാരുണ്യമാർഗ്ഗത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പറയുകയുണ്ടായി. കാരുണ്യത്തിന്റെ പാത പിൻതുടരൻ കൂട്ടാക്കാത്തവരിൽ ആ പാതയിൽ ചരിക്കാനുള്ള വിവേകമുണ്ടാകട്ടെയെന്ന് ദൈവത്തോട് പ്രാർത്ഥിക്കാൻ ഖലീഫ പറയുകയുണ്ടായി. പള്ളിയിലുണ്ടായിരുന്ന ശ്രോതാക്കളിൽ നല്ലപോലെ സ്യൂട്ടിൽ വസ്ത്രധാരണം ചെയ്ത് തൊപ്പി ധരിച്ചവരും, തലപ്പാവ് ധരിച്ചവരും, തിളങ്ങുന്ന ആഫ്രിക്കൻ വസ്ത്രമണിഞ്ഞവരും ജീൻസ് ധരിച്ചവരുമുണ്ടായിരുന്നു. അവരെല്ലാം ബഹുമാനപുരസ്സരം അതീവശ്രദ്ധയോടെ ഖലീഫയുടെ ഉർദുവിലുള്ള ഖുത്ബാ പ്രഭാഷണം ശ്രദ്ധിച്ചുകൊണ്ടിരുന്നു. ചിലർ ഹെഡ്ഫോണിലൂടെ ഖുത്ബയുടെ ഇംഗ്ലീഷ് പരിഭാഷയും ശ്രവിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകൾ പള്ളിയുടെ താഴ്ഭാഗത്തെ പ്രത്യേകം മുറിയിലിരുന്നാണ് പ്രാർത്ഥനയിൽ പങ്കെടുക്കുന്നത്. പള്ളിയു ടെ ഉയർന്ന ഭാഗത്തെ ഒരു ബൂ ത്തിൽ നിന്നും സാങ്കേതിക വിദഗ്ധർ ഖുത്ബാ പ്രഭാഷണം ജമാഅത്തിന്റെ ചാനലായ എം.ടി.എ.ക്ക് പ്രക്ഷേപണം ചെയ്യാൻ വേണ്ടി ക്യാമറയിൽ പകർത്തുന്നുണ്ടായിരുന്നു.

വെള്ളിയാഴ്ച പ്രാർത്ഥനാ പരിപാടികളിൽ മുഴുക്കെ കറുത്ത വസ്ത്രവും പരന്ന തൊപ്പിയുമണിഞ്ഞ യുവാക്കൾ ഖലീഫയുടെ ഇരുവശങ്ങളിൽ സുരക്ഷാവലയം തീർത്തുകൊണ്ട് പള്ളിയിൽ നിലയുറപ്പിച്ചിട്ടുണ്ടായിരുന്നു. പാകിസ്താനിൽ വെച്ച് മുൻഖലീഫക്ക് പ്രാർത്ഥനാവേളയിൽ കുത്തേറ്റതിന് ശേഷം ഖലീഫയുടെ ഓരോ ചലനവും, വളണ്ടിയർമാരുടെ സുരക്ഷാവലയത്തിനു കീഴിലാണ്.

'ഞാൻ പാകിസ്താനിലേക്ക് പോകുകയാണെങ്കിൽ പിന്നെ നിങ്ങൾ എന്നെ കാണില്ല' ശോകാർദ്രമായ ഒരു ചെറുപുഞ്ചിരിയോടെ ഖലീഫ പറഞ്ഞു.

പള്ളിക്കകത്ത് ശാന്തിയുടെയും സമൃദ്ധിയുടെയും വികാരമാണ് തുടിച്ചുനിന്നത് പള്ളിക്ക് പുറത്ത് എല്ലാവർക്കും സൗജന്യമായി ഹോമിയോപതി ക്ലിനിക്ക് തുറന്നുവെച്ചിരിക്കുന്നു. ധനികരായ അഹ്മദികളുടെ മെർസിഡസ് ബെൻസ് കാറുകൾ പള്ളിക്ക് മുമ്പിലെ പാർക്കിംങ്ങ് ലോട്ടിൽ നിരനിരമായി നിർത്തിയിരിക്കുന്നു. അഹ്മദി മുസ്‌ലിംകൾ വളരെയേറെ പുരോഗതി പ്രാപിച്ചിരിക്കുന്നു. അതിന് കാരണം സ്ത്രീകൾക്കും പുരുഷന്മാർക്കും വിദ്യാഭ്യാസത്തിന് അവർ നൽകിയ പ്രാധാന്യം കൊണ്ടാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പറഞ്ഞു: 'ഓരോ സമൂഹത്തിനും ഓരോ വ്യക്തികൾക്കും പ്രാപിക്കാൻ ഓരോ ലക്ഷ്യമുണ്ടെന്ന് ഖുർആൻ നമ്മോടു പറയുന്നു. വിദ്യാഭ്യാസം കൂടാതെ നിങ്ങൾക്ക് യാതൊരു ലക്ഷ്യവും പ്രാപിക്കാനോ സ്രഷ്ടാവിനെ സംബന്ധിച്ച് യഥാർത്ഥ ജ്ഞാനമോ ലഭിക്കില്ല എന്ന്"

അഹ്മദിയ്യാ സമൂഹത്തിന് പ്രൊഫഷനലുകളുടെ ഒരു കൂട്ടാ

യ്മയുണ്ട്. പാകിസ്താനിൽ ഈ പീഢങ്ങൾക്ക് നടുവിലും സിവിൽ സർവ്വീസിന്റെയും പട്ടാളത്തിന്റെയും തലപ്പത്ത് അഹ്മദികളുണ്ട്. അവർ ജീവകാരുണ്യപ്രവർത്തനത്തിൽ സജീവമാണ്. ആഫ്രിക്കയിൽ സ്കൂളുകളും കിണറുകളും അവർ നിർമ്മിക്കുന്നു. പാകിസ്താൻ മുതൽ അമേരിക്കയിലെ ന്യൂ ഓർലിയോൺ വരെ പ്രകൃതിദുരന്തങ്ങൾക്കിരയായവരെ അവർ സഹായിക്കുന്നു. പ്രധാനപ്പെട്ട ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ഉദാരമായി സംഭാവനകൾ നൽകുന്നു. കുട്ടികളെ രക്ഷിച്ച് ഗ്രെയിറ്റ് ഓർമണ്ട് സ്ട്രീറ്റ് ഹോസ്പിറ്റലിൽ എത്തിക്കുന്നു. സത്യസന്ധനാവുക എന്നതാണ് അഹ്മദിയാവുക എന്നതിന്റെ ആകത്തുക എന്ന് അവരുടെ ആത്മീയ നേതാവ് വിശദീകരിക്കുന്നു. 'സമാധാനത്തെ, സ്നേഹിക്കുക. കഠിനമായി അദ്ധ്വാനിക്കുക. സ്രഷ്ടാവിനോട് സത്യസന്ധനുമായിരിക്കുക' എന്നതാണ് അഹ്മദിയായിരിക്കുക എന്നതിന്റെ അർത്ഥമെന്നും അദ്ദേഹം വിശദീകരിച്ചു. ●

***(20 -ൽ നിന്ന് തുടർച്ച)***

ലോകത്ത് കളങ്കം നേരിട്ടുവെങ്കിലും ആഗോള ആത്മീയ നേതൃത്വത്തിന്റെ അനുസ്യൂതി നഷ്ടപ്പെട്ട് പോയിരുന്നില്ല. ഉമവിയ്യാ ഖലീഫമാരും അബ്ബാസിയ്യാ ഖലീഫമാരും ഫാത്തിമിയ്യാ ഖലീഫമാരും ഉസ്മാനിയ്യാ ഖലീഫമാരും മുസ്ലിം ലോകത്തിന് ആശ്രയസ്ഥാനവും ആശ്വാസകേന്ദ്രവുമായി നിലകൊണ്ടു. നാമമാത്രമെങ്കിലും ഉസ്മാനിയ്യാ ഖിലാഫത്തിന്റെ അന്തിമദശകളിലും അത് ഇസ്ലാമിന്റെ ശക്തി പ്രതീകമായി വിലസിയിരുന്നു. പക്ഷേ, തുർക്കിയിലെ മുസ്തഫാ കമാൽ പാഷ ആ സ്ഥാപനത്തെ നശിപ്പിച്ചതോടെ മുസ്ലിങ്ങൾക്ക് ഖലീഫ ഇല്ലാതായി. എന്നാൽ സത്യവിശ്വാസികൾക്ക് അല്ലാഹു വാഗ്ദാനം ചെയ്ത ഖിലാഫത്ത് അപ്രത്യക്ഷമായിരുന്നില്ല. അത് പ്രവചനപ്രകാരം വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ് മദിന്റെ അനുയായികളിൽ പ്രത്യക്ഷപ്പെട്ടു കഴിഞ്ഞിരുന്നു. 1908-ൽ ആരംഭിച്ച അഹ്മദിയ്യാ ഖിലാഫത്തിന്റെ സംസ്ഥാപനത്തോടെ ഖലീഫമാരുടെ ആത്മീയ പ്രഭാവങ്ങൾ ഇസ്ലാമിൽ അതിന്റെ ജൈത്രയാത്ര തുടരുന്നു. അഞ്ചാം ഖലീഫ ഹദ്റത്ത് മസ്റൂർ അഹ്മദിന്റെ ഉജ്ജ്വല നേതൃത്വം വിജയങ്ങളുടെ വീരേതിഹാസം രചിച്ചു മുന്നേറുന്നു.

## എല്ലാവരോടും സ്നേഹം

ഭാരതം പുണ്യഭൂമിയാണ്. അനേകം ഋഷിമാരും മതചാര്യന്മാരും പ്രവാചകന്മാരും ആത്മീയഗുരുക്കന്മാരും ജന്മമെടുക്കുകയും നീതിതത്ത്വങ്ങൾ പ്രബോധിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത ഭാരതം അതുകൊണ്ടുതന്നെ ആർഷഭൂമിയാണ്. സർവസമുദായങ്ങളും പ്രതീക്ഷിക്കുന്ന അന്ത്യകാലത്തെ ആത്മീയ ഗുരു പ്രത്യക്ഷനായതും ഈ ഭാരതത്തിലാകുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി ജീവിച്ച ലോകത്തിന്റെ മുക്തിദാതാവെന്ന് വാദിച്ച അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ദിവ്യസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ആകുന്നു. ആ യുഗപ്രഭാവൻ. അദ്ദേഹം മുഖേന ആരംഭിച്ച വിശ്വാസ വിസ്ഫോടനത്തിന്റെ അലമാലകൾ മതമണ്ഡലങ്ങളെ ആകെത്തന്നെയും ഇന്ന് ഇളക്കിമറിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യൻ പഞ്ചാബിലെ ഒരു കുഗ്രാമമായ ഖാദിയാനിൽനിന്നുയർന്ന ആ ശബ്ദം ഇന്ന് ലോകം മുഴുവൻ മാറ്റൊലിക്കൊള്ളുന്നു. 'എല്ലാവരോടും സ്നേഹം ആരോടും വിരോധമില്ല' എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം. അഹ്മദീ മുസ്ലിങ്ങളുടെ ജനസംഖ്യ ഇന്ന് ലോകത്ത് ഇരുപതു കോടിയിലധികമാണ്.

## മതവും ജിഹാദും

പ്രപഞ്ചം മുഴുവൻ അനുഗ്രഹമായി വന്ന മുഹമ്മദ് നബി ലോകത്തിന് സമർപ്പിച്ച നിസർഗസുന്ദരമായ ഇസ്ലാം മതത്തിന് ഒരു പ്രതി സംസ്കാരം രൂപംകൊള്ളുകയാണിപ്പോൾ. ആധ്യാത്മികതയുടെ എതിർപ്രത്യയങ്ങളെ സ്വാംശീകരിച്ച് ഭീകരവാദത്തിന്റെയും തീവ്രവാദത്തിന്റേയും ആയുധമണിഞ്ഞ് അധികാരത്തെ വലംവെച്ച് വളരുന്ന ഒരു പ്രതി സംസ്കാരം. മതവും ജിഹാദും സംബന്ധിച്ച ഹദ്റത്ത് അഹ്മദിന്റെ അധ്യാപനങ്ങൾ ഇക്കാലത്ത് എത്രയും പ്രസക്തമാണ്. മതം മാറാനുള്ള സ്വാതന്ത്ര്യം ഉൾപ്പെടെ മനഃസാക്ഷി സ്വാതന്ത്ര്യത്തിനും മനഃസാക്ഷി സ്വാതന്ത്ര്യത്തെത്തുടർന്നുണ്ടാകുന്ന മറ്റെല്ലാ സ്വാതന്ത്ര്യങ്ങൾക്കും വേണ്ടി മതം നിലകൊള്ളേണ്ടതാണ് എന്നാണ് ഹദ്റത്ത് അഹ്മദ് സിദ്ധാന്തിച്ചത്. വിശ്വസിപ്പിക്കുക എന്ന കാര്യം സർവേശ്വരന്റെ മാത്രം കഴിവിൽപ്പെട്ടതാണെന്നും ദൈവം ആരെയും വിശ്വസിക്കാൻ നിർബന്ധിക്കുന്നില്ലെന്നും വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. മതപരിത്യാഗം ആത്മീയമായ ഒരു കുറ്റമെന്ന നിലയിൽ എത്ര തന്നെ അപലപനീയമാണെങ്കിലും ഭൗതീകമായ യാതൊരു ശിക്ഷയ്ക്കും അത് കാരണമായിത്തീരുന്നില്ല. ആകയാൽ മതത്തിനുവേണ്ടിയുള്ള സായുധസമരം എന്ന അർത്ഥത്തിലുള്ള ജിഹാദിനെ ഹദ്റത്ത് അഹ്മദ് ഖണ്ഡിക്കുകയും ഇസ്ലാമിന്റെ പ്രചാരണത്തിന് യാതൊരു ഭൗതിക ശക്തിയും പ്രയോഗിക്കേണ്ട ആവശ്യമില്ലെന്നും അതിന്റെ അഭൗതികവും ആത്മീയവുമായ ആദർശങ്ങളെ നേരിടാൻ ലോകത്ത് ഒരു ശക്തിക്കും സാധ്യമല്ലെന്നും ഹദ്റത്ത് അഹ്മദ് പ്രഖ്യാപിക്കുകയും ചെയ്തു. ●

ലേഖനം

സിയാ എച്ച്. ഷാ, എം.ഡി., യു.എസ്.എ.

# തോമസ് ജെഫേർസൻ: ഏകദൈവവിശ്വാസിയായിരുന്നുവോ?

## ഇസ്‌ലാമിനോട് ആഭിമുഖ്യമുണ്ടായിരുന്ന അമേരിക്കൻ പ്രസിഡണ്ട് തോമസ് ജെഫേർസന്റെ മതവിശ്വാസത്തെക്കുറിച്ചൊരന്വേഷണം

***പറയുക, അവൻ അല്ലാഹു; ഏകൻ. അല്ലാഹു സർവ്വാധിനാഥനാണ് (സ്വാശ്രയനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാണ്). അവൻ സന്താനോല്പാദനം ചെയ്തിട്ടില്ല. (ആരുടേയും സന്താനമായി) ഉൽപ്പാദിപ്പിക്കപ്പെട്ടിട്ടുമില്ല. (വിശുദ്ധ ഖുർആൻ 112:2-5).***

### യു.എസ്. കോൺഗ്രസ്സിലെ പ്രഥമ മുസ്‌ലിം

യു.എസ്. കോൺഗ്രസ്സിലെ ആദ്യത്തെ മുസ്‌ലിം അംഗമായിക്കൊണ്ട് 2007 ജനുവരിയിൽ കീത്ത്എല്ലിസൺ ചരിത്രം സൃഷ്ടിച്ചു. അമേരിക്കയുടെ മൂന്നാമത്തെ പ്രസിഡണ്ടായിരുന്ന തോമസ് ജെഫേർസന്റെ പക്കലുണ്ടായിരുന്ന വിശുദ്ധ ഖുർആന്റെ ഒരു പ്രതിയിൽ നിന്ന് മേൽവചനങ്ങൾ പാരായണം ചെയ്തുകൊണ്ടായിരുന്നു അദ്ദേഹം സത്യപ്രതിജ്ഞ ധന്യമാക്കിയത്. തന്റെ കോളേജ് പഠനകാലത്ത് ഇസ്‌ലാം മതം സ്വീകരിച്ച ഒരു ആഫ്രോ-അമേരിക്കക്കാരനായിരുന്നു എല്ലിസൺ തന്റെ ഉദ്യോഗം ഏറ്റെടുക്കുമ്പോൾ, തോമസ് ജെഫേർസന്റെ കൈവശമുണ്ടായിരുന്ന വിശുദ്ധ ഖുർആനിൽ നിന്ന് പാരായണം ചെയ്യുന്നതിൽ അദ്ദേഹം വിജയിക്കുകയുണ്ടായി. ഇത് തന്ത്രപരമായ ഒരു നീക്കത്തിലൂടെയാണ് അദ്ദേഹം സാധിച്ചെടുത്തത്. 1815ൽ തോമസ് ജെഫേർസൻ തന്റെ 6400 വാല്യങ്ങളുള്ള ഗ്രന്ഥശേഖരം 24000 ഡോളറിന് വിറ്റപ്പോൾ ലഭിച്ചതായിരുന്നു ആ വിശുദ്ധ ഖുർആൻ പ്രതി. 1812ലെ യുദ്ധത്തിന് ഒരു വർഷം മുമ്പ് ബ്രിട്ടീഷ് പട്ടാളക്കാർ അഗ്നിക്കിരയാക്കിയ കോൺഗ്രസ്സിനൽ ലൈബ്രറിയിൽ പകരം വെക്കാനായിരുന്നു ആ ഗ്രന്ഥശേഖരം വിറ്റത്. ഗ്രന്ഥം തോൽ ഉപയോഗിച്ചുള്ള ബൈന്റിംഗ് കൊണ്ട് ബലപ്പെടുത്തിയത് 1919ലാണ്. അതിന്റെ അകത്ത് "ഖുർആൻ, പൊതുവിൽ മുഹമ്മദിന്റെ ഖുർആൻ" എന്നെഴുതിയിരുന്നു തന്റെ ഉടമസ്ഥയിലുള്ളതാണ് ഖുർആൻ എന്ന് കാണിക്കാൻ എല്ലാ പേജുകളുടേയും താഴെ മുമ്പെ ഉണ്ടായിരുന്ന T എന്ന അക്ഷരത്തോടൊപ്പം 'J' എന്ന അക്ഷരവും ചേർ ത്തിരുന്നു.

എബിസി ന്യൂസിന്റെ ഒരു പ്രക്ഷേപണത്തിൽ, തന്റെ ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങളുടെ അടിത്തറയായ വിശുദ്ധ ഖുർആൻ, പ്രതിജ്ഞാവേളയിൽ പാരായണം ചെയ്തത് തികച്ചും സ്വാഭാവികമാണെന്നാണ് എല്ലിസൺ പറഞ്ഞത്. *'ഞാൻ ദിനേന പാരായണം ചെയ്യുന്ന ഗ്രന്ഥമാണത്. അതിൽ നിന്നാണ് ഞാൻ പ്രചോദനമുൾക്കൊള്ളുന്നത്.* എല്ലിസൺ പറഞ്ഞു. നിയമനിർമ്മാണസഭയിലേക്ക് കടന്നുവരുന്ന എല്ലിസൺ തന്റെ കോളേജ് വിദ്യാഭ്യാസകാലത്ത് റോമൻ കാത്തലിക് വിഭാഗത്തിൽ നിന്നാണ് ഇസ്‌ലാമിലേക്ക് വന്നത്. മിനസോട്ടയിൽ നിന്ന് നിയമനിർമ്മാണസഭയിലേക്ക് വരുന്ന ആദ്യത്തെ കറുത്ത വർഗ്ഗക്കാരനാണ് എല്ലിസൺ. താൻ നിയമനിർമ്മാണം പഠിക്കുന്നതിൽ വ്യാപൃതനായിരുന്നപ്പോൾ ബേസ്ബോൾ ഇതിഹാസമായ ജാക്കി റോബിൻസന്റെ പുസ്തകത്തിൽ നിന്നും ഒരു പേജ് വായിക്കുമായിരുന്നു. സ്പോർട്സ് മേജർ ലീഗിലെ ആദ്യത്തെ കറുത്ത വർഗ്ഗക്കാരൻ എന്ന നിലയിൽ ജാക്കി ചരിത്രം സൃഷ്ടിച്ചിരുന്നു. കറുത്ത വർഗ്ഗക്കാരനായ ആദ്യത്തെ ബേസ് ബോൾ കളിക്കാരൻ ആയതുകൊണ്ട് അദ്ദേഹം അസ്വസ്ഥനായിരുന്നുവോ? ഇല്ല. ഒരു പ്രഹരം കിട്ടുന്നതിനെ സംബന്ധിച്ച് അദ്ദേഹം വിഷമിച്ചു. 'അധമനായി കഴിയുന്നത് അദ്ദേഹത്തിന് വിഷമമുണ്ടാക്കി' എല്ലിസൺ പറഞ്ഞു. ജെഫേർസനെപ്പോലെയുള്ള ഒരു ദാർശനികൻ വിശ്വസിച്ചിരുന്നത് വിവേകം നിരവധി സ്രോതസ്സുകളിൽ നിന്ന് ശേഖരിക്കാം എന്നാണ്. അതിനാൽ ഞാൻ

വിശുദ്ധ ഖുർആൻ തിരഞ്ഞെടുത്തു.

## തോമസ് ജെഫേഴ്സൻ

യു.എസിന്റെ സ്വാതന്ത്രപ്രഖ്യാപനം (1776) എന്ന ഗ്രന്ഥത്തിന്റെ മുഖ്യകർത്താവ് തോമസ് ജെഫേഴ്സൻ (1743-1826) ആയിരുന്നു. ആ രാഷ്ട്രത്തിന്റെ പ്രഥമ സ്റ്റേറ്റ് സിക്രട്ടറിയും (1789-94) രണ്ടാമത്തെ വൈസ് പ്രസിഡണ്ടും (1797-1801) മൂന്നാമത്തെ പ്രസിഡണ്ടുമായിരുന്നു അദ്ദേഹം. (1801-1809). ചർച്ചും സ്റ്റേറ്റും വേർപ്പെടുത്തണമെന്ന വാദത്തിന്റെ ആദ്യകാല വക്താവായിരുന്നു അദ്ദേഹം. (വിർജിനിയ സ്റ്റാറ്റ്യൂട്ട് റിലീജ്യസ് ഫ്രീഡം). അമേരിക്കൻ വിപ്ലവത്തിന്റെ കഴമ്പായ വ്യക്തി സ്വാതന്ത്ര്യത്തിന്റെ ഏറ്റവും വാചാലനായ അമേരിക്കൻ വക്താവായിരുന്നു ജെഫേഴ്സൺ. എഡ്വിൻ ഗസ്റ്റാഡ് ജെഫേർസന്റെ മതപരമായ ആത്മകഥ എഴുതിയിട്ടുണ്ട്. അതിന്റെ പേര് Sworn on the Altar of God എന്നാണ് അദ്ദേഹം എഴുതുന്നു:

'ഒരു കൊയ്ത്തുകാരൻ ധാന്യം ശേഖരിക്കുന്നതുപോലെ ജെഫേർസൻ ആശയങ്ങൾ ശേഖരിച്ചു. ഏറ്റവും ആനന്ദലബ്ധിയുള്ളതിനെ അദ്ദേഹം നിലനിർത്തുകയും തന്റെ അഭിരുചിക്ക് അനുയോജ്യമല്ലാത്തത് അവഗണിക്കുകയും ഉപേക്ഷിക്കുകയും ചെയ്തു. ജെഫേർസന്റെ നിരവധി സഹവിശ്വാസികൾ സ്കോട്ടിഷ് ഇംഗ്ലീഷ് ചിന്തകന്മാർ ഫ്രാൻസിലെ ചിന്തകന്മാരേക്കാൾ കൂടുതൽ സുസമ്മതരും കുറഞ്ഞ അടിസ്ഥാനമുള്ളവരും കുറഞ്ഞ ശക്തിയുള്ളവരുമാണെന്ന് കണ്ടെത്തി. പക്ഷേ, ജെഫേർസൻ അതിലും നേട്ടങ്ങൾ കൊയ്തെടുത്തു.

മറ്റു വാക്കുകളിൽ പറഞ്ഞാൽ, അദ്ദേഹം വ്യത്യസ്ത കാലങ്ങളിലുള്ള എല്ലാ തത്വജ്ഞാനികളിൽ നിന്നും ആശയം തേടി. ശരിയും തെറ്റും ഉപകാരമായതും ഉപയോഗശൂന്യവുമായ കാര്യങ്ങൾ വ്യാഖ്യാനിക്കാൻ ജെഫേർസന് പ്രത്യേക കഴിവുണ്ടായിരുന്നു. ജീവിതത്തിന്റെ വിവിധ രംഗങ്ങളിൽ അദ്ദേഹം കാണിച്ച പുതിയതും പഴയതുമായ ആശയങ്ങൾ നല്കുന്നതിനാൽ ജെഫേർസൻ പുസ്തകങ്ങൾ ഇഷ്ടപ്പെട്ടു. അദ്ദേഹം വലിയ ഒരു പുസ്തകശേഖരണക്കാരനായിരുന്നു. ഒരു ദൂതനെന്ന നിലയിൽ തോമസ് ജെഫേർസൻ 1785ൽ ഫ്രാൻസിലേക്ക് പോയപ്പോൾ പുസ്തകങ്ങൾ വാങ്ങാനുള്ള അവസരം ശതഗുണീഭവിച്ചു. ഫ്രഞ്ച് ഭാഷ വായിക്കാൻ കഴിയുന്നതിനാൽ ഉച്ചക്ക്ശേഷം ഒഴിവുള്ള അവസരങ്ങളിൽ പ്രധാനപ്പെട്ട പുസ്തകക്കടകളിൽ പോയി തന്റെ സ്വന്തം കൈകൊണ്ട് ഓരോ താളും മറിച്ചു. അമേരിക്കയെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും വായിച്ചു മനസ്സിലാക്കി. വാസ്തവത്തിൽ അപൂർവ്വവും വിലമതിക്കാൻ സാധിക്കാത്തതുമായ ഓരോ ശാസ്ത്രഗ്രന്ഥവും വാങ്ങി.

ഗസ്റ്റാഡ് എഴുതുന്നു: പാരീസിലെ ബുക്ക് സ്റ്റാളുകളിൽ നിന്ന് പുസ്തകവേട്ട നടത്തുന്നതുകൂടാതെ, ജെഫേർസൻ എഴുതിയ പുസ്തകത്തിന്റെ ഓർഡറുകളും അപ്പോൾ നിലവിലുണ്ടാകുമായിരുന്നു. ഞാൻ യൂറോപ്പിലായിരുന്ന മുഴുവൻ സമയവും പ്രത്യേകിച്ചും ആംസ്റ്റർഡാം, ഫ്രാങ്ക് ഫർട്ട്, മാഡ്രിഡ്, ലണ്ടൻ എന്നിവിടങ്ങളിലെ മുഖ്യപുസ്തകശാലകളിൽ നിന്നുമായിരുന്നു ഈ ഓർഡറുകൾ ലഭിച്ചത്.

ബുദ്ധിജീവിയായി ജെഫേർസൻ ആരായിരുന്നു? അദ്ദേഹം ഖുർആനിൽ നിന്ന് 'കടമെടുത്ത' ആശയങ്ങൾ എന്തൊക്കെയായിരുന്നു? അദ്ദേഹത്തിന്റെ ആശയങ്ങൾ വിശുദ്ധ ഖുർആനുമായോ വിശുദ്ധ ബൈബിളുമായോ കൂടുതൽ സമീപസ്ഥം?

## ഇസ്‌ലാമിന്റെ സ്വാധീനം

18-ാം നൂറ്റാണ്ടിൽ പൊതുവിൽ യൂറോപ്പിലും അമേരിക്കയിലും മുസ്‌ലിംകൾക്കോ, മുഹമ്മദ് നബിക്കോ (സ) വിശുദ്ധ ഖുർആനോ അംഗീകാരം നല്കാറില്ലായിരുന്നു. ഇക്കാര്യം ഈ ലേഖനത്തിൽ പിന്നീട് പ്രതിപാദിക്കാം. ഇത് സത്യമാണെങ്കിൽ ഇസ്‌ലാമിനെ അവഗണിക്കുന്ന ഈ പ്രതിഭാസത്തിന്റെ ഫലമായി ജെഫേർസൻ വിശുദ്ധ ഖുർആനിൽ നിന്ന് എന്താണ് ബുദ്ധിപരമായ രീതിയിൽ കടമെടുത്തത് എന്ന് പരിശോധിക്കാൻ സാധിക്കുകയില്ല. എഴുതപ്പെട്ട തെളിവുകളുമില്ല. ഈ ചോദ്യത്തിന് മറുപടി നൽകിക്കൊണ്ട് നമുക്ക് ആദ്യത്തെ പ്രശ്നത്തിൽ തീരുമാനം കല്പിക്കാം. അദ്ദേഹം എന്തായിരിക്കണം വിശുദ്ധ ഖുർആനിൽ നിന്ന് 'കടമെടുത്തത്'?

മനുഷ്യന്റെ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും മുഖേന ആർജ്ജിച്ച വിജ്ഞാനവും വെളിപാടായി ലഭിച്ച സത്യവും തമ്മിലുള്ള അസന്തുലിതാവസ്ഥ മനുഷ്യകുലത്തിൽ സ്ഥിരമായി ആശയക്കുഴപ്പമുണ്ടാക്കിയിട്ടുണ്ട്. ഇത് ജെഫേർസന് നീറിപ്പുകയുന്ന ഒരു പ്രശ്നമായിരുന്നു. വെളിപാട് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ബൈബിൾ മാത്രം ഉൾപ്പെട്ടതായിരുന്നു. വസ്തുതയുമായി ബന്ധപ്പെട്ടതാണ് അദ്ദേഹത്തിന്റെ പ്രശ്നം. ഇസ്‌ലാമിനോട് അങ്ങേയറ്റം ശത്രുതയുള്ള ഒരു കാലത്താണ് അദ്ദേഹം വിശുദ്ധ ഖുർആൻ വായിച്ചിരുന്നത് എന്നതു കൊണ്ട് അദ്ദേഹത്തിന് പൂർണ്ണമായി അത് ആശ്ലേഷിക്കാൻ കഴിഞ്ഞില്ല. അതിലുപരി, അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന ജോർജ്ജ് സെയിലിന്റെ പരിഭാഷ പക്ഷപാതപരവുമായിരുന്നു. ബൈബിളിന്റെ രൂപത്തിൽ അദ്ദേഹം മനസ്സിലാക്കിയ വെളിപാടിന് മനുഷ്യന്റെ കാര്യത്തിൽ എന്തെങ്കിലും പങ്കു ണ്ടോ? ദൈവം മനുഷ്യകുലത്തോട് സംസാരിച്ചത് മുഖ്യമായും അഥവാ

പൂർണ്ണമായും പ്രകൃതിയുടെ മാദ്ധ്യമത്തിലൂടെയാണെങ്കിൽ ദൈവത്തെക്കുറിച്ച് പ്രകൃതി എന്താണ് നമ്മോട് പറഞ്ഞത്? അവന്റെ ശാശ്വതമായ സത്യത്തെക്കുറിച്ച്. സ്ത്രീപുരുഷന്മാരുടെ വിധിയെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും മായം ചേർത്ത ബൈബിളിലെ വിവരണങ്ങൾ ജെഫേഴ്സനെ തൃപ്തനാക്കിയില്ല. വ്യത്യസ്തമായ ഗ്രന്ഥങ്ങൾ വിപുലമായി പഠിച്ചശേഷം ജെഫേർസന്റെ നിഗമനം:

പരമ്പരാഗതമായി ക്രിസ്തുമതം ബുദ്ധിയുടെയും അനുഭവത്തിന്റേയും അടിസ്ഥാനത്തിലല്ല നിൽക്കുന്നത്. നിഗൂഢതയുടേയും ദിവ്യാത്ഭുതത്തിന്റെയും അടിസ്ഥാനത്തിലാണ്. ക്രിസ്തുമതം ചിത്രീകരിക്കുന്ന ദൈവം പ്രകൃതിയിൽ വെളിപാടായി ലഭിച്ചതിൽ നിന്നു വ്യത്യസ്തമായിട്ടാണ് നില്ക്കുന്നത്. അതിനെ ബുദ്ധികൊണ്ട് വിവരിക്കാനോ പ്രതിരോധിക്കാനോ സാധിക്കില്ല. മുഴുപ്രപഞ്ചത്തിന്റേയും ദൈവത്തിന് കിഴക്കൻ മധ്യധരണ്യാഴിയിലെ ഒരു കൊച്ചു രാജ്യത്ത് മാത്രം അവതരിക്കുക എന്നത് എത്രമാത്രം യുക്തിസഹമായിരിക്കും? ലോകത്തിന്റെ ബാക്കിഭാഗം തന്റെ അസ്തിത്വത്തെക്കുറിച്ച് അറിയാത്തവിധം തികഞ്ഞ അജ്ഞതയിലേക്ക് ദൈവം വിടുകയും ചെയ്തുവെന്നോ? പ്രപഞ്ചത്തിന്റെ പരമാധികാരിയായ ദൈവം തനിക്ക് ജനിച്ച മകനെത്തന്നെ അയച്ചുവെന്ന് വിശ്വസിക്കുന്നത് അതിലുപരി യുക്തിരഹിതമാണ്. ആ പുത്രൻ മനുഷ്യരാൽ ബലിയാക്കപ്പെടുമ്പോഴും ദൈവം അത് പ്രതിരോധിച്ചില്ല. മനുഷ്യരുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായും തന്റെ ദ്വേഷ്യം അടക്കാനുമാണ് ദൈവം ശ്രമിച്ചത്.(4)

തന്റെ യുവത്വകാലത്ത് താൻ വായിച്ച പുസ്തകങ്ങളുടെ കർത്താക്കളെപ്പോലെ ജെഫേർസനും അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ പ്രകടമായിക്കണ്ട ഉജ്ജ്വലമായ ആസൂത്രണത്തിൽ നിന്നും ദൈവത്തിന്റെ ആസ്തികൃത്തിനുള്ള വാദഗതി സ്വീകരിക്കുന്നതിൽ യാതൊരു തടസ്സവും കണ്ടില്ല. അദ്ദേഹത്തിന്റെ ചിന്തകൾ മേലുദ്ധരിച്ച ഖുർആൻ വചനങ്ങൾക്ക് തികച്ചും യോജിക്കുന്നതും സൂറത്തുൽ ഹശ്റിലെ വചനങ്ങൾക്ക് അനുസൃതവുമായിരുന്നു.

*“അവൻ സ്രഷ്ടാവും ഇല്ലായ്മയിൽ നിന്നുണ്ടാക്കുന്നവനും രൂപസന്ദായകനുമായ അല്ലാഹുവാകുന്നു. ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ അവനുള്ളതാണ്. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.* (വി. ഖുർആൻ 59:25)

‘മനുഷ്യമനസ്സിന് ഉൾക്കൊള്ളാനും അനുഭവിക്കാനും സാധിക്കാത്ത ആസൂത്രണത്തെക്കുറിച്ചും ഓരോ അണുവിലുള്ള അനന്തമായ ശക്തിയെക്കുറിച്ചും ഗ്രഹിക്കാൻ സാധ്യമല്ല എന്നത് അംഗീകരിക്കാൻ സാധ്യമല്ല. ജെഫേർസൻ ജോൺ ആഡംസിനെഴുതിയ കത്തിൽ പറയുന്നു: മുകളിലുള്ള ആകാശങ്ങളെക്കുറിച്ചും താഴെയുള്ള ഭൂമിയെക്കുറിച്ചും ഒരാൾ ചിന്തിച്ചാൽ ഇതുപോലെത്തന്നെയാണ്. (അപകേന്ദ്രകവും അഭികേന്ദ്രകവുമായ ശക്തിയുടെ സന്തുലിതാവസ്ഥ കൊണ്ട് ആകാശത്തുള്ള ഗ്രഹങ്ങൾ അവയുടെ പഥം തെറ്റാതെ നീങ്ങുന്നു). നമ്മുടെ ഭൂമിയുടെ ഘടന തന്നെയും, അതിലെ ജലാശയങ്ങൾ, അന്തരീക്ഷം, ജന്തുക്കൾ, പച്ചക്കറി, പ്രാണികൾ മുതലായവ ജീവന്റെ വെറും അണുവായി മനുഷ്യനെപ്പോലെ സമഗ്രമായ നിലയിൽ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു. (5)

## വിശുദ്ധ ഖുർആനും പ്രകൃതിപഠനവും

പ്രബുദ്ധനായ ഓരോ വിശുദ്ധ ഖുർആൻ വായനക്കാരനും അറിയാം, പ്രകൃതി നിയമങ്ങളെക്കുറിച്ച് ചിന്തിക്കാൻ അത് നമ്മെ ഉണർത്തുന്നുവെന്ന്. പ്രപഞ്ചോല്പത്തി ശാസ്ത്രം, ജന്തുശാസ്ത്രം, ഭൗതിക ശാസ്ത്രം മറ്റു ശാസ്ത്രശാഖകൾ എന്നിവയിൽ നിന്ന് ഉദാഹരണമെടുത്തുകൊണ്ട് അവയെ ബുദ്ധിമാന്മാർക്ക് ദൃഷ്ടാന്തമായി കാണിക്കുന്നു. ഉദാഹരണമായി വിശുദ്ധ ഖുർആൻ പറയുന്നു:

*‘ഒട്ടകങ്ങളിലേക്ക് അവർ നോക്കുന്നില്ലേ? അവ എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്ന്, ആകാശത്തിലേക്കും (അവർ) നോക്കുന്നില്ലേ? അതെങ്ങനെ ഉയർന്നുപ്പെട്ടുവെന്നു. പർവ്വതങ്ങളിലേക്കും (അവർ) നോക്കുന്നില്ലേ? അതെങ്ങനെ നാട്ടിനിർത്തപ്പെട്ടിരിക്കുന്നുവെന്ന്, അവർ ഭൂതലത്തിലേക്കും നോക്കുന്നില്ലേ?’ അതെങ്ങനെ വിരിക്കപ്പെട്ടിരിക്കുന്നുവെന്ന്. (വി. ഖുർആൻ 88:18-21)*

വീണ്ടും പറയുന്നു:

*“ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി വരുന്നതിലും, മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽനിന്നും അല്ലാഹു വെള്ളമിറക്കി ഭൂമിയെ അത് നിർജ്ജീവമായി കിടന്നശേഷം സജീവമാക്കുകയും അതിൽ എല്ലാത്തരം ജീവജാലങ്ങളേയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും, കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കതീതമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പല(വിധ) ദൃഷ്ടാന്തങ്ങളുമുണ്ട്.* (വി. ഖുർആൻ 2:165). എഴുന്നൂറ്റി അമ്പത് ഖുർആനിക വചനങ്ങൾ (മിക്കവാറും ഗ്രന്ഥത്തിന്റെ എട്ടിൽ ഒരു ഭാഗം) പ്രകൃതിയെക്കുറിച്ചു പഠിക്കാൻ വിശ്വാസികളെ ഉൽബോധി

പ്പിക്കുന്നു. ചിന്തിക്കാനും നല്ലപോലെ ബുദ്ധിയുപയോഗിച്ച് സ്രഷ്ടാവായ സർവ്വശക്തനായ അല്ലാഹുവിനെ തേടാനും വിശ്വാസികളെ ഉണർത്തുന്നു. ഇതിനെതിരിൽ വി. ഖുർആനിലെ 250 വചനങ്ങളിൽ മാത്രമാണ് വ്യത്യസ്ത കല്പനകളുള്ളത്. (6)

## പ്രപഞ്ചത്തിന്റെ ഒരു സ്രഷ്ടാവ്

ജെഫേർസൻ ഒരു ബുദ്ധിജീവി മാത്രമായിരുന്നില്ല. ഒരു സ്വതന്ത്ര ചിന്തകനുമായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവേ ഉള്ളൂ. അവനെ അല്ലാഹുവെന്നോ മറ്റേത് പേരോ വിളിക്കാം. പക്ഷേ, ഈ പ്രപഞ്ചത്തിന് മൂന്ന് സ്രഷ്ടാക്കൾ ഉണ്ടാകുക വയ്യ. പരിശുദ്ധാത്മാവിന്റെയോ യേശുക്രിസ്തു(അ)വിന്റെയോ നമുക്കു കാണാൻ കഴിയുന്ന സൃഷ്ടിപ്പുകൾ വേറെ ഇല്ല. മുസ്‌ലിംകളായ ഞങ്ങൾ വളരെ ആത്മാർത്ഥമായി യേശു(അ)വിനെ സ്നേഹിക്കുന്നു. അദ്ദേഹത്തെ ഒരു പ്രവാചകനായി അംഗീകരിക്കുകയും ചെയ്യുന്നു. സർവ്വശക്തനായ അല്ലാഹുവിനുള്ള തുല്യപദവിയർഹിക്കുമാറ് യേശു ഒന്നും സൃഷ്ടിച്ചിട്ടില്ല. ഈ പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിൽ ഒരു ഇതിവൃത്തം മാത്രമാണുള്ളത്. അത് സജീവമായതോ ചേതനയറ്റതോ ആവട്ടെ. ജീവനുള്ള ജന്തുക്കളിൽ സമാനമായ ആർ.എൻ.എ.യും പൊതുവായ ഒരു ഡി.എൻ.എ.യും ആണുള്ളത്. പരിണാമസിദ്ധാന്തം ജീവനുള്ള എല്ലാ ജന്തുക്കളേയും ഒരു വംശപരമ്പരയിൽ ബന്ധിക്കുന്നു. പ്രകൃതിശാസ്ത്രജ്ഞന്മാർ ഒരു സ്ട്രിംഗ് തിയറിയുമായാണ് രംഗത്തുള്ളത്. അത് എല്ലാ പദാർത്ഥങ്ങളേയും ഊർജ്ജത്തേയും ഏകീകരിക്കുന്നു. ആകാശഭൂമികളിൽ അല്ലാഹുവല്ലാതെ മറ്റു ദൈവങ്ങളുണ്ടായിരുന്നെങ്കിൽ പ്രപഞ്ചത്തിൽ ആശയക്കുഴപ്പമുണ്ടാവുമായിരുന്നു.

പ്രകൃതിനിയമങ്ങളിൽ ഒരു മാറ്റവുമില്ലെന്ന് സർ ഐസക്ക് ന്യൂട്ടൻ കണ്ടെത്തി. ഗണിതശാസ്ത്രത്തിന്റെ നിയമങ്ങളാണ് പ്രപഞ്ചം പിൻതുടരുന്നതെന്നും അദ്ദേഹം കണ്ടു. മറ്റു വാക്കുകളിൽ പറഞ്ഞാൽ സൂറ റൂമിലെ വചനങ്ങളുടെ യഥാർത്ഥ അർത്ഥം അദ്ദേഹം മനസ്സിലാക്കി.

*'അതിനാൽ ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മത(സേവന)ത്തിനായി തിരിച്ചുനിറുത്തുക. അല്ലാഹു ഏത് പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈക്കൊള്ളുക). അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അത്രേ എന്നെന്നും നിലനില്ക്കുന്ന മതം. പക്ഷേ, മനുഷ്യരിൽ അധികമാളുകളും യാഥാർത്ഥ്യമറിയുന്നില്ല.* (വിശുദ്ധ ഖുർആൻ 30:31).

ജെഫേർസനെക്കുറിച്ച് എഡ്വിൻ ഗസ്റ്റാഡ് എഴുതുന്നു.

"ദൈവത്തിന്റെ ലോകം ക്രമത്തിലുള്ളതും ആശ്രയിക്കാവുന്നതും പ്രവചനീയവുമാണ്. അദ്ദേഹത്തിന്റെ തത്വങ്ങളിൽ നിന്ന് (1787) ക്ഷമയോടെയുള്ള നിരീക്ഷണത്തിൽ നിന്നും ശ്രദ്ധാപൂർവ്വമുള്ള ഗണിതശാസ്ത്ര കണക്കുകൂട്ടലിൽ നിന്നും പ്രപഞ്ചത്തിന്റെ പ്രകൃതിയെക്കുറിച്ച് മുമ്പ് അജ്ഞാതമായിരുന്ന സത്യങ്ങൾ വെളിപ്പെടുമെന്ന് പാശ്ചാത്യലോകം പഠിച്ചു. ഉപഗ്രഹങ്ങൾ വെറുതെ അലഞ്ഞു നടക്കുകയല്ല; മറിച്ച്, ചില പ്രത്യേക നിയമപ്രകാരമാണ് ചലിക്കുന്നത്. ചലനത്തിലുള്ള എല്ലാ പദാർത്ഥവും അവ യാദൃശ്ചികമായി മുന്നോട്ടു ഗമിക്കുകയല്ല; ആസൂത്രണം വഴിയാണ്. ഇംഗ്ലണ്ടിന്റെ ഏറ്റവും വലിയതും അപൂർവ്വവുമായ ബുദ്ധിജീവി (ഡേവിഡ് ഹ്യൂമിന്റെ, വാക്കുകളിൽ ആധുനിക ലോകത്തിന്റെ മദ്ധ്യത്തിൽ ശാസ്ത്രത്തെ ഉറപ്പിച്ചുനിർത്തി. യഥാർത്ഥത്തിൽ ആധുനിക ലോകം സൃഷ്ടിക്കാൻ ന്യൂട്ടൻ സഹായിച്ചു.(9)

ജെഫേർസനെ സംബന്ധിച്ചേടത്തോളം പ്രകൃതിനിയമങ്ങൾ ദൈവത്തിന്റെ നിയമങ്ങളായിരുന്നു. അവയ്ക്ക് സ്വന്തമായ, സ്വതന്ത്രമായ പദവിയില്ല. അതൊക്കെ അസ്തിത്വത്തിൽ വന്നത് ദൈവികാജ്ഞപ്രകാരമാണ്. അതിന്റെ പ്രവർത്തനം ദൈവകൃതമായ നിർദ്ദേശത്തിൽ തുടർന്നുകൊണ്ടേയിരിക്കുമെന്ന് അദ്ദേഹം തെളിയിച്ചു.

മറ്റു ദൈവവിശ്വാസികളെപ്പോലെ ദൈവം ലോകത്തെ സൃഷ്ടിച്ചു, പിന്നെ രംഗത്തുനിന്നും പിൻ മാറി എന്ന് ജെഫേർസൻ വിശ്വസിക്കുന്നില്ല. മറിച്ച് ദൈവം സൃഷ്ടിപ്പ് തുടരുകയും നിമിഷംതോറും ലോകത്തെ പരിപാലിക്കുകയും ചെയ്യുന്നു. ഗുരുത്വം എന്നത് പദാർത്ഥത്തിന്റെ ഒരു ഗുണമല്ല. അത് പദാർത്ഥത്തിന്റെ പ്രവർത്തനത്തിനുള്ള ദൈവത്തിന്റെ ക്രമാനുസൃതമായ നിയമമാണ്. അവ്യവസ്ഥയിൽ നിന്ന് വ്യവസ്ഥയിലേക്ക് അവൻ കൊണ്ടുവന്ന മാർഗ്ഗങ്ങളിൽ ഒന്നാണ്. (10) പ്രകൃതിയെ സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരാൾ എന്ന നിലയിൽ ജെഫേർസനെ സംബന്ധിച്ച നിഗമനങ്ങൾ നിഷേധിക്കാൻ സാധ്യമല്ല.(11) പ്രപഞ്ചത്തെ അതിന്റെ പാതയിലും ക്രമത്തിലും നടത്തിക്കൊണ്ടുപോകാൻ ആസൂത്രിതമായ ഒരു ശക്തിയുടെ ആവശ്യകതയുടെ വ്യക്തമായ തെളിവുകൾ നാം കാണുന്നു.

ഇവിടെയും അദ്ദേഹത്തിന്റെ ചിന്തകൾ ശരിയായ നിലയിൽ വിശുദ്ധ ഖുർആനിലെ സിംഹാസനവചനവുമായി (ആയത്തുൽ കുർസി) യോജിക്കുന്നു.

*അല്ലാഹു അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. (അവൻ) എന്നെന്നും ജീവിച്ചിരിക്കുന്നവനും, സ്വയം നിലനില്ക്കുന്നവനും (എല്ലാറ്റിനേയും) നിലനിറുത്തുന്നവനുമാകുന്നു. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ള (എല്ലാം)*

*അവന്റെതാകുന്നു. അവന്റെ അനുമതി കൂടാതെ അവന്റെയടുക്കൽ ശുപാർശ ചെയ്യുന്നവരാരുണ്ട്? അവരുടെ (മനുഷ്യരുടെ) മുമ്പിലുള്ളതും പിന്നിലുള്ളതും (എല്ലാം) അവനറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നിൽ ക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു. (വിശുദ്ധ ഖുർആൻ 2:256)*

ഈ വിഷയത്തെക്കുറിച്ച് ബൈബിൾ നൽകുന്ന ഏതൊരു പ്രാഥമിക സൂചനയേക്കാളും അടുത്ത് നിൽ ക്കുന്ന വിശുദ്ധ ഖുർആനിലെ ഉന്നതമായ അദ്ധ്യാപനങ്ങളാണ് ജെഫേർസന്റെ വീക്ഷണത്തോട് കൂടുതൽ അനുയോജ്യം. എന്നിട്ടും ഈ വീക്ഷണങ്ങൾ ചരിത്രപരമായി വിശുദ്ധ ഖുർആന് ഒരു കീർത്തിയും നൽകിയില്ല. എന്തുകൊണ്ട്? അതിന്റെ മറുപടി വളരെ പ്രകടമാണെന്ന് ഞാൻ വിശ്വസിക്കുന്നു. പാശ്ചാത്യ ലോകത്തിന്റെ രാഷ്ട്രീയവും മതപരവുമായ അന്തരീക്ഷം വിശുദ്ധ ഖുർആനോ, മുഹമ്മദ് നബി(സ) ക്കോ ഇസ്ലാമിനോ ബഹുമതി ലഭിക്കുന്നതിന് സഹായകമായിരുന്നില്ല. ഇന്നും സ്ഥിതി അതു തന്നെയാകുന്നു. ഒരുപക്ഷേ, കത്തോലിക്കാ കന്യാസ്ത്രീയും ഓറിയന്റലിസ്റ്റുമായ കാരൻ ആംസ്ട്രോങ്ങിന് ഇതിന്റെ കാരണം അറിയാമായിരിക്കും. കാര്യം ഗ്രഹിക്കാതെ അഭിപ്രായം പ്രകടിപ്പിക്കുന്ന പാശ്ചാത്യർ ഇസ്ലാമിന് നേരെ കാണിക്കുന്ന മനോഭാവം വിവരിച്ചുകൊണ്ട് അവർ എഴുതുന്നു:

*'12-ാം നൂറ്റാണ്ടിൽ ക്ലൂനിയിലുള്ള മഠത്തിലെ ആദരണീയനായ പീറ്റർ മുസ്ലിം ലോകത്തോട് ഒരു സംവാദം തുടങ്ങിവെച്ചു "ഞാൻ നിങ്ങളെ സമീപിക്കുന്നത് ആയുധവുമായിട്ടല്ല, വാക്കുകളുമായാണ്. തന്റെ ഈ ഗ്രന്ഥം മുസ്ലിംകൾ വായിക്കുമെന്ന സങ്കല്പത്തിൽ അദ്ദേഹം തുടർന്നു: 'ശക്തികൊണ്ടല്ല, ബുദ്ധി കൊണ്ടാണ്, വെറുപ്പുകൊണ്ടല്ല, സ്നേഹം കൊണ്ടാണ്.' എന്നിട്ടും അദ്ദേഹത്തിന്റെ പഠന ഗ്രന്ഥത്തിനു നല്കിയ തലക്കെട്ട് 'സാരസൻമാരിലെ പൈശാചിക കക്ഷിയുടെ ദൈവനിന്ദയുടെ സംക്ഷിപ്തം' എന്നായിരുന്നു. തുടർച്ചയായി, നിർത്താതെ ശ്വാസം മുട്ടുന്ന രീതിയിൽ, വഴങ്ങി ക്കൊടുക്കാതെ അവർ സംസാരിച്ചു. ഇസ്ലാമിന്റെ 'കാട്ടാളമായ ക്രൂരത'യെ പരാമർശിക്കുമ്പോൾ അദ്ദേഹത്തിന് വാക്കുകൾ കിട്ടാറില്ലായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വാളു കൊണ്ട് സ്ഥാപിച്ചതാണ് ഇസ്ലാം. മുഹമ്മദ് ഒരു സത്യപ്രവാചകനായിരുന്നുവോ? ഇതിനോട് ഞാൻ യോജിക്കുകയാണെങ്കിൽ ഞാൻ കഴുതയേക്കാൾ മോശമാവും. പീറ്ററിന്റെ പ്രതിഷേധം അങ്ങനെയായിരുന്നു. ഇത് ഞാൻ സമ്മതിക്കുകയാണെങ്കിൽ ഒരു കന്നുകാലിയേക്കാൾ ഞാൻ മോശമാവും' (12)*

ഈ അക്രമാസക്തമായ അഭിപ്രായം ഇന്നും നിലനില്ക്കുന്നുവെന്നു പറഞ്ഞുകൊണ്ടാണ് കാരൻ തന്റെ ഉപന്യാസം ഉപസംഹരിക്കുന്നത്.

കഴിഞ്ഞ ഫെബ്രുവരിയിൽ പ്രവാചകനായ മുഹമ്മദിനെക്കുറിച്ചു പ്രകോപനപരമായ ചിത്രം രചിച്ച കാർട്ടൂണിസ്റ്റുകളും ക്രിസ്തീയ മതമൗലികവാദികളും സാധാരണഗതിയിൽ പോപ്പുമായി യോജിച്ചുപോവാറില്ല. എന്നാൽ ഇസ്ലാമിന്റെ കാര്യത്തിൽ അവർ തമ്മിൽ യോജിപ്പാണ്. (തുടരും)

**(The Review of Religions) April 2007**

**വിവ : കെ.വി. ഹസ്സൻകോയ**

**കോഴിക്കോട്**

---

*(24-ൽ നിന്ന് തുടർച്ച)*

വിശുദ്ധ ഖുർആനും സൂചിപ്പിക്കുന്നത്.

*'പ്രപഞ്ചത്തെ വീണ്ടും വികസിപ്പിക്കും...'* എന്ന് ഖുർആൻ ഒരിടത്തു പ്രസ്താവിക്കുന്നുണ്ട്.

*'നാം ആകാശത്തെ വിവിധശക്തികൾകൊണ്ട് സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാമതിനെ വികസിപ്പിക്കുന്നവനാണ്.*

ഇതേപ്പറ്റി ശാസ്ത്രത്തിന്റെ കാഴ്ചപ്പാട് നമുക്കിവിടെ ശ്രദ്ധിക്കാം.

വിദൂര ഗാലക്സികളിലെ നക്ഷത്രങ്ങളിൽ നിന്നു വരുന്ന പ്രകാശ രശ്മികൾ നിരീക്ഷിച്ചപ്പോൾ, അതിശീഘ്രം അവ പരസ്പരം അകലുകയാണെന്നു മനസ്സിലായി. ഈ നിരീക്ഷണഫലത്തിൽ നിന്നും 1921 -ൽ എഡ്വിൻ ഹബിൾ - എന്ന ശാസ്ത്രജ്ഞൻ പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്നു എന്ന സിദ്ധാന്തം ആദ്യമായി മുന്നോട്ടുവച്ചു. ആൽബർട് ഐൻസ്റ്റീൻ പോലും പ്രപഞ്ചം നിശ്ചലമാണെന്നാണു വിശ്വസിച്ചിരുന്നത്. പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്നുവെന്ന്. 14 നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ വിശുദ്ധ ഖുർആൻ വ്യക്തമായി പറഞ്ഞുതന്നിരുന്നു.

മതവും ശാസ്ത്രവും തമ്മിലുള്ള വസ്തുനിഷ്ഠമായ ബന്ധത്തിന്റെ ചുരുളുകൾ ഒന്നൊന്നായി അഴിയുന്നത്, ഈ എക്സിബിഷനിലെ ഓരോ ബോർഡിലും രേഖപ്പെടുത്തിയിരുന്ന ഖുർആൻ സന്ദേശങ്ങളിലൂടെ ഞാൻ കണ്ടു. വളരെ കുറച്ചു ബോർഡുകളിൽ കണ്ട വിഷയം മാത്രമാണ് മേൽ എഴുതിയവ മുഴുവൻ. ഇനിയുമുണ്ട് ബാക്കി നിരവധി സന്ദേശക്കൂമ്പാരങ്ങൾ. അവ അടുത്ത ലക്കങ്ങളിലൂടെ നിങ്ങൾക്കു പങ്കുവയ്ക്കാൻ ഞാൻ ശ്രമിക്കാം. (തുടരും)

ലേഖനം

വാഗ്ദത്ത മസീഹിന്റെ ജീവിതചിത്രം. ലേഖനപരമ്പര - 14.

എ.ക്യു. മഹ്ദി

# "ഹദ്റത്ത് അഹ്മദ് (അ)ന്റെ ചില യാത്രാനുഭവങ്ങൾ"

## ദർശനമാത്രയിൽ തന്നെ തിരിച്ചറിയുന്ന തേജസ്വിയായ മഹാത്മാവായിരുന്നു വാഗ്ദത്ത മസീഹ്.

**വാഗ്ദത്ത മസീഹ് ചെന്നിടത്തെല്ലാം വമ്പിച്ച ആൾക്കൂട്ടവും ആദരവുമാണ് അദ്ദേഹത്തിന് ലഭിച്ചത്.**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടം ഏകദേശമായി പറഞ്ഞാൽ 1880 അന്ന് ഖാദിയാൻ തീരെ ചെറിയൊരു ഗ്രാമമായിരുന്നു. വ്യാപാരസ്ഥാപനങ്ങൾ പോലും അവിടെ നന്നേ കുറവായിരുന്നു പ്രത്യേകിച്ച് പ്രിന്റിങ്ങ് പ്രസ്സുകൾ തീരെയുണ്ടായിരുന്നില്ല. ഏതു അച്ചടി ജോലികൾക്കും അടുത്ത പട്ടണമായ അമൃത്സറിൽ പോകേണ്ടിവന്നിരുന്നു.

ഹദ്റത്ത് അഹ്മദ് (അ)-ന്റെ അതിമഹനീയമായ ഗ്രന്ഥമായ ' ബറാഹീനെ അഹ്മദിയ' യുടെ പ്രിന്റിങ്ങ് അമൃത്സറിലെ ' റിയാസെ ഹിന്ദ്' പ്രസ്സിലാണ് നിർവ്വഹിച്ചത്. ഇതിന്റെ അച്ചടിവിഷയങ്ങളുമായി ബന്ധപ്പെട്ടു നിരവധി തവണ അമൃത്സർ സന്ദർശിക്കേണ്ടിവന്നിരുന്നു ഹദ്റത്ത് അഹ്മദ് (അ)-ന്.

ബറാഹിനെയുടെ പ്രകാശനം ഒരു മഹാസംഭവം തന്നെയായിരുന്നു. അതിന്റെ പ്രസിദ്ധീകരണം ഇസ്ലാമികലോകത്ത് വമ്പിച്ച ചലനങ്ങളുണ്ടാക്കി. ഹദ്റത്ത് അഹ്മദ് (അ)-നു പലയിടത്തും ശിഷ്യവൃന്ദങ്ങൾ രൂപപ്പെട്ടു. ലുധിയാനയിലും ഉടലെടുത്തു ഒരു ശിഷ്യസംഘം.

ഹദ്റത്ത് സൂഫി അഹ്മദ് ജാൻ (റ), ഖാസി ഖാജാനലി (റ), നവാസ് മുഹമ്മദ് അലി സാഹിബ് (റ), മൗലാനാ അബ്ദുൾ ഖാദിർ സാഹിബ് (റ), ശഹ്സാദാ അബ്ദുൽ മജീദ് സാഹിബ് (റ) തുടങ്ങിയ ഭക്തജനങ്ങളും മീർ അബ്ബാസ് അലി സാഹിബും ആയിരുന്നു ലുധിയാനയിലെപ്രധാന ശിഷ്യന്മാർ.

ഈ ശിഷ്യസംഘത്തിൽ മീർ അബ്ബാസ് അലി സാഹിബൊഴികെ മറ്റാരും ഹദ്റത്ത് അഹ്മദിനെ നേരിൽ കണ്ടിട്ടുണ്ടായിരുന്നില്ല.

ലുധിയാനിലെ ശിഷ്യന്മാർ അദ്ദേഹത്തെ തങ്ങളുടെ നഗരത്തിലേയ്ക്ക് പല തവണ ക്ഷണിക്കുകയുണ്ടായി. ഹദ്റത്ത് അഹ്മദ് (അ)ന്റെ നീക്കങ്ങളൊക്കെ തീർത്തും ദൈവകൽപ്പന അനുസരിച്ച് മാത്രമായിരുന്നതിനാൽ ലുധിയാന സന്ദർശനത്തിനുള്ള ദൈവികനിർദ്ദേശത്തിനായി അദ്ദേഹം കാത്തിരിക്കയായിരുന്നു. ഒടുവിൽ അനുകൂലമായ നിർദ്ദേശം ലഭ്യമായപ്പോൾ 1884-ൽ വിശ്വസ്തരായ തന്റെ മൂന്നു ശിഷ്യന്മാരുമായി അദ്ദേഹം ലുധിയാനയ്ക്ക് പുറപ്പെട്ടു. ആ മൂന്നു പേരിൽ ഒരാൾ, അദ്ദേഹത്തിന്റെ സന്തതസഹചാരിയും ഹിന്ദുമതവിശ്വാസിയുമായ ലാല മലാവാമൽ ആയിരുന്നു.

തീവണ്ടിയിലായിരുന്നു ഹദ്റത്ത് അഹ്മദ് (അ) ന്റെ യാത്ര അദ്ദേഹത്തിന്റെ ആഗമനവിവരം അറിഞ്ഞ് ലുധിയാന സ്റേഷനിൽ ശിഷ്യന്മാരും അനുഭാവികളായ നിരവധി പേരും സ്വീകരിക്കാൻ കാത്തുനിന്നിരുന്നു. ഇവരിൽ ഒരാൾ മാത്രം, മീർ അബ്ബാസ് സാഹിബ് മാത്രമേ ഹദ്റത്ത് അഹ്മദ് (അ)-നെ നേരിൽ കണ്ടിട്ടുണ്ടായിരുന്നുള്ളൂവെന്ന് പറഞ്ഞുവല്ലോ.

പുകതുപ്പികൊണ്ട് ആ കരിവണ്ടി കിതച്ചുകിതച്ചു വന്ന് സ്റ്റേഷനിൽ നിർത്തി. മീർ അബ്ബാസ് സാഹിബ് പ്ലാറ്റ്ഫോമിലൂടെ നടന്ന് ഓരോ കമ്പാർട്ട്മെന്റായി ഹദ്റത്ത് അഹ്മദ് (അ)-നെ തെരയാൻ തുടങ്ങി. ഒപ്പം നടന്നിരുന്നവർ ഹദ്റത്ത് അഹ്മദ് (അ)-നെ മുമ്പ് കണ്ടിട്ടില്ലാ

യിരുന്നതിനാൽ മീർ സാഹിബ് ഹസ്തദാനം നൽകി സ്വീകരിക്കുന്ന ആൾ ആയിരിക്കും തങ്ങളുടെ വിശിഷ്ടാതിഥി എന്നു ഉറപ്പാക്കാനായി പിന്നാലെ നടന്നു.

ഹദ്റത്ത് അഹ്മദ് (അ) ആകട്ടെ, സ്വീകരിക്കാനെത്തിയവരുടെ ശ്രദ്ധയിൽപെടാതെ, അവരെ കാണാൻ അവസരം കിട്ടാതെ, തീവണ്ടിയിൽ നിന്നിറങ്ങി മറ്റൊരു ഭാഗത്തു കൂടി ഗേറ്റിനടുത്തേയ്ക്ക് നീങ്ങികഴിഞ്ഞിരുന്നു. ആ മഹാത്മാവിനെ സ്വീകരിക്കാൻ പോയവരുടെ കൂട്ടത്തിൽ ചേരാതെ, സയ്യിദ് മീർ ഇനാഅത്തലി സാഹിബ് (റ) മറ്റു ചിലരോടൊപ്പം ഗേറ്റിനു പുറത്തു കാത്തു നിൽക്കുകയായിരുന്നു. ഇനാഅത്തലി സാഹിബും ഹദ്റത്ത് അഹ്മദ് (അ)- നെ മുമ്പൊരിക്കലും നേരിൽ കണ്ടിട്ടുണ്ടായിരുന്നില്ല. മറ്റു യാത്രക്കാരോടൊപ്പം ഗേറ്റ് വഴി പുറത്തേയ്ക്ക് നടന്നു വന്ന ആ ദിവ്യാത്മാവിനെ മുമ്പ് കണ്ടിട്ടുണ്ടായിരുന്നില്ലെങ്കിലു ഇനാഅത്തലി സാഹിബ് അത്ഭുതകരമായി തിരിച്ചറിഞ്ഞു. ആ തേജോമയമായ വദനദർശമാത്രയാൽ ഞാൻ തെരയുന്ന മഹൽ വ്യക്തി ഇതുതന്നെയെന്നു ആരോടും ചോദിക്കാതെതന്നെ അദ്ദേഹം ഉറപ്പാക്കിക്കഴിഞ്ഞിരുന്നു ആനന്ദഭരിതനായി അദ്ദേഹം ഹദ്റത്ത് അഹ്മദ് (അ)-ന്റെ കരങ്ങൾ പിടിച്ച് ചുംബിക്കുകയും ചെയ്തു. മഹ്ദീ മസിഹിനെപ്പറ്റി ഹദീസ് ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ട രൂപപ്രകൃതികളോട് കൂടിയ ഒരു തേജസ്വിയെ തെരയുകയായിരുന്ന സൂഫിവര്യയനായ ഹദ്റത്ത് അഹ്മദ് ജാൻ സാഹിബ്. ഹദ്റത്ത് അഹ്മദിനെ നേരിട്ട് കണ്ടിട്ടില്ലെങ്കിലും ആ യുഗപുരുഷനെ പരസഹായം കൂടാതെ താൻ തിരിച്ചറിയുമെന്ന് ആ മഹാൻ തന്റെ ശിഷ്യൻമാരോടു നേരത്തേ പറഞ്ഞിട്ടുമുണ്ടായിരുന്നു. ആ ദിവ്യാത്മാവിനെ ദർശിച്ച മാത്രയാൽ അവിടെ സന്നിഹിതരായിരുന്ന ശിഷ്യന്മാരിൽ ഒരാളായ ഖുത് ബുദ്ദീൻ സാഹിബ്, ഇത് നിശ്ചയമായും ഒരു കപടന്റെ മുഖമല്ല എന്നു പറഞ്ഞുപോയി. അവരൊന്നാകെ സ്റ്റേഷൻ പരിസരത്തു നിന്നും മെല്ലെ പുറത്തേയ്ക്ക് നടന്നു. അപ്പോഴും പ്ലാറ്റ്ഫോമിൽ ആ മഹാത്മാവിനെ തെരഞ്ഞുനടന്നവർ തിരികെ എത്തിയിരുന്നില്ല.

തീവണ്ടി മുറികളിലൊന്നും ഹദ്റത്ത് തിരുമനസ്സിനെ തെരഞ്ഞിട്ടു കാണാനാവാതെ, മീർ അബ്ബാസ് അലി സാഹിബും കൂട്ടരും നിരാശരായി പ്ലാറ്റ് ഫോമിൽ നിന്നും പുറത്തുവന്നു. അപ്പോഴാണ് അവർ ഹദ്റത്ത് അഹ്മദ് (അ) നെ ഗേറ്റിനു പുറത്തു കണ്ടത്. മീർ അബ്ബാസ് സാഹിബ് പരിഭ്രമത്തോടെ എന്നാൽ ആഹ്ലാദഭരിതനായി പാഞ്ഞെത്തി ആ മഹാത്മാവിനെ ആലിംഗനം ചെയ്തു. ഈ മഹൽ ദൃശ്യം കണ്ടുനിന്ന ആ ശിഷ്യസംഘത്തിനുണ്ടായ ആനന്ദത്തിനതിരുണ്ടായിരുന്നില്ല.

ലുധിയാനയിലെ ആദ്യനാൾ അദ്ദേഹം മീർ അബ്ബാസ് അലി സാഹിബിന്റെ വീട്ടിലാണ് താമസിച്ചത്. പിറ്റേ ദിവസം മുതൽ മഹല്ല സൂഫിയാനിലേയ്ക്ക് താമസം മാറ്റി.

ലുധിയാനിലെ ചില മൗലവിമാർക്ക് ഹദ്റത്തിനെ ഇഷ്ടമായിരുന്നില്ല. ഒരിക്കൽ അദ്ദേഹം സൂഫി അഹ്മദ് ജാൻ സാഹിബിന്റെ ഒരു ശിഷ്യന്റെ വീട്ടിൽ അതിഥിയായി താമസിക്കവെ ലുധിയാനയിലെ ഒരു മൗലവിപ്രമാണിയായ അബ്ദുൾ അസീസ് ലുധിയാനവി കുഴപ്പക്കാരായ ചിലരെ ഹുസൂർ തിരുമനസ്സ് താമസിക്കുന്ന സ്ഥലത്തേയ്ക്കയച്ചു. ചില ചോദ്യങ്ങൾക്കും, സംശയങ്ങൾക്കും ഉത്തരം തേടാനാണെന്ന വ്യാജേനയാണവർ എത്തിയത്. ശരിയ്ക്കും അവിടെ പ്രശ്നമുണ്ടാക്കി ബഹളം സൃഷ്ടിക്കാനായിരുന്നു അവരുടെ പദ്ധതി. അത് മനസ്സിലാക്കിയ ഹദ്റത്ത് അഹ്മദ് (അ) ന്റെ ചില ശിഷ്യന്മാർ ഈ അപകടം മുൻകൂട്ടി അറിഞ്ഞു തല്ക്കാലം സംഭാഷണത്തിന് സൗകര്യപ്പെടുകയില്ല എന്നു പറഞ്ഞ് കുഴപ്പക്കാരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ഇതു ഹുസൂർ തിരുമനസ്സ് ശ്രദ്ധിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. 'അദ്ദേഹം, ചോദ്യങ്ങളോ സംശയങ്ങളോ തന്നോടു ചോദിക്കാനുണ്ടെങ്കിൽ ആയികൊള്ളട്ടെ എന്ന് അവർക്ക് അനുവാദം നൽകി.

ബോധപൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിക്കുവാനായിട്ടാല്ലേ അവർ വന്നത്. തിരുമനസ്സിന്റെ ഉത്തരങ്ങളും വിശദികരണങ്ങളും കൊണ്ട് തൃപ്തിപ്പെടാൻ അവർ തയ്യാറായില്ല. അക്കാലത്ത് ഹദ്റത്ത് അഹ്മദ് (അ) നടത്തി. പല പ്രവചനങ്ങളെപ്പറ്റിയുമായിരുന്നു അവർ ആക്ഷേപം ഉന്നയിച്ചത്. ജ്യോതിഷികളും, ഇന്ദ്രജാലക്കരും മറ്റും പ്രവചനങ്ങൾ നടത്തുന്നുണ്ടെന്നിരിക്കെ തനിക്കു വെളിപാടു ലഭിക്കുന്നതായവകാശപ്പെടുന്നതിന്റെ യാഥാർത്ഥ്യം എങ്ങിനെ മനസ്സിലാക്കും എന്നായി അവർ.

ജോത്സ്യന്മാർക്കും, ഇന്ദ്രജാലക്കാരുടെ ഒരു തരത്തിലുള്ള ദൈവികസഹായവും ലഭിക്കുകയില്ല എന്നും എന്നാൽ ദൈവനിയുക്തന്മാരിലും നബിമാരിലും റബ്ബിന്റെ സഹായവും അനുഗ്രഹാശിർവാദങ്ങളും ഉണ്ടാവുമെന്നും അദ്ദേഹം അവരെ പറഞ്ഞുമനസ്സിലാക്കാൻ ശ്രമിച്ചു. മാത്രമല്ല, ദൈവനിയോഗിതരുടെ ശിഷ്യസംഘം നാൾക്കുനാൾ അഭിവൃദ്ധിപ്പെടുകയും, ഐശ്വര്യത്തിലേക്ക് നീങ്ങുകയും ചെയും എന്ന് കൂടി ആ മഹാത്മാവ് സംശയകർത്താക്കളോട് ചൂണ്ടിക്കാട്ടി. എന്നാൽ സംശയനിവാരണത്തിനെന്ന് പറഞ്ഞ് എത്തിയവർ കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ ഒരുങ്ങുകയാണെന്ന് മനസ്സിലാക്കിയ ഹദ്റത്ത് അഹ്മദ് (അ) ന്റെ ശിഷ്യന്മാർ ... പരിഭ്രാന്തരായി. ആ മഹാതമാവാകട്ടെ ആക്ഷോഭ്യനും അചഞ്ചലനുമായി

രുന്നതിനെ നേരിടാൻ ഒതുങ്ങുക യാണു ചെയ്തത്.

ഹദ്റത്ത് അഹ്മദ് (അ) തിരികെ പോകുമ്പോൾ വഴിയിൽ തടസ്സങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കപ്പെടുമോ എന്ന ആശങ്കമൂലം ഉദ്ദേശിച്ച മാർഗ്ഗത്തിലൂടെയല്ലാതെ മടക്കയാത്ര നടത്തണമെന്ന് പലരും അഭിപ്രായപ്പെട്ടെങ്കിലും അദ്ദേഹം അതിനു വഴിപ്പെടാൻ തയ്യാറായില്ല. മുൻകൂട്ടി നിശ്ചയിച്ച വഴിയിൽകൂടി തന്നെ പോകണമെന്ന് ആ ദിവ്യപുരുഷൻ തീരുമാനമെടുക്കുകയായിരുന്നു. അങ്ങനെതന്നെ സപരിവാരം അദ്ദേഹം താമസ്ഥലത്തേയ്ക്ക് മടങ്ങുകയും ചെയ്തു. വഴിയിൽ ബുദ്ധിമുട്ടൊന്നും സൃഷ്ടിക്കാനുള്ള ധൈര്യം ശത്രുക്കൾക്ക് ഉണ്ടായുമില്ല.

ലുധിയാനയിലെ മൗലവിമാർ ഒരു പ്രത്യേകതരക്കാരായിരുന്നു. അവരിലധികവും രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. തങ്ങളുടെ അത്തരം അനാശാസ്യപ്രവർത്തനങ്ങളെ ഹദ്റത്ത് അഹ്മദ് (അ) ഒരിക്കലും അംഗീകരിയ്ക്കുകയില്ല എന്ന് ആ മൗലവിമാർ മനസ്സിലാക്കിയുമിരുന്നു. ഈ സാഹചര്യത്തിൽ ലുധിയാനയിലെ പുരോഹിതവർഗ്ഗം ആ മഹാത്മാവിന്റെ ശത്രുക്കളായതിൽ അത്ഭുതമില്ല. ആ മൗലവിമാരാകട്ടെ ഗവൺമെന്റിനോടും പോലും കൂറു പുലർത്താവത്തരുമായിരുന്നു. ഹുസൂർ തിരുമനസ്സ് ലുധിയാന സന്ദർശിച്ച സമയത്ത് അവർ ഒരു ഫണ്ട് പിരിവിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ആ പുണ്യപുരുഷന്റെ അസാധാരണമായ വ്യക്തിത്വവും ആത്മീയപ്രഭാവവും കാരണം ജനശ്രദ്ധ മുഴുവൻ അദ്ദേഹത്തിലേക്ക് തിരിയുകയാൽ ഫണ്ട് പിരിവിനു തടസ്സമുണ്ടാകുമെന്ന് തോന്നിയതിനാലാണ് മൗലവിമാർ അദ്ദേഹത്തിനെതിരേ തിരിഞ്ഞതെന്ന് മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി തന്നെ തന്റെ ' ബറാഹീൻ' നിരൂപണത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

മൂന്നോ നാലോ ദിവസം മാത്രമേ ഹദ്റത്ത് അഹ്മദ് (അ) ലുധിയാനയിൽ പാർത്തുളളൂവെങ്കിലും അതിനിടയിൽതന്നെ ജനഹൃദയങ്ങളിൽ ഭക്തിയുടെയും സാത്വികതയുടെയും മായാത്ത സ്മൃതിമുദ്രകൾ പതിപ്പിച്ചുകൊണ്ടാണ് അദ്ദേഹം അവിടംവിട്ടത്. അദ്ദേഹത്തെ ഒരു നോക്കു കാണുന്നതിനുപോലും അനേകമനേകം പേർ ആ താമസ സ്ഥലത്ത് തടിച്ചുകൂടിയിരുന്നു. പുറത്തിറങ്ങി നടക്കുമ്പോഴും ജനകൂട്ടം ഭക്ത്യാദരപൂർവ്വം എഴുന്നേറ്റ് ആ ദിവ്യാത്മാവിനെ നമിക്കയും അനുഗമിക്കയും ചെയ്തിരുന്നു.

മീർ അബ്ബാസ് അലിസാഹിബ് രോഗശയ്യയിലായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ആരോഗ്യനിലയെക്കുറിച്ചന്വേഷിക്കാൻ ഹദ്റത്ത് അഹ്മദ് (അ) ആ വർഷംതന്നെ വീണ്ടും ലുധിയാന സന്ദർശിക്കുകയുണ്ടായി. 1884-ൽ തന്നെ അദ്ദേഹം മാലർകോട്ടലയും, അമ്പാല കണ്ടോൺമെന്റും സന്ദർശിച്ചു. പ്രിയശിഷ്യനായ ഹദ്റത്ത് അബ്ദുല്ലയാണ് സനൂരിയുടെ അപേക്ഷയനുസരിച്ച് പട്ടിയാല സ്റ്റേഷനിലുള്ള സനൗർ ഗ്രാമത്തിലേക്കും ഒരു യാത്ര നടത്തി. പ്രസ്തുത യാത്രയ്ക്കിടയിൽ പട്ടിയാല നഗരത്തിലും അദ്ദേഹം അൽപ്പസമയം തങ്ങുകയുണ്ടായി. സ്ഥലത്തെത്തിയപ്പോൾ റെയിൽവേ സ്റ്റേഷനിൽ വളരെയധികം പേർ അദ്ദേഹത്തെ കാണാൻ എത്തി ചേർന്നിരുന്നു. പട്ടിയാല മുഖ്യമന്ത്രി ഖാൻ ബഹദൂർ മുഹമ്മദ് ഹസ്സൻ, അദ്ദേഹത്തെ സ്വന്തം രാജകീയ വാഹനത്തിൽ തന്റെ ബംഗ്ലാവിലേയ്ക്ക് കൂട്ടികൊണ്ടു പോവുകയുണ്ടായി. അവിടെ ഒരു പൊതുയോഗത്തിൽ അദ്ദേഹം പ്രസംഗിയ്ക്കുകയും ചെയ്തു.

പട്ടിയാലയിൽ നിന്നും നേരിട്ട് അദ്ദേഹം തൊട്ടടുത്ത പട്ടണമായ സനൗരിയിലാക്കാണു പോയത്. അവിടെ അദ്ദഹം തന്റെ ശിഷ്യനായ അബ്ദുല്ലാഹ് സനൗരിയുടെ ഗൃഹം സന്ദർശിയ്ക്കുകയും ചെയ്തു. ആ ശിഷ്യന്റെ ജീവിതത്തിലെ ഏറ്റവും വലിയ അനുഭവമുഹൂർത്തങ്ങളിലൊന്നായിരുന്നു ഹദ്റത്ത് അഹ്മദ് (അ) ന്റെ ഭവനസന്ദർശനം. തുടർന്ന് അദ്ദേഹം പല ദേശങ്ങളിലും സത്യവിശ്വാസ പ്രചരണാർത്ഥം യാത്ര ചെയ്യുകയുണ്ടായി. അതൊക്കെ ദൈവികനിർദ്ദേശങ്ങളനുസരിച്ച് തന്നെയായിരുന്നു.

(തുടരും)

## കുട്ടികളോട് തിരുമേനിക്കുള്ള സ്നേഹം

അനസ് (റ)ൽ നിന്ന് നിവേദനം: തിരുമേനി (സ) ഞങ്ങളുമായി തികച്ചും ഇടകലർന്നുകൊണ്ടാണ് ജീവിച്ചത്. ചിലപ്പോൾ അവിടുന്ന് എന്റെ ഒരു ചെറിയ സഹോദരനോടു ചോദിക്കും. 'അബൂ ഉമ്മർ! നിന്റെ കുരുവി എങ്ങിനെയുണ്ട്?'

ആയിഷ(റ)ൽ നിന്നും നിവേദനം: ഒരിക്കൽ തിരുമേനി(സ) അടുക്കൽ ഒരു ഗ്രാമീണൻ വന്നു ചോദിച്ചു 'നിങ്ങൾ കുട്ടികളെ ചുംബിക്കാറുണ്ടോ? ഞങ്ങൾ അവരെ ചുംബിക്കാറില്ല" തിരുമേനി (സ) അരുളി 'അല്ലാഹു നിന്റെ ഹൃദയത്തിൽ നിന്നും കാരുണ്യം എടുത്തുകളഞ്ഞെങ്കിൽ എനിക്ക് എന്ത് ചെയ്യാൻ കഴിയും *(ബുഖാരി)*

ലേഖനം

സക്കറിയ

# ആകാശ നിരീക്ഷണവും ഇസ്ലാമിക ലോകവും

**മധ്യകാലത്തെ മുസ്ലിം ലോകത്തുടനീളം ആകാശനിരീക്ഷണത്തിന് ഒബ്സർവേറ്ററികളുണ്ടായിരുന്നു. ഗോളശാസ്ത്രപഠനത്തിനും ഭൂസർവ്വേക്കും സമയനിർണ്ണയത്തിനും ലോകത്താദ്യമായി ഒബ് സർവേറ്ററികൾ നിർമ്മിച്ചത് മുസ്ലിംകളായിരുന്നു.**

**ജ്യോ**തിശാസ്ത്രനിരീക്ഷണത്തിന് ഉപയോഗിക്കുന്ന നിർമ്മിതികളെയാണ് ഒബ്സർവേറ്ററി എന്നു പറയുന്നത്. പല പൗരാണിക നാഗരികതകളിലും ആകാശ നിരീക്ഷണം രേഖപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലണ്ടിലെ ശിലാനിർമ്മിതി, (Stonehenge) ഈജിപ്തിലെ ചീയോപി പിരമിഡ് മുതലായ നിർമ്മിതികൾ ഒബ്സർവേറ്ററികളായിരുന്നു. ഇസ്ലാമിൽ ആകാശ നിരീക്ഷണം ഏറ്റവും പുഷ്ക്കലമായത് ഖലീഫ അൽമാമൂന്റെ (ഹാറൂൻ അൽ റഷീദ് CE 786-833) കാലത്താണ്. അദ്ദേഹമാണ് ഇസ്ലാമിക ലോകത്ത് ആദ്യത്തെ ഒബ്സർവേറ്ററി സ്ഥാപിച്ചത്. ബാഗ്ദാദിനടുത്ത് ശംസിയ്യ എന്ന സ്ഥലത്തും ഡമാസ്കസിനടുത്ത് ജബൽ ഖാസിയൂൻ എന്ന സ്ഥലത്തും അൽമാമൂന്റെ രക്ഷാകർതൃത്ത്വത്തിലായിരുന്നു ഒബ്സർവേറ്ററി പ്രവർത്തിച്ചിരുന്നത്. ശംസിയ്യായിൽ ആകാശനിരീക്ഷകർക്കും, ജ്യോതിശാസ്ത്രജ്ഞന്മാർക്കും പ്രവർത്തിക്കാനും താമസിക്കാനും ഒരു കെട്ടിട സമുച്ചയമുണ്ടായിരുന്നു. ആകാശ നിരീക്ഷണത്തിനുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്നതിൽ വിദഗ്ധനായ സനദിബ്നു അലി ഇവിടെയാണ് പ്രവർത്തിച്ചത്. ഈ ഒബ്സർവേറ്ററിയിൽ തന്നെയാണ് യഹ്യാ ഇബ്നു അബി മൻസൂർ, അൽ അബ്ബാസ് അൽ ജവാഹരി എന്നീ രണ്ട് പ്രഗത്ഭരായ ഗോളശാസ്ത്രജ്ഞന്മാർ പ്രവർത്തിച്ചിരുന്നത്. ബാഗ്ദാദിൽ CE 829-30ലും ഡമാസ്കസിൽ 832-33 വരെയും സംഘടിപ്പിച്ച ആകാശനിരീക്ഷണ ശില്പശാലയിൽ ഇവർ രണ്ട് പേരും പങ്കെടുത്തതായി രേഖകളുണ്ട്.

ശംസിയ്യ ഒബ്സർവേറ്ററി ബൈത്തുൽ ഹിക്മ (വിജ്ഞാനഭവൻ)യുടെ ഭാഗമായിരുന്ന ബാഗ്ദാദിലും ഇതുപോലെയൊരു സ്ഥാപനം അൽമാമൂൻ നിർമ്മിച്ചിരുന്നു. ഇത് 'ഖിസാന ഖുതുബ് അൽ ഹിക്മ' (വിജ്ഞാനത്തിന്റെ ഗ്രന്ഥപുര) എന്നാണ് അറിയപ്പെട്ടിരുന്നത്. ഈ സ്ഥാപനമാണ് ശാസ്ത്രീയവും തത്ത്വശാസ്ത്രപരവുമായ അന്യഭാഷകളിലുള്ള നിരവധി രചനകളുടെ പരിഭാഷ നിർവ്വഹിച്ചിരുന്നത്. ബൈത്തുൽ ഹിക്മയിൽ വിവർത്തകരുടേയും ശാസ്ത്രജ്ഞന്മാരുടേയും പ്രതിവാരയോഗങ്ങൾ ചേരുമായിരുന്നു. ഈയർത്ഥത്തിൽ അത് പ്ളാറ്റോയുടെ അക്കാദമി പോലെയായിരുന്നു പ്രവർത്തിച്ചത്. പ്രശസ്തനായ ഗണിതജ്ഞൻ അൽഖവാരിസ്മി (780-85) ഈ ശാസ്ത്രസ്ഥാപനങ്ങളിലെ ലൈബ്രേറിയനായി പ്രവർത്തിച്ചിട്ടുണ്ട്. ജ്യോതിശാസ്ത്ര പട്ടിക കണക്കു കൂട്ടി ക്രമപ്പെടുത്തിയ ആദ്യത്തെയാളായിരുന്നു അദ്ദേഹം. ഗ്രീക്കുകാരുടെ ശാസ്ത്രീയ കൃതികളുടെ കൈയ്യെഴുത്ത് പ്രതികൾ വാങ്ങാൻ ബൈസന്റയിൻ സാമ്രാജ്യത്തിലേക്ക് അൽമാമൂൻ ആളുകളെ അയച്ചിരുന്നു.

യഹ്യ ഇബ്നു മൻസൂർ ക്രിവ: 828-ൽ ഒബ്സർവേറ്ററിയുള്ള ശംസിയ്യയിൽ വെച്ച് അയനാന്ത (Solstice) * നിരീക്ഷണം നടത്തിയതിന്റെ വിവരണം അൽബിറൂണി രേഖപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ അവിടെ ഖവാരിസ്മിയുണ്ടായിരുന്നു. ആർമിലറി ഗോളം (Armillary Sphere) ഉപയോഗിച്ചുകൊണ്ട് രണ്ട് നിരീക്ഷണങ്ങൾ കൂടി അവർ തൊട്ടടുത്തവർഷം നടത്തുകയും അത് മുൻവർഷത്തേതുമായി താരതമ്യം ചെയ്യുകയും ചെയ്തു. ഒന്നരവർഷം ആകാശനിരീക്ഷണം അവർ തുടർന്നുകൊണ്ടിരുന്നു. ഇബ്നു ഖലാഫ് അൽ മർപ്രുദി ആകാശനിരീക്ഷണത്തിനുള്ള ഉപകരണങ്ങൾ നിർമ്മിക്കുന്ന ഒരു സാങ്കേതിക വിദഗ്ധനായിരുന്നു. അദ്ദേഹമാണ് അസ്ട്രോലാബ് (ആകാശ ഗോളങ്ങളുടെ ചക്രവാളത്തിൽ നിന്നുള്ള ഉയരം നിർണയിക്കാൻ ഉപയോഗിക്കുന്ന ഒരു ഉപകരണമാണിത്) നിർമ്മിച്ചത്. 18-ാം നൂറ്റാണ്ടിൽ അസ്ട്രോലാബിനുപകരം സെക്സ്റ്റന്റ് (Sextant) എന്ന ഉപകരണമാണ് ഇതിന് ഉപയോഗിക്കുന്നത്). ഹറാനിലെ ഒബ്സർവേറ്ററിയിൽ അസിമുത്തുൽ ക്വാർഡന്റ് (Azimuthal Quardrant) ** എന്ന ഉപകരണം ഉപയോഗിച്ച് നക്ഷത്രങ്ങളുടെ ദിഗംശം (Azimuth) അളന്നിരുന്നു.

### ഖാസിയൂൻ മലയിലെ ഒബ്സർവേറ്ററി

ക്രി. വ. 830ലോ 831ലോ ഖാസിയൂൻ മലയിൽ ഒരു

ഒബ്സർവേറ്ററി സ്ഥാപിക്കാൻ അൽമാമൂൻ ഉത്തരവിടുകയുണ്ടായി. ഖാലിദ് ആയിരുന്നു ഇവിടത്തെ പ്രധാനപ്പെട്ട ഖഗോള ശാസ്ത്രജ്ഞൻ. അൽ അബ്ബാസ്, സനദ് എന്നീ രണ്ട് ശാസ്ത്രജ്ഞന്മാരുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹം ചിങ്ങം (Leo) രാശിയിലെ ചില നക്ഷത്രങ്ങളെ നിരീക്ഷിക്കുകയുണ്ടായി. വാസ്തവത്തിൽ ഖാലിദ്, ഒബ്സർവേറ്ററിയുടെ മുതവല്ലി (സൂപ്പർവൈസർ) ആയിരുന്നു. അലി ഇബ്നു ഈസ അൽ ഉസ്തർലാബി (ക്രി. വ. 832) എന്നയാൾ മറ്റൊരു ഉപകരണ നിർമ്മാതാവായിരുന്നു. ഇദ്ദേഹം അസ്ട്രോലാബിനെ പറ്റി ഒരു ഉപന്യാസമെഴുതുകയുണ്ടായി. അൽ മാമൂൻ ഹി: 218 (ക്രി. വ്.: 833 ആഗസ്റ്റ്)ൽ ആണ് ദിവംഗതനായത്.

ഖാസിയൂനിലെ ഒബ്സർവേറ്ററിയിൽ മാർബിൾ കൊണ്ട് മതിലിൽ നിർമ്മിച്ച ഒരു ക്വാഡ്രന്റ് (Mural Quardant) ഉപയോഗിച്ചിരുന്നതായി അൽബിറൂനി രേഖപ്പെടുത്തുന്നു. അതിന്റെ ആന്തരവൃത്തപാദം 5 മീറ്ററായിരുന്നു. അതിലെ അനുബന്ധമായുള്ള ഒരു ആർക്കും ഉണ്ടായിരുന്നു. ഈ ആർക്കിലെ (വളഞ്ഞ ഭാഗം) ദ്വാരത്തിൽ കൂടി സൂര്യനെ നിരീക്ഷിക്കാമായിരുന്നു.

അൽമാമൂന്റെ ജ്യോതിശാസ്ത്രജ്ഞന്മാർ സൂര്യനേയും ചന്ദ്രനേയുമാണ് മുഖ്യമായും നിരീക്ഷിച്ചത്. ചില ഗ്രഹങ്ങളെക്കുറിച്ചും അവർ ഗവേഷണം നടത്തുകയും നക്ഷത്രങ്ങളുടെ സ്ഥാനം നിർണ്ണയിക്കുകയും ചെയ്തു. ശംസിയ്യായിലേയും ഖൊസിയൂനിലേയും ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി സൂര്യന്റെ അപ്പോജി (Apogee - അപഭൂസ്ഥാനം = സൂര്യൻ ഭൂമിയിൽ നിന്ന് ഏറ്റവും അകലെയായിരിക്കുന്ന ബിന്ദു) കണ്ടുപിടിച്ചു. വിഷുവങ്ങളിൽ (Equinox ഭൂമദ്ധ്യരേഖക്ക് നേർലംബമായി സൂര്യൻ നിൽക്കുന്ന ബിന്ദു) സൂര്യൻ എത്തുന്നത് നിരീക്ഷിച്ച് നിർണ്ണയിച്ചതിന്റെ ഫലമായി സൗരവർഷത്തിന്റെ കൃത്യമായ സമയദൈർഘ്യം അവർക്ക് ഗണിച്ചെടുക്കാൻ സാധിച്ചു.

ഒമർഖയാമിന്റെ വിവരണപ്രകാരം ഇങ്ങിനെ സൂര്യനെ നിരീക്ഷിച്ച് ഒരു സൗരവർഷകലണ്ടർ ഉണ്ടാക്കാനുള്ള കാരണം സൗരവർഷപ്രകാരം കലണ്ടർ കണക്കാക്കിയിരുന്നത് പേർഷ്യക്കാർക്കുവേണ്ടിയായിരുന്നു. സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങൾ നിരീക്ഷിക്കാനുള്ള മുഖ്യകാരണം ഗ്രഹണസമയങ്ങൾ കണക്കുകൂട്ടിയെടുക്കാനായിരുന്നു.

'സിജി മുമ്ത്തഹാൻ' (പരിശോധിച്ച പട്ടിക) എന്ന പുസ്തകത്തിൽ ഗ്രഹചലനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് യഹ്യാ ഇബ്നു അബി മൻസൂർ ആയിരുന്നു തയ്യാർ ചെയ്തിരുന്നത്. സിജി ശംസിയ്യ എന്ന പേരിലും ഈ പുസ്തകം അറിയപ്പെട്ടിരുന്നു. അൽമാമൂന്റെ എല്ലാ ജ്യോതിശാസ്ത്ര നിരീക്ഷകരും ഇത്തരത്തിലുള്ള സിജി (ഗോളശാസ്ത്ര പട്ടിക) തയ്യാറാക്കിയിരുന്നു. ഇത് സൂചിപ്പിക്കുന്നത് ഒബ്സർവേറ്ററികളുടെ ഉദ്ദേശ്യം ഇത്തരത്തിലുള്ള ഗ്രഹചലനങ്ങളുടെ നിരീക്ഷണമായിരുന്നു എന്നാണ്.

അൽമാമൂന്റെ ഉത്തരവ് പ്രകാരം ഖഗോള ശാസ്ത്രജ്ഞന്മാർ ഏറ്റെടുത്ത മുഖ്യദൗത്യം ഖിബ്ലയുടെ നിർണ്ണയമായിരുന്നു. അതായത് മക്കയുടെ സ്ഥാനം വിവിധ ദേശങ്ങളിൽ നിന്നും നിർണ്ണയിക്കലായിരുന്നു. ചന്ദ്രന്റെ ഗ്രഹണം ഒരേസമയം ബാഗ്ദാദിൽ നിന്നും മക്കത്ത് നിന്നും നിരീക്ഷിച്ചുകൊണ്ടായിരുന്നു മക്കയുടെ രേഖാംശവും അക്ഷാംശവും അൽമാമൂൻ നിർണ്ണയിച്ചത്. സർവ്വേ നടത്തിയവർ പ്രസ്തുത നഗരങ്ങൾ തമ്മിലുള്ള അകലവും നിർണ്ണയിച്ചിരുന്നു.

വിദഗ്ധരായ ഖഗോള ശാസ്ത്രജ്ഞന്മാരെ കൂടാതെ കരകൗശല വിദഗ്ധർ, ആശാരിമാർ, ലോഹപ്പണിക്കാർ എന്നീ ഉപകരണ നിർമ്മാണ വിദഗ്ധരടക്കം ഗോളശാസ്ത്രജ്ഞന്മാർ സിൻജാർ എന്ന ഒബ്സർവേറ്ററിയിൽ വരികയും സൂര്യന്റെ ചക്രവാളത്തിൽ നിന്നുള്ള ഉന്നതി ശാസ്ത്രീയമായി അളക്കുകയും ചെയ്തു. ഖാലിദ് അൽ മൗദൂദി, അലി ഇബ്നു ഈസ അഹ്മദ് അൽദാറ എന്നീ ഭൂസർവ്വേയർമാർ ഒരു സ്റ്റേഡിയത്തിന്റെ സ്ഥലീയ ഡിഗ്രി (Terrestial degree) ഗണിതക്രിയകളിലൂടെ നിർണ്ണയിച്ചു. ഈ ഗവേഷണത്തിന്റെ ഫലമായിട്ടാണ് ഭൂസർവേ പര്യവേഷണങ്ങൾ ആദ്യമായി തുടക്കം കുറിച്ചത്. ഖലീഫക്ക് വേണ്ടി ലോകത്തിന്റെ വലിയ ഭൂപടം വരക്കപ്പെട്ടു. രണ്ട് ഡിഗ്രി വീതം കണക്കാക്കി ഭൂമിയുടെ വലിപ്പം നിർണ്ണയിക്കാൻ ഖലീഫ ഉത്തരവിട്ടു. ഇതിന്റെ ഫലമായി രണ്ട് ഡിഗ്രിയുടെ മൂല്യം 20,400 മൈൽ ആണെന്നും ഭൂമിയുടെ വ്യാസം 6,500 മൈൽ ആണെന്നും തീരുമാനിക്കപ്പെട്ടു.

അൽമാമൂൻ ജ്യോതിശാസ്ത്രത്തിൽ അഗാധമായ താല്പര്യവും അറിവുമുള്ള ആളായിരുന്നു. താഴെ പറയുന്ന സംഭവം ഇതിനുദാഹരണമാണ്. ബൈസാൻഷ്യം സാമ്രാജ്യത്തിനെതിരെ അൽമാമൂൻ ഒരിക്കൽ ഒരു പട നയിക്കുകയായിരുന്ന വഴിക്ക് അദ്ദേഹം ഉത്തുംഗമായ ഒരു പർവ്വതം കാണുകയുണ്ടായി. അതിനു മുകളിൽ നിന്നും വളരെ വ്യക്തമായ കടലിന്റെ കാഴ്ച ലഭിക്കുമായിരുന്നു. അദ്ദേഹം സനദിബ്നു അലിയോട് ആ മലയുടെ മുകളിൽ കയറി സൂര്യാസ്തമയ സമയത്ത് അതിന്റെ കീഴ്കോണം (Angle of depression) അളക്കാൻ കല്പിച്ചു. ഈ കോൺ അളന്നുകൊണ്ട് ഭൂമിയുടെ വിതാനം അദ്ദേഹം തിട്ടപ്പെടുത്തുകയുണ്ടായി. അൽബിറൂണി 'ഖാനൂൻ അൽ മസൂദി' എന്ന പുസ്തകത്തിൽ ഈ രീതി ഉപയോഗിച്ചുകൊണ്ട് ഇന്ത്യയിലെ ഝലം (ഇപ്പോൾ പാക്കിസ്താനിൽ) ജില്ലയിലെ ഒരു മലമുകളിൽ നിന്നും കീഴ് കോൺ അളന്ന് ഭൂവിതാനം കണ്ടെത്തിയ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്.

അൽമാമൂന്റെ മരണത്തിനുശേഷം ബനുമൂസ സഹോദരന്മാർ ഒബ്സർവേറ്ററിയിൽ നിന്നും നിരവധി നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. സിൻജാൻ, കൂഫ എന്നീ സ്ഥലങ്ങൾ തമ്മിലുള്ള അകലം അളക്കാൻ ഇവരെയാണ് നിയോഗിച്ചത്. അൽമാമൂന് ശേഷം ഹി: 259ൽ മറിയ്യ മുഹമ്മദ് എന്ന മറ്റൊരു ജ്യോതിശാസ്ത്രജ്ഞൻ പ്രഗത്ഭനായ ഒരു ഗോളശാസ്ത്രപണ്ഡിതനായിരുന്നു. ഇവരുടെയെല്ലാം

***(ശേഷം 42-ൽ)***

## കുറിപ്പുകൾ

**മുസാഫിർ**

# പാഠപുസ്തകവിവാദം

ഇടതുപക്ഷ സർക്കാറിന്റെ വിദ്യാഭ്യാസവകുപ്പ് പുറത്തിറക്കിയ 7-ാം ക്ലാസിലെ പാഠപുസ്തകം കേരളത്തിൽ വിവാദകൊടുങ്കാറ്റുയർത്തിയിരിക്കുകയാണ്. എൻ.സി.എഫ് (നാഷനൽ കരിക്കുലം ഫ്രെയിം വർക്ക്)ന്റെ പുതിയ വിദ്യാഭ്യാസ ദർശനങ്ങളുടേയും നയങ്ങളുടേയും അടിസ്ഥാനത്തിൽ കെ.എഫ്.സി. (കേരള കരിക്കുലം ഫ്രെയിം വർക്ക്) തയ്യാറാക്കിയതാണ് പുസ്തകം. മതവിരുദ്ധതയും നിരീശ്വരത്വവും പുസ്തകത്തിലൂടെ കുട്ടികളെ അടിച്ചേൽപ്പിക്കുന്നു എന്ന ആരോപണമുയർത്തി പ്രതിപക്ഷ രാഷ്ട്രീയകക്ഷികളും ചില മുസ്ലിം, ക്രൈസ്തവ, ഹിന്ദുമതസംഘടനകളുമാണ് സമരരംഗത്തുള്ളത്. സമരം സം ഘർഷഭരിതമാണ്. അതിൽ ഒരു മുസ്ലിം വിദ്യാർത്ഥി സംഘടന പ്രതിഷേധവീര്യം അറിയിക്കാൻ പാഠപുസ്തക കെട്ടുകൾ പിടിച്ചെടുത്ത് അഗ്നിക്കിരയാക്കുകയുണ്ടായി. ഒരു ജനാധിപത്യക്രമത്തിൽ വിയോജിപ്പുകൾ പ്രകടിപ്പിക്കുന്ന ജുഗുപ്സാവഹമായ ഇത്തരം രീതികളിൽ നാം ലജ്ജിക്കുക. വിയോജിപ്പുകൾ സംഹാരാത്മകമായ സമരമാർഗ്ഗങ്ങളിലൂടെ പ്രകടിപ്പിക്കാൻ അനുശീലനം ചെയ്യപ്പെട്ട വിപ്ലവകാരികളാണ് ഭരണത്തിലിരിക്കുന്നത്. അതുകൊണ്ട് അവർക്ക് മനസ്സിലാക്കാൻ വേണ്ടി കൂടിയായിരിക്കാം പ്രതിഷേധക്കാരുടെ ഈ ചോര, തീക്കളി എന്ന് അനുമാ നിക്കേണ്ടിയിരിക്കുന്നു. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ സംഘർഷരഹിതമായും സൗമ്യമായും വിയോജിപ്പും ഭിന്നതയും പരിഹരിക്കലാണ് ജനാധിപത്യത്തിൽ ഏറ്റവും അഭികാമ്യമായ മാർഗ്ഗം എന്ന് ഇവിടുത്തെ രാഷ്ട്രീയകക്ഷികൾ മറന്നുപോയിരിക്കുന്നു. നിയമനിർമ്മാണസഭ മുതൽ കോടതി വരെ ഔപചാരികവും അനൗപചാരികവുമായ നിരവധിസ്ഥാപനങ്ങളേയും വേദികളേയും നോക്കുകുത്തികളാക്കിക്കൊണ്ടാണ് അഹിതകരമായ മാർഗ്ഗങ്ങളിലൂടെ ഇവിടെ എല്ലാ സമരങ്ങളും ഹർത്താലുകളും അരങ്ങേറുന്നത്. വിയോജിപ്പുകൾ യുക്തിയുടേയും തത്ത്വങ്ങളുടേയും അടിസ്ഥാനത്തിൽ അവതരിപ്പിക്കാനോ അത് ഗ്രഹിക്കാനോ അറിയാത്ത ജനാധിപത്യ നിരക്ഷരതയാണ് നമ്മുടെ പൊതുസമൂഹത്തിന്റെ മുഖമുദ്ര. പേശീബലമുള്ളവർക്ക് ജയിക്കാൻ കഴിയുന്ന കാളപ്പോരിന്റെ അരങ്ങായി തീർന്നിരിക്കുന്നു നമ്മുടെ ജനാധിപത്യം.

വാസ്തവത്തിൽ പ്രതിഷേധക്കാർ ഈ ഭൂകമ്പങ്ങൾ സൃഷ്ടിക്കാൻ മാത്രം മതവിരുദ്ധതയും നിരീശ്വരത്വവും പ്രസ്തുത പാഠപുസ്തകത്തിലുണ്ടോ? ഇല്ലെന്നാണ് ഒരു സാധാരണക്കാരൻ എന്ന നിലക്ക് ഈ ലേഖകൻ വായിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. യഥാർത്ഥ പ്രശ്നങ്ങൾ അവതരിപ്പിക്കുന്ന ചില രംഗാവതരണങ്ങളിലും മുൻഗണനാക്രമങ്ങളിലും പാകപിഴകളുണ്ടായിട്ടുണ്ട് എന്നല്ലാതെ കരിക്കുലം നിർദ്ദേശങ്ങളോടു ഏറെക്കുറെ നീ തിപുലർത്തുന്ന രീതിയിലാണ് പാഠപുസ്തകം രചിക്കപ്പെട്ടിട്ടുള്ളത്. സമൂഹത്തിലെ യാഥാർത്ഥ്യങ്ങൾ പ്രമേയമാക്കി അന്വേഷണ ബുദ്ധിയും വിമർശനസമീപനവും യാഥാർത്ഥ്യബോധവും, കുട്ടികളിൽ വളർത്തിയെടുക്കലാണ് പാഠപുസ്തകത്തിന്റെ ഉദ്ദേശം എന്നത് പ്രകടമാണ്. പിന്നെ കാടുകയറുന്ന ദുർഭാവനകൾ സ്വന്തം ഭരണാധികാരികളെ പറ്റി വെച്ച് പുലർത്തുന്നത് ആരായാലും ഭൂഷണമല്ല.

'മണ്ണിനെ പൊന്നാക്കാൻ' എന്നു തുടങ്ങുന്ന ആദ്യത്തെ പാഠം തന്നെ മനോഹരമായിരിക്കുന്നു. അരിവിലയുടെ വർദ്ധന, ഭക്ഷ്യകാര്യത്തിൽ കേരളത്തിന്റെ പരാശ്രയത്വം, നെൽവയലുകളുടെ ദുരുപയോഗം എന്നീ വിഷയങ്ങളെ സം ബന്ധിച്ച് സാധാരണക്കാരായ ആളുകളുടെ പരാതികളും ആശങ്കകളും സംഭാഷണശകലങ്ങളിലൂടെ അവതരിപ്പിച്ച് വിദ്യാർത്ഥികളോട് ഈ ചർച്ചയിൽ പങ്ക് ചേരാൻ പ്രേരിപ്പിക്കുന്നതാണ് ഒന്നാം പാഠത്തിലെ ആദ്യഭാഗം.

ഏതൊരു ദേശത്തിന്റേയും ഭൂതകാലപാരമ്പര്യം പാലും തേനുമൊഴുകുന്ന സുവർണകാലമായിരുന്നു എന്ന വ്യാജഭൂതകാലമഹിമ പഠിപ്പിക്കലാണ് ഔദ്യോഗിക ദേശീയ ചരിത്രത്തിന്റെ എവിടെത്തേയും രീതി. അതിൽ നിന്നും വിഭിന്നമായി നമ്മുടെ നാട്ടിൽ പണ്ട് കാലത്ത് നിലനിന്നിരുന്ന ക്രൂരമായ ജന്മിത്വവാഴ്ചയും ജാതിചിന്തയും വളരെ ഹൃദയഹാരിയായ രൂപത്തിൽ

ഈ പാഠപുസ്തകത്തിൽ വരച്ചുകാട്ടിയിരിക്കുന്നു. കേരളത്തിലെ പ്രശസ്തമായ ജന്മിഗൃഹങ്ങളിലൊന്നായ നാഗലശ്ശേരി പഞ്ചായത്തിലെ കുടല്ലൂർ മനയുടെ വിവരണം പാഠപുസ്തകത്തിലുണ്ട്. 15 ഏക്കർ വിസ്തൃതിയുള്ളതാണ്. മനവളപ്പ്. പതിനാറുകെട്ടുകളും മാളികപുരകളും പത്തായപുരകളുമുള്ള മനക്ക് 2 ലക്ഷം പറ നെല്ലാണ് പാട്ടവരുമാനം. കെ. മാധവൻനായരുടെ 'പോക്കുവെയിൽ' എന്ന പുസ്തകത്തിൽ നിന്നെടുത്ത ഈ വിവരണത്തിൽ കേരളത്തിലെ ജന്മിത്തറവാടുകളുടെ ഗാംഭീര്യം തുറന്നുകാട്ടുന്നു.

അത്തരം മനകളിലെ ഊട്ടുപുരകളിൽ അന്തർജനങ്ങൾ സമൃദ്ധമായി ഊണ് കഴിച്ച് അവശിഷ്ടങ്ങൾ കിടക്കുന്ന എച്ചിലിലയിലാണ് താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീകൾ സദ്യാവേളയിൽ ആഹാരം കഴിച്ചിരുന്നത്. അത് മാറ്റാനോ കഴുകാനോ അവർക്ക് അനുവാദമില്ലായിരുന്നു. ദേവകീനിലയങ്കോട് എഴുതിയ 'യാത്രകാട്ടിലും നാട്ടിലും' എന്ന കൃതിയിൽ നിന്നും എടുത്ത ഒരു ഉദ്ധരണിയിലാണ് പഴയകേരളത്തിന്റെ ഈ വർണന. കേരളീയസമൂഹത്തിൽ ഒന്നോ രണ്ടോ തലമുറ മുമ്പ് നിലനിന്നിരുന്ന ഹൃദയഭേദമായ മനുഷ്യവേചനത്തിന്റെ ദാരുണരംഗങ്ങളുടെ കൊച്ചു കൊച്ചുവിവരങ്ങൾ ഈ പുസ്തകത്തിലുണ്ട്.

ചാതുർവർണ്യവും ജാതീയതയും ഭാരതീയസമൂഹത്തിന്റെ തിന്മയാണ്. പക്ഷേ കേരളത്തിൽ അയിത്താചരണം എന്ന പേരിൽ കൊടികുത്തി വാണ ജാതീയത സാർവ്വത്രികവും ഏറ്റവും ക്രൂരവും ഭീഭത്സവുമായിരുന്നു. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച കേരളത്തിലെ കഴിഞ്ഞ തലമുറയുടെ ഒരു ചിത്രം പുസ്തകം നൽകുന്നത് ഇപ്രകാരമാണ്.

*കീഴ്ജാതിക്കാർ തങ്ങളുടെ അടുത്ത് വരുന്നത് മേൽജാതിക്കാരെ അശുദ്ധമാക്കും എന്നായിരുന്നു വിശ്വാസം. ബ്രാഹ്മണരുടെ അടുത്തേക്ക് ചെല്ലാൻ പാടില്ല. പുലയരാവട്ടെ 'ഞാൻ' എന്ന് പറയരുത്. 'അടിയൻ' എന്ന് വേണം പറയാൻ... അവർ സംസാരിക്കുന്നത് പോലും വാ പൊത്തിക്കൊണ്ടുവേണം, ഭാഷയിൽ മാത്രമായിരുന്നില്ല ഇത്തരം നിയന്ത്രണങ്ങൾ. പുറംജാതിക്കാർക്ക് പൊതുവഴിയിലൂടെ സഞ്ചരിക്കാൻ പാടില്ല. അവരെ വേഗത്തിൽ തിരിച്ചറിയുന്നതിന് വേണ്ടി അരക്കുമേൽ വസ്ത്രം ധരിക്കാൻ അനുവവദിച്ചിരുന്നില്ല. ഇവർക്ക് ചെരിപ്പ്, കുട, ആഭരണങ്ങൾ എന്നിവയൊ ന്നും ധരിക്കാൻ അവകാശമില്ല. വിദ്യാഭ്യാസം നേടുന്നതിനോ സാമൂഹ്യമായ നേട്ടങ്ങൾ അനുഭവിക്കുന്നതിനോ ഇവരെ അനുവദിച്ചിരുന്നില്ല. സാമ്പത്തികമായി വൻചൂഷണത്തിന് ഇവർ വിധേയരായി. കീഴ്ജാതിക്കാർക്ക് മുടി നീട്ടിവളർത്തണമെങ്കിൽ നികുതി കൊടുക്കണം'*

സ്വതന്ത്രഭാരതത്തിൽ പോലും ജാതീയത അതിന്റെ ഏറ്റവും കിരാതമായ ദുർമുഖം കാട്ടുന്നു എന്നതിന്റെ നിരവധി തെളിവുകൾ നമുക്ക് ലഭ്യമാണ്. അത്തരം ഒരു സംഭവത്തിന്റെ പത്രകട്ടിംങ്ങ് ഈ പുസ്തകത്തിലുണ്ട്. അത് ഒരു ദലിതനെ പൊതുകിണറുകളിൽ നിന്ന് വെള്ളമെടുത്തതിന് ചുട്ടുകൊന്ന സംഭവമാണ്.

ഈ ജാതീയ ചിന്ത ക്രൈസ്തവസമൂഹത്തേയും ഗ്രസിച്ചിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ദലിത് ക്രിസ്ത്യാനികളെ സവർണരുടെ പള്ളിയിൽ പ്രവേശിപ്പിച്ചിരുന്നില്ല. ദലിദ് സവർണ്ണ ക്രിസ്ത്യാനികൾ തമ്മിൽ വിവാഹം അനുവദിച്ചിരുന്നില്ല. ഇത്തരം വിവേചനങ്ങൾക്കെതിരായി പ്രവർത്തിച്ച വ്യക്തിയാണ് പൊയ്കയിൽ യോഹാന്നൻ (ശ്രീ.കുമാര ഗുരു) അദ്ദേഹം രൂപം നൽകിയ സഭയാണ് 'പ്രത്യക്ഷാ രക്ഷാസഭ' - ഈ വിവരവും ഈ പുസ്തകത്തിലുണ്ട്.

കേരളത്തിലെ മുസ്‌ലിം സമൂഹത്തിലും പണ്ട് കാലങ്ങളിൽ ഇത്തരം വിവേചനങ്ങൾ നേരിയ തോതിലെങ്കിലും നിലനിന്നിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. മുസ്‌ലിം സമൂഹത്തിലെ മതപരമായ അന്ധവിശ്വാസങ്ങൾക്കെതിരേയും യാഥാസ്ഥിതികത്വത്തിനെതിരെയും പോരാടിയ വക്കം അബ്ദുൽ ഖാദർ മൗലവിയെ സംബന്ധി ച്ചും ഈ പുസ്തകത്തിൽ പരാമർശമുണ്ട്. വക്കം അബ്ദുൽ ഖാദിർ മൗലവി സുന്നികളെ എതിർത്ത് വഹാബി പ്രസ്ഥാനത്തിന് വേരോട്ടമുണ്ടാക്കിയ ആളാണ് എന്നതിന്റെ പേരിൽ അദ്ദേഹത്തെ പറ്റിയുള്ള പരാമർശം പാഠപുസ്തകത്തിൽ നിന്നും നീക്കാൻ കാന്തപുരം എ.പി. സുന്നികൾ പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്.

കുടിയാന്മാരായ കർഷകത്തൊഴിലാളികളുടെ അതിദയനീയമായ അവസ്ഥയും പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു. പാവപ്പെട്ടവർക്ക് വേണ്ടി താൻ വിശ്വസിച്ച മാർഗ്ഗത്തിലൂടെ വളരെയേറെ സേവനങ്ങളർപ്പിച്ച മനുഷ്യസ്നേഹിയായ എ.കെ.ജി.യുടെ ആത്മകഥയിൽ നി ന്നെടുത്ത ആ വിവരണം ഇങ്ങിനെ.

*'.... രാവിലെ ജന്മിയുടെ വീട്ടിൽ നിന്നും കിട്ടുന്ന കഞ്ഞിവെള്ളത്തിൽ തലേദിവസത്തെ അത്താഴത്തിന്റെ ബാക്കി ചോറു സൂക്ഷിച്ചിരിക്കുന്നത് കൂട്ടിയിട്ട് എല്ലാവരും കൂടി കഴിക്കും. ഉപ്പും മുളകുമാണ് കറി. ഇടക്കിടക്ക് വളരെ കരുതലോടെ മുളകിലൊന്ന് കടിക്കും. അയാൾ അന്തിവരെ പണിയെടുക്കും. ഉച്ചക്ക് പച്ചവെള്ളമാണ് ആഹാരം. പകലത്തെ പണികൊണ്ട്* തളർന്നാണ് സന്ധ്യക്കയാൾ വീട്ടിലെത്തുക (എന്റെ ജീവിത കഥ).

ഈ ചിത്രീകരണം കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിന്റെ വർഗ്ഗസമരസിദ്ധാന്തത്തിന് ചേർന്ന ഒരു ഭൂമിക

കുട്ടികളുടെ മനസ്സിൽ സൃഷ്ടിക്കും എന്ന വിമർശന മാണ് ഉന്നയിക്കപ്പെടുന്നത്. ഈ വിമർശനം കണക്കി ലെടുത്താൻ തന്നെ അത് പഠിതാവിന്റെയും പഠിപ്പിക്കു ന്നയാളിന്റെ യും മനോധർമ്മമനുസരിച്ചായിരിക്കും എന്ന് ഉത്തരം നൽകാവുന്നതാണ്. പക്ഷേ പ്രധാനമായ ഒരു കാര്യം കഴിഞ്ഞ തലമുറയെ ഗ്രസിച്ച ജന്മിത്വത്തിന്റേയും ജാതിയതയുടേയും ഈ കൊടിയ തിന്മകൾ അതേ സമൂ ഹകാണ്ഡത്തിൽ നിന്നും കിളിർത്തുവരുന്ന പുതിയ തല മുറ അറിയേണ്ടതല്ലേ? ജന്മിത്വത്തിന്റേയും ജാതീയത യുടെയും രഥചക്രങ്ങൾക്കടിയിൽപ്പെട്ട് അധഃസ്ഥിതിത രുടെ നിരവധി തലമുറയുടെ രക്തവും കണ്ണീരും വലിയ തോതിൽ ഈ മണ്ണിൽ അലിഞ്ഞുചേർന്നിട്ടുണ്ട്. ഈ ച രിത്ര യാഥാർത്ഥ്യം പുതിയ തലമുറയിൽ നിന്നും മറ ച്ചുവക്കാൻ ചരിത്രകാരന്മാർക്ക് അവകാശമുണ്ടോ? കഴിഞ്ഞ തലമുറയുടെ ഈ തിന്മകളുടെ ജനിതകഅംശ ങ്ങൾ നമ്മിലുണ്ടെങ്കിൽ മാനവീയതയുടെ ദർശനങ്ങൾ കൊണ്ട് നാം അത് മാറ്റിയെടുക്കേണ്ടതുണ്ട്. അത് കമ്യൂ ണിസ്റ്റു സിദ്ധാന്തപ്രചരണം (Indoctrinisation) ആണെ ന്ന് പറഞ്ഞ് വിമർശിക്കുന്നത് ശരിയല്ല. മറ്റൊരു കാര്യം കൂടി നാം ഓർക്കേണ്ടതുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആദർശമായി അംഗീകരിച്ച തത്വമാണ് സോഷ്യലിസം. സ്ഥിതിസമത്വത്തിന് വേണ്ടി വാദിക്കുന്ന സോഷ്യലി സവും കമ്മ്യൂണിസവും തമ്മിൽ ദാർശനിക കാര്യങ്ങ ളിൽ നിരീശ്വരത്വത്തിന്റെ അന്തരം മാത്രമേ ഉള്ളൂ. ലക്ഷ്യം ഒന്നാണ്. സാമൂഹ്യസമത്വത്തിന് വീറോടെ വാദി ക്കുകയും രക്തമൊഴുക്കുകയും ചെയ്ത കമ്യൂണി സവും സോഷ്യലിസവും മനുഷ്യന്റെ സാമൂഹിക ജീവി തയാഥാർത്ഥ്യങ്ങളുമായുള്ള അഭിമുഖീകരണത്തിൽ പ്പെട്ട് സ്വയം മാറുകയാണുണ്ടായത്. ഈ അനുഭവപാ ഠങ്ങളിൽ നിന്നും അവർ പാഠം പഠിച്ചില്ലെങ്കിൽ ഇനിയ ത്തെ അവരുടെ സ്ഥാനം ചരിത്രത്തിന്റെ ചവറ്റുകൊട്ട യാണെന്ന കാര്യം അവർക്കും നമുക്കുമറിയാം.

ഏഴാം ക്ലാസിലെ സാമൂഹികപാഠത്തിന്റെ ഏറ്റവും വിമർശനവിധേയമായ പാഠഭാഗമാണ് *'മതമില്ലാത്ത ജീവൻ'* എന്ന അദ്ധ്യായം. അൻവർ റഷീദും ലക്ഷ്മീ ദേവിയും മിശ്ര വിവാഹിതരായ ദമ്പതിമാരാണ്. അവ രുടെ മകനാണ് 'ജീവൻ' ജീവനേയും കൊണ്ട് സ്കൂ ളിൽ ചേർക്കാനെത്തിയ ദമ്പതിമാരോടു ഹെഡ്മാസ്റ്റർ ചില ചോദ്യങ്ങൾ ചോദിക്കുകയും ദമ്പതിമാർ ഉത്തരം പറയുകയും ചെയ്യുന്നതാണ് പാഠത്തിലെ ചിത്രീകരണം.

*'കുട്ടിയുടെ മതം ഏതാ ചേർക്കേണ്ടത്?*

*ഒന്നും ചേർക്കേണ്ട. മതമില്ലെന്ന് ചേർത്തോളൂ.*

*ജാതിയോ?*

*'അതും വേണ്ട'*

*'വലുതാവുമ്പോൾ ഇവന് എന്തെങ്കിലും മതം വേണമെന്ന് തോന്നിയാലോ?'*

*'അങ്ങനെ വേണമെന്ന് തോന്നുമ്പോൾ അവന് ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കട്ടെ.'*

കുട്ടികളുടെ മതം മാതാപിതാക്കന്മാരുടെ മതമാ ണെന്ന സാർവ്വത്രിക തത്വമനുസരിച്ച് അൻവർ റഷീദ് ലക്ഷ്മീദേവീ ദമ്പതികൾ മതരഹിതരായി ജീവിക്കുന്ന വരാണ്. അവർക്ക് അവരുടെ കുട്ടിയെ മതമില്ലാതെ വളർത്താനാണ് ആഗ്രഹിക്കുന്നതെങ്കിൽ തീർച്ചയായും ആ പൗരാവകാശം അവർക്ക് അനുവദിച്ചുകൊടുക്കേ ണ്ടതാണ്. മാത്രമല്ല വിശാലമായ ഒരു ജനാധിപത്യ ആശയം എന്ന നിലക്ക് 'വലുതാമ്പോൾ കുട്ടിക്ക് ഏതെ ങ്കിലും മതം വേണമെന്ന് തോന്നുമ്പോൾ അവന് ഇഷ്ട മുള്ള മതം തിരഞ്ഞെടുക്കട്ടെ' എന്ന അൻവർ റഷീദ് ലക്ഷ്മീദേവീ ദമ്പതികളുടെ അഭിപ്രായം ഏറ്റവും അഭി നന്ദനീയമാണ്. അവരുടെ മതമായ നിരീശ്വരത്വമതം കുട്ടിയിൽ അടിച്ചേൽപ്പിക്കാൻ അവർ ശ്രമിക്കുന്നില്ല എന്നത് തീർച്ചയായും വിശാലമായ ഒരു കാഴ്ചപ്പാടാണ്.

എങ്കിലും ഈ പാഠഭാഗം മറ്റൊരു വീക്ഷണകോ ണിൽ നോക്കുമ്പോൾ മാതൃകാപരവും സാർവ്വത്രിക വുമായ ഒരു ജീവിതസന്ദർഭത്തെ പ്രതിനിധാനം ചെയ്യു ന്നില്ല എന്നാ ണ് ഈ ലേഖകന്റെ അഭിപ്രായം. 'മതവി ശ്വാസം ഒരാൾ ചിന്തിച്ചു തീരുമാനിക്കേണ്ട വിഷയമാ ണ്' എന്ന മൂല്യത്തെ ഉദാഹരിക്കാൻ വേണ്ടി ഈ പാഠം തയ്യാറാക്കിയവർ ചിത്രീകരിച്ച നാടകീയ ജീവിതസന്ദർ ഭം മാതൃകാപരമല്ല. മിശ്രവിവാഹിതർക്ക് മാത്രമേ ഇത്ത രമൊരഭിപ്രായം പറയാൻ സാധ്യമാവൂ എന്ന ധ്വനിയും സന്ദേശവുമാണ് ഈ പാഠം. മാത്രമല്ല പാരമ്പര്യമതവി ശ്വാസികൾക്ക് നടപ്പാക്കാൻ കഴിയാത്തതാണ് ഇത്തരം മൂല്യങ്ങൾ, എന്ന നിഷേധാത്മക കാഴ്ചപ്പാട് ഈ പാഠം നൽകുന്നില്ലേ? ആദർശങ്ങൾ വാസ്തവത്തിൽ മിശ്രവി വാഹം വ്യക്തികളെ സംബന്ധിച്ചിടത്തോളം സമൂഹവു മായി പോരടിച്ചു വിജയം നേടേണ്ടുന്ന ഒരു അനാവ ശ്യഭാരംകൂടി ഉണ്ടാക്കുകയാണ് ചെയ്യുന്നത്. മാതാപി താക്കന്മാർ നിശ്ചയിച്ചുറപ്പിക്കുന്ന വിവാഹത്തിൽ നി ന്നും ഭിന്നമായ ഒരു സമ്പ്രദായമായാണ് മിശ്രവിവാഹം പൊതുവേ കാണപ്പെടുന്നത്. മിശ്രവിവാഹത്തിൽ പാര മ്പര്യസമൂഹത്തിൽ നിന്നും ദമ്പതികളുടെ ബന്ധവിഛേ ദനം സ്വാഭാവികമായും സംഭവിക്കുന്നു. അങ്ങനെ വരു മ്പോൾ മിശ്രവിവാഹത്തിലേക്ക് നയിക്കുന്ന ഏറ്റവും വലിയ സംയോജകഘടകം പ്രണയമാണ്. അതാകട്ടെ യുക്തിശൂന്യമായ കേവല വികാരം മാത്രമാണ്. ഇങ്ങ നെ കൗമാരത്തിലോ യുവത്വത്തിലോ ഒരു യുവതി പ്രണയത്തിലൂടെ കണ്ടെത്തുന്ന കാമുകനോ അതല്ല മാതാപിതാക്കന്മാർ അവൾ ക്ക് വേണ്ടി കണ്ടെത്തുന്ന പ്രതിശുത വരനോ ആരുമാ യുള്ള വിവാഹ

മാണ് വിജയത്തിലെത്താൻ സാധ്യത എന്ന് ചിന്തിച്ച് ഉത്തരം കണ്ടെത്താൻ വലിയ വിവരമൊന്നും വേണ്ട തില്ല. ഇനി മിശ്രവിവാഹത്തിലുടെയാണ് ഇത്തരം സെക്കുലർ ആശയങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കാൻ കഴിയുക എന്നതാണ് ഇപ്പോൾ ഭരിക്കുന്ന കക്ഷിയുടെ ഉറച്ച അഭിപ്രായമെങ്കിൽ അത്തരം മിശ്രവിവാഹകാം മ്പയിനുകൾ പാർട്ടിക്ക് സംഘടിപ്പിക്കാവുന്നതാണ്. പാഠ പുസ്തകത്തിലൂടെ എതിരാളികളുടെ കുട്ടികൾക്ക് കൂടി ഈ ആശയം പഠിപ്പിക്കുന്നതിന് പകരം കമ്മ്യൂണിസ്റ്റ് പാർട്ടി അണികളിൽ മിശ്രവിവാഹമേളകൾ സംഘടി പ്പിച്ച് മാതൃക കാട്ടാമായിരുന്നില്ലേ? അങ്ങനെ ചെയ്താൽ കലാനാഥന്റെ യുക്തിവാദിസംഘം പോലെ പാർട്ടി മെലിഞ്ഞു ശോഷിച്ചു പോകുമെന്ന് അവർക്കറിയാം. പാർട്ടിക്കുള്ളിൽ ചെയ്യാൻ ഭയപ്പെടുന്ന ഒരു കാര്യം പൊതുസമൂഹത്തിൽ കുട്ടികളുടെ മുമ്പിൽ അവതരി പ്പിക്കുന്നത് ശരിയാണോ?

മിശ്രവിവാഹവുമായി ബന്ധപ്പെട്ട് വിശുദ്ധ ഖുർ ആന്റെ ഒരു വിശാലമായ കാഴ്ചപ്പാട് ഇവിടെ പരാമർശി ക്കേണ്ടിയിരിക്കുന്നു. നിർബന്ധ സാഹചര്യത്തിൽ പരി ശുദ്ധ ജീവിതം നയിക്കണമെന്ന ഉദ്ദേശത്തോടെ അന്യ മതസ്ഥ(വേദക്കാർ)രിൽ നിന്നും വിവാഹം കഴിക്കുന്ന തിനെ ഇസ്ലാം അംഗീകരിക്കുന്നു. ഏതായാലും 'മത മില്ലാത്ത ജീവൻ' എന്ന പാഠത്തിലെ ആദർശം നല്ലതാണ് പക്ഷേ അവതരിപ്പിച്ച പശ്ചാത്തലം യുക്തിസഹമോ പ്രാ യോഗികമോ അല്ലാത്തതാണ് എന്ന് ചുരുക്കം.

'മതത്തിൽ യാതൊരു ബലാൽ ക്കാരവും ആവ ശ്യമില്ല', 'നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം' എന്നീ മഹത്തായ ആദർശങ്ങൾ പതിനാല് നൂറ്റാ ണ്ടുകൾക്ക് മുമ്പേ പറഞ്ഞ വിശുദ്ധ ഖുർആൻ എന്ന ഒരു മതഗ്രന്ഥമാണെന്ന കാര്യമെങ്കിലും പാഠപുസ്ത കരചയിതാക്കൾ ഓർക്കണമായരുന്നു.

മറ്റൊരു സുപ്രധാനമായ കാ ര്യം കൂടി സൂചിപ്പി ക്കാനാഗ്രഹിക്കുന്നു. ഏതാനും വർഷങ്ങൾക്ക് മുമ്പ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദി (അ) നെ മതപരിഷ്ക്കർത്താവായി പത്താം ക്ലാസിലെ സാമൂഹികപാഠത്തിൽ പാഠപുസ്തക നിർമാതാക്കൾ അവതരിപ്പിച്ചിരുന്നു. അന്ന് മുസ്ലിം ലീഗിന്റെ നേതാ ക്കന്മാർ തെരുവിൽ ഹാലിളകി. ഉറഞ്ഞുതുള്ളിയപ്പോൾ കോൺഗ്രസ്സ് സർക്കാർ ആ പാഠഭാഗം പിൻവലിക്കുക യാണുണ്ടായി. ഇങ്ങിനെ തെരുവിൽ അഴിഞ്ഞാടുന്ന വരുടെ അലർച്ചക്കനുസരിച്ച് പാഠപുസ്തകം തയ്യാറാ ക്കിയാൽ അത് അഴിഞ്ഞാട്ടക്കാരെ ഉല്പാദിപ്പിക്കുന്ന വിദ്യാഭ്യാസ പദ്ധതിയായി അധഃപതിക്കുകയേ ഉള്ളൂ. അക്കാദമിക്ക് രംഗം നിർദ്ദിഷ്ഠ മൂല്യങ്ങൾ ക്കനുസൃത മായി അക്കാദമിക് പണ്ഡിതന്മാർ തന്നെ കൈകാര്യം ചെയ്യട്ടെ. പരാതികളുണ്ടെങ്കിൽ പക്വമതികളായ വിദഗ്ദ്ധ ന്മാർ അത് പരിശോധിച്ചു തിരുത്തട്ടെ.

●


*(21-ൽ നിന്ന് തുടർച്ച)*

മായിരിക്കുമെന്നു എനിയ്ക്ക് തോന്നുന്നില്ല. ഒരു പ്രത്യേക തത്വം ഒരു പ്രത്യേകമതത്തിന്റെ മാത്രം സിദ്ധാന്തമായിരിക്കുകയും മറ്റു ചിലർ അതിനെ കടമെടുത്തു സ്വന്ത മാക്കി അവതരിപ്പിക്കുകയുമാവാം. ഇത്തരം സന്ദർഭങ്ങളിൽ വാഗ്ദത്ത മസീഹ് (അ) എപ്പോഴും പ്രാവർത്തി കമാക്കിപ്പോന്ന ഒരു തത്വം മേൽപ റഞ്ഞ വിഷമങ്ങൾ ഇല്ലാതാക്കാൻ പ്രയോജനപ്പെടും. അതിതാണ്: ഓരോ മതത്തിന്റെയും അഭിഭാഷ കൻ, അതാതുമതത്തിന്റെ പ്രമാണ ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധാരണങ്ങൾ എടുത്തുകാണിച്ചുകൊണ്ടു വേണം തങ്ങൾ അവയിൽ ആരോപിക്കുന്ന കാര്യങ്ങൾ വിവരിച്ചുകാട്ടുകയെന്ന താണത്; പ്രസ്തുത മതത്തിന്റെ അടിസ്ഥാനപ്രമാണമായ വേദഗ്ര ന്ഥം, അല്ലെങ്കിൽ, വെളിപാടു സിദ്ധിച്ച ആൾ നൽകിയ വിശദീക രണങ്ങളായ അസ്സൽ വചനങ്ങൾ എന്നിവ തന്നെ ഉദ്ധരിച്ചുകാട്ടേണ്ട താണ് എന്നർത്ഥം.

എല്ലാതരം കുഴപ്പങ്ങളെയും തെറ്റിദ്ധാരണകളെയും ഇതു അക റ്റുകയും ഏതു മതമാണ് കുറ്റമറ്റതെ ന്നും, ഏതുമതമാണ് മറ്റു മതങ്ങൾ കടംവാങ്ങിയതെന്നും തെളിയിച്ചു കാട്ടുകയും ചെയ്യും. ഈ സമ്മേള നത്തിന്റെ സംഘാടകർ ഈ ഉപാധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ (ഭാവി യിൽ നടത്തപ്പെടുന്ന ഇത്തരം സമ്മേളനങ്ങളിൽ വിവിധമതങ്ങ ളുടെ ഗുണവശങ്ങൾ വ്യക്തമായി വേർതിരിച്ചറിയാൻ സഹായിക്കുന്ന തിനു ഇക്കാര്യം അവഗണിക്കപ്പെടു കയില്ലെന്ന് എനിയ്ക്കുറപ്പുണ്ടെങ്കി ലും മറ്റു മതപ്രതിനിധികൾക്ക് ഇതു മനസ്സിൽ വെക്കാൻ സാധിച്ചില്ലെന്നു വരാം. എന്നാൽ ഞാൻ ഈ തത്വം പാലിക്കുക തന്നെ ചെയ്യും. അതി നാൽ, ഞാൻ ഇസ്ലാമിന്റെയും അഹ്മദിയ്യത്തിന്റെയും പേരിൽ എന്തു പറയുന്നതും ഇസ്ലാം മത തത്വങ്ങൾ മാത്രമായിരിക്കുന്നതാണ്. മറ്റു സ്രോതസ്സുകളിൽ നിന്നു സ്വീക രിച്ചവയായിരിക്കില്ല. ഞാൻ പ്രസ്താ വിക്കുന്ന ഓരോ കാര്യവും ഇസ് ലാമി ന്റെ പ്രമാണഗ്രന്ഥങ്ങളിൽനി ന്നുള്ള സൂചകവാക്യങ്ങളോടുകൂടി യതായിരിക്കും. സമയവും സ്ഥല വും പരിഗണിച്ചു അത്തരം ഉദ്ധൃ തങ്ങൾ ഉപേക്ഷിക്കേണ്ടിവരുന്നു. എങ്കിൽ ശ്രോതാക്കളിൽ ആർക്കും തന്നെ ഇസ്ലാമിന്റെ സിദ്ധാന്തമായി ഞാൻ പറഞ്ഞ കാര്യം ഏതു പ്രമാ ണഗ്രന്ഥത്തിലെ ഏതു വാക്യത്തെ അടിസ്ഥാനമാക്കിയുള്ളതാണെന്നു വ്യക്തമാക്കാൻ എന്നോടാവശ്യപ്പെ ടാൻ അവകാശമുണ്ടായിരിക്കും.

●

## അനുസ്മരണം



### എം. ഇബ്റാഹീം കുട്ടിസാഹിബ്

പഴയങ്ങാടി: ചരിത്രപ്രസിദ്ധമായ മാടായിപ്പള്ളിയുടെ മുതവല്ലിസ്ഥാനികളിൽ ഒരാളായിരിക്കേ അഹ്മദിയ്യത്ത് സ്വീകരിച്ച മർഹൂം കക്കാടൻ ഇടുക്കിലകത്ത് ഹസ്സൻ സാഹിബിന്റെ മകനും, പഴയങ്ങാടി ജമാഅത്തിന്റെ മുൻനായിബ് അമീറുമായിരുന്ന ജനാബ് എം. ഇബ്റാഹീം കുട്ടി സാഹിബ് (75) 2008 മെയ് 25 ന് ചരമം പ്രാപിച്ചു. ഇന്നാലില്ലാഹി..... ഒന്നിലധികംതവണ മജ്‌ലിസ്ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഖായിദ്സ്ഥാനം അലങ്കരിച്ച ഇബ്റാഹീം കുട്ടി സാഹിബ് യൗവനകാലം മുതലേ നാനാരംഗത്തും കർമ്മനിരതനായ ഒരു അഹ്മദീയപ്രവർത്തകനായിരുന്നു. ഹദ്റത്ത് മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച്ച്. എ. യുടെ പിതൃവ്യപുത്രി മയ്‌ലാഞ്ചിക്കീഴിൽ ഖദീജാ സാഹിബയായിരുന്നു പരേതന്റെ മാതാവ്.

കാർഷിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ഇബ്റാഹീം കുട്ടി സാഹിബിനെ കണ്ണൂരിലെ മാടായി പഞ്ചായത്ത് കർഷകശ്രീ അവാർഡ് നൽകി ആദരിക്കുകയുണ്ടായി. പാവങ്ങളെ സഹായിക്കുന്നതിൽ പ്രത്യേകം താല്പര്യം കാണിച്ച പൊതു സാമൂഹ്യ പ്രവർത്തകനുമായിരുന്നു അദ്ദേഹം. വസിയ്യത്ത് പദ്ധതിയിൽ അംഗമാകാനും ഖാദിയാൻ സന്ദർശിക്കാനും അദ്ദേഹത്തിനു ഭാഗ്യം ലഭിച്ചു.

പഴയങ്ങാടിയിലെ പി.പി. മറിയം ബീബി സാഹിബയാണ് സഹധർമ്മിണി. വാഗ്ദത്തമസീഹിന്റെ പൗത്രൻ സാഹിബ്സാദാ മിർസാ വസീം അഹ്മദ് സാഹിബ് (റഹ്) ആയിരുന്നു അദ്ദേഹത്തിന്റെ വിവാഹത്തിന് കാർമ്മികത്വം വഹിച്ചിരുന്നത്.

മക്കൾ: വസീം അഹ്മദ്, നസീമ, റഹീമ, സലീം അഹ്മദ്, ശമീമ

മരുമക്കൾ: എസ്.വി. അബ്ദുൽ ജലീൽ സാഹിബ്, സി.എച്ച്. അബ്ദുൽ ഗഫൂർ സാഹിബ്, എസ്. വി. അബ്ദുൽ മുഅ്മിൻ സാഹിബ്, റൗഫാ സാഹിബ, ശമീനാ സാഹിബ

അല്ലാഹു പരേതാത്മാവിന് ജന്നത്തും മഗ്ഫിറത്തും നല്കുമാറാകട്ടെ ആമീൻ.

**പി. പി. റഹീമാ ഗഫൂർ** ●

---

*(37-ൽ നിന്ന് തുടർച്ച)*

ശാസ്ത്രീയ പ്രവർത്തനങ്ങൾ അൽ ബിറൂണി രേഖപ്പെടുത്തിയിട്ടുണ്ട്. ഇബ്നുയൂനുസിന്റെ ആറ് നിരീക്ഷണങ്ങളും അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ ചില ഗോള നിരീക്ഷണങ്ങൾ അൽബിറൂണി രേഖപ്പെടുത്തിയതിന്റെ ആവർത്തനം തന്നെയായിരുന്നു. നക്ഷത്രങ്ങളെ ആധാരമാക്കിയുള്ള വിവിധ സ്ഥലങ്ങളിലെ നിരീക്ഷണവും സൂര്യന്റെ ഉന്നതി കണക്കാക്കലും അവർക്കറിയാമായിരുന്നു. അതുപോലെ ഒരേ ചന്ദ്രഗ്രഹണം വിവിധ സ്ഥലങ്ങളിൽ നിന്നും നിരീക്ഷിച്ച് സ്ഥലങ്ങൾ തമ്മിലുള്ള അകലം നിർണ്ണയിക്കുകയും ചെയ്തു.

അബ്ബാസ് അൽ ഹാസിബ് (864-874) മാമൂന്റെ വളരെ പ്രതിഭാശാലിയായ ഒരു ഗോളവിജ്ഞാനിയായിരുന്നു. 10 വർഷം ആകാശ നിരീക്ഷണം നടത്തി അദ്ദേഹം മൂന്ന് ഖഗോള പട്ടിക തയ്യാറാക്കി. ക്രി. വ. 829-ലെ സൂര്യഗ്രഹണം നിരീക്ഷിച്ച അദ്ദേഹം സൂര്യന്റെ ഉന്നതിയെ ആധാരമാക്കി സമയം നിർണ്ണയിക്കുകയുണ്ടായി.

അൽഫർഗാനി അൽമാമൂൻ നിയമിച്ച മറ്റൊരു മഹാനായ ജ്യോതിശാസ്ത്രജ്ഞനായിരുന്നു. അദ്ദേഹത്തിന്റെ കിതാബു ഫീ ഹർക്കത്ത് അൽസമാവിയ്യ (ഗോളശാസ്ത്രത്തിന്റെ തത്ത്വങ്ങൾ) എന്ന പുസ്തകം യൂറോപ്യൻ അസ്ട്രോണമിയെ വമ്പിച്ച തോതിൽ സ്വാധീനിക്കുകയുണ്ടായി. 1493-ൽ അത് യൂറോപ്യൻ ഭാഷകളിലേക്ക് വിവർത്തനമുണ്ടായി.

അബു ഹനീഫ അൽ ദിൻവാരി (ക്രി.വ. 815-895) ഒരു ഗോളശാസ്ത്രപണ്ഡിതനും വൈദ്യനുമായിരുന്നു. ദിൻവാരിയിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹം എഴുതിയ പുസ്തകമാണ് 'കിതാബുൽ റസാദ്' ക്രി. വ. 849-850 വർഷത്തിൽ അദ്ദേഹം നടത്തിയ ഗോളശാസ്ത്ര നിരീക്ഷണങ്ങളാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. അദ്ദേഹത്തിന് സ്വന്തമായി തന്നെ ഒരു ഒബ്സർവേറ്ററിയും ഉണ്ടായിരുന്നു. (വിവ: എ.എം)

---

***അയനാന്തം (Solstices)** :- ഒരു വർഷത്തിൽ രണ്ട് തവണ സൂര്യൻ ഭൂമിയിൽ നിന്നും ഏറ്റവും അകലത്തായിരിക്കുന്ന അവസ്ഥ. സൂര്യൻ വടക്ക് അവർക്ക് ഉള്ളപ്പോൾ (ഉത്തരായനം) ഗ്രീഷ്മ അയനാന്തം എന്നു പറയുന്ന ഇത് ഉത്തരാർദ്ധഗോളത്തിലുള്ളവർക്ക് ജൂൺ 21നാണ്. സൂര്യൻ തെക്ക് അറ്റത്ത് ഉള്ളപ്പോൾ ഹേമന്ത അയനാന്തം (ദക്ഷിണായനം) എന്നു പറയുന്നു. ഇത് ദക്ഷിണാർദ്ധഗോളത്തിലുള്ളവർക്ക് ഡിസംബർ 22 ആണ്. (വിവ:)

****അസിമത്തുൽ ക്വാർഡൻന്റ്** (Azimythal Quardant) നാലുദിക്കുകളിൽ നിന്നും എത്ര ദൂരത്തിലാണ് നക്ഷത്രം സ്ഥിതിചെയ്യുന്നത് എന്ന് അളന്ന് തിട്ടപ്പെടുത്തുന്ന ഉപകരണം (വിവ:) ●